# പ്രസാധക കുറിപ്പ്

# മാറ്റം അനുപേക്ഷണീയം

## ഡോ. ലെജു പി. തോമസ്

**മാ**റ്റങ്ങൾ അനിവാര്യമാണ്. അത് സമൂഹത്തിലായാലും സഭയിലായാലും മറ്റ് ചലനാത്മകമായ ഏതു സമൂഹത്തിലായാലും പുരോഗമന പാതയിൽ സുപ്രധാനമായ ഒരു പടവാണ് എന്നത് നിസംശയമാണ്.

മാറ്റങ്ങൾ സംഭവിക്കുന്നത് പല രീതിയിലാവാം. മലങ്കരസഭയുടെ കാര്യത്തിൽ ഐതിഹാസികമായ 1653-ലെ കൂനൻകുരിശു സത്യം എന്ന സ്വാതന്ത്ര്യ പ്രഖ്യാപനം ഒരു ജനകീയ മുന്നേറ്റമായിരുന്നു. 1836-ലെ മാവേലിക്കര പടിയോല ജനപ്രതിനിധികളുടെ ധീരമായ തീരുമാനമായിരുന്നു. 1876-ൽ മലങ്കര അസോസിയേഷനും 1912-ൽ തദ്ദേശീയ കാതോലിക്കേറ്റും സ്ഥാപിച്ചത് കരുത്തുറ്റ നേതൃത്വത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള നടപടി ആയിരുന്നു. 1934-ൽ സഭാഭരണഘടനയ്ക്കു രൂപംകൊടുത്തത് ദീർഘമായ ചർച്ചകളിലൂടെയും സമവായത്തി ലൂടെയും ആയിരുന്നു.

കാലത്തിനനുസരിച്ച് ഭരണസംവിധാനം പുനഃക്രമീകരിച്ചില്ലെങ്കിൽ ഏതൊരു പ്രസ്ഥാനവും ജീർണ്ണിക്കും. വരട്ടുതത്വശാസ്ത്രങ്ങളിൽ ഒട്ടിപ്പിടിച്ചുകിടന്നാൽ വളർച്ചയ്ക്കു പകരം തളർച്ചയാണ് ഉണ്ടാവുക. വികസിക്കുന്ന ചക്രവാളങ്ങൾക്കനുസരിച്ച് ഭരണ സംവിധാനവും ഭരണഘടന പോലും പരിഷ്ക്കരിച്ചേ പറ്റൂ. ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നതിൽ പലരും വിമുഖരാണ്.

ഇന്ന് ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന മലങ്കരസഭയ്ക്ക് 1934-ൽ സഭാഭരണഘടന നടപ്പിലാക്കുമ്പോൾ നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലും മാത്രമായിരുന്നു പള്ളികൾ ഉണ്ടായിരുന്നത്. വികസനത്തിനനുസരിച്ച് ഭരണ സംവിധാനത്തിലും സഭാഭരണ ഘടനയിൽ പോലും കുറെയേറെ പരിഷ്ക്കാരങ്ങൾ ഉണ്ടായി. 1876-ൽ മെത്രാന്മാരൊഴികെ 24 അംഗങ്ങൾ മാത്രമുണ്ടായിരുന്ന അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിൽ ഇന്ന് അതേ സ്ഥാനത്ത് 153 അംഗങ്ങൾ ഉണ്ട്. മാറ്റം സഭാഭരണത്തിലും ഉണ്ടായിട്ടുണ്ടെന്നു സാരം.

എന്നാൽ സമീപ വർഷങ്ങളിൽ മലങ്കരസഭാ ഭരണരംഗത്ത് ആശാസ്യമല്ലാത്ത പല പ്രവണതകളും ഉടലെടുത്തു. ഇത് മുഖ്യമായും ഭരണഘടനയിലെ പല വകുപ്പുകളുടേയും ബലഹീനതയും നിയമ നിർമ്മാതാക്കൾക്ക് സ്വന്തം നിയമത്തേയും അധികാരത്തേയും കുറിച്ചുള്ള അജ്ഞതയും കൊണ്ടാണ് എന്ന് ഞങ്ങൾ കരുതുന്നു. സഭാഭരണഘടനയ്ക്കും ഭരണസംവിധാനത്തിനും പരിഷ്ക്കാരങ്ങൾ വേണമെന്നു ചിന്തിക്കുന്ന അനേകരുടെ കൂടെയാണ് ഞങ്ങളും. പക്ഷേ അത്തരം ചർച്ചകൾ ദിശാബോധത്തോടു കൂടിയതും യുക്തിഭദ്രവും നിയമമാധിഷ്ഠിതവും ആയിരിക്കണമെന്നാണ് ഞങ്ങളുടെ നിലപാട്. മലങ്കരസഭയുടെ നിയമ നിർമ്മാതാക്കൾക്ക് മാത്രമല്ല, ഏതു സഭാംഗത്തിനും മാറ്റങ്ങൾ നിർദ്ദേശിക്കാനുള്ള അവകാശമുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് മലങ്കരസഭാചരിത്രത്തിലും ഭരണസംവിധാനത്തിലും വിശദവും സൂക്ഷ്മവുമായ ഗവേഷണപഠനം നടത്തിയിട്ടുള്ള ഡോ. എം. കുര്യൻ തോമസ് തദ്വിഷയപരമായി രചിച്ചിട്ടുള്ള ലേഖനങ്ങൾ ഒരു ഗ്രന്ഥമായി പ്രസിദ്ധീകരിക്കാൻ ഞങ്ങൾ തീരുമാനിച്ചത്. ഈ വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകൾക്ക് ഒരു അടിസ്ഥാന രേഖ എന്ന നിലയിലാണ് ഞങ്ങൾ ഇതു പ്രസിദ്ധീകരിക്കുന്നത്. അതുകൊണ്ട് അവയെപ്പറ്റിയുള്ള വിവിധ കാഴ്ചപ്പാടുകളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

നി.വ.ദി.ശ്രീ. യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായുടെ പ്രൗഢഗംഭീരമായ അവതാരികയോടെ ആരംഭിക്കുന്ന *ഒരാൾക്ക് എത്ര മെത്രാൻ വേണം?* ഈ വിഷയത്തിലെ അവസാന വാക്കല്ല; ഒരു പഠനാരംഭം മാത്രമാണ്.

ഉളനാട്
15 മെയ് 2017

# വാങ്മുഖം

# നമുക്കു സംവദിക്കാം

## ഡോ. എം. കുര്യൻ തോമസ്

**സാ**ഹചര്യങ്ങളുടെ സമ്മർദ്ദമാണ് ഈ ലേഖകന്റെ മിക്ക രചനകളുടെയും പിന്നിലെ ചാലകശക്തി. പ്രതികരണം അനിവാര്യമാകുന്ന സംഭവങ്ങളും വിശദീകരണങ്ങൾ ആവശ്യപ്പെട്ടുള്ള നിർബന്ധവുമാണ് കാലികപ്രാധാന്യമുള്ള വിഷയങ്ങൾ ലേഖനരൂപത്തിലെത്തുന്നതിനു പിമ്പിൽ.

1934-ലാണ് മലങ്കരസഭാഭരണഘടന പാസാക്കി പ്രാബല്യത്തിൽ വരുത്തിയത്. അവയിൽ പല വകുപ്പുകളിലും കാലോചിതമായ ഭേദഗതികൾ വരുത്തി. ഇനിയും പലതും പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. 1934-നെക്കാൾ ലോകവും സഭയും വളർന്നതിനെ ഉൾക്കൊള്ളാൻ ഭരണഘടനയിൽ മാത്രമല്ല, ഭരണസംവിധാനത്തിലും മാറ്റമുണ്ടാകണം എന്നത് നിസംശയമാണ്. ലോകത്തിലെ ഏറ്റവും മികച്ചതും സമഗ്രവുമെന്നു കണക്കാക്കപ്പെടുന്ന ഇന്ത്യൻ ഭരണഘടനയിൽ ഇതഃപര്യന്തം അനേകം ഭേദഗതികൾ ഉണ്ടായി എന്ന വസ്തുത പരിഗണിക്കുമ്പോൾ, അതിനെക്കാൾ 16 വയസ്സു കൂടെ പ്രായമുള്ള മലങ്കരസഭാ ഭരണഘടനയിലെ ഭേദഗതികൾ അത്ഭുതാവഹമൊന്നുമല്ല.

ഭരണഘടനയും അതിന്റെ നടപ്പാക്കലും ചർച്ചയ്ക്ക് വിധേയമാകുന്നത് കാലാകാലങ്ങളിൽ ഉരുത്തിരിയുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ടാണ്. പക്ഷേ അപ്രകാരം വ്യാഖ്യാനിക്കേണ്ട സമിതികളും സ്ഥാനങ്ങളും നിലവാരത്തകർച്ചയ്ക്കു വിധേയമായി വെറും *ബഹളസേന* (Shouting Brigade) മാത്രമായി അധഃപതിച്ചപ്പോൾ അവിടെ ഉരുത്തിരിഞ്ഞത് ദുർവ്യാഖ്യാനങ്ങളും *ഗോഗോ വിളികളും* മാത്രമാണ്. ഇത്തരം സാഹചര്യങ്ങളിലാണ് ഈ സമാഹാരത്തിലെ മിക്ക ലേഖനങ്ങളും എഴുതപ്പെട്ടത്.

ലോകത്തിലെ ഇതര പുരാതനസഭകൾക്ക് അപരിചിതമായ സമഗ്രമായ ഒരു ജനാധിപത്യ അടിസ്ഥാനം മലങ്കരസഭയ്ക്കുണ്ട്. അതേസമയം ഇതൊരു എപ്പിസ്കോപ്പൽ സഭയുമാണ്. ഇവ രണ്ടിന്റെയും അതിർവരമ്പുകൾ അറിയാതെയാണ് ചിലർ ഇവയെ പരസ്പരം പോരടിക്കുന്ന നിലയിലേയ്ക്ക് സമീപകാലത്ത് എത്തിച്ചത്. അത്തരമൊരു സംഘർഷം

സൃഷ്ടിക്കാൻ മലങ്കരസഭയുടെ സ്വഭാവം, ഭരണക്രമം, ചരിത്രം ഇവയിലുള്ള അജ്ഞത വിദഗ്ദ്ധമായി ചൂഷണം ചെയ്തു എന്നു പറയുന്നതിൽ തെറ്റില്ല.

ഇതിനിടയിലും ഈ വിഷയത്തെപ്പറ്റി ഗൗരവതരവും ക്രിയാത്മകവുമായ ചർച്ചകൾ ചില കോണുകളിൽ നടക്കുന്നുണ്ടായിരുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ മുഖപത്രമായ *ബഥേൽ പത്രിക*യാണ് ഇക്കാര്യത്തിൽ മുൻകൈയെടുത്തത്. *മലങ്കര ഓർത്തഡോക്സ് ടി. വി., ജോർജിയൻ മിറർ* ഇവയും തങ്ങളുടേതായ പങ്ക് വഹിച്ചു. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ലീഗൽ കമ്മീഷനും ചില നിർദ്ദേശങ്ങൾ മുമ്പോട്ടു വെച്ചു.

യാദൃച്ഛികതകളാണ് പലപ്പോഴും ചരിത്രഗതി നിർണ്ണയിക്കുന്നത്. അത്തരമൊരു നിമിഷമാണ് ഈ സമാഹാരം പിറവിയെടുത്തത്. 2017-ലെ അസോസിയേഷൻ സെക്രട്ടറി തിരഞ്ഞെടുപ്പിനു ശേഷം നടന്ന ഒരു ചർച്ചയിലാണ് ഈ ലേഖകന്റെ ഭരണസംവിധാനത്തെക്കുറിച്ചുള്ള വർത്തമാനകാല ലേഖനങ്ങൾ ഗ്രന്ഥരൂപത്തിലാക്കി സംവദത്തിനു വിധേയമാക്കണമെന്ന അഭിപ്രായം ഉണ്ടായത്. *വിശ്വസ്നേഹദർശനം* ഈ കൃതിയുടെ പ്രസാധനം ഏറ്റെടുത്തു. വർഗീസ് ജോൺ തോട്ടപ്പുഴ അനുബന്ധ ലേഖനങ്ങൾ ശേഖരിച്ചുതന്നു. പി. തോമസ് പിറവം പ്രൂഫ് എഡിറ്ററായി. അങ്ങനെ ചുരുങ്ങിയ സമയംകൊണ്ട് *ഒരാൾക്ക് എത്ര മെത്രാൻ വേണം* നിങ്ങളുടെ കൈകളിൽ എത്തുന്നു.

ചുരുങ്ങിയ സമയംകൊണ്ട് ഈ സമാഹാരത്തിന് ഗഹനമായ ഒരു ആമുഖ പഠനം നടത്തിയ നി. വ. ദി. ശ്രീ. യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായുടെ സഹായം തികച്ചും ശ്ലാഘനീയമാണ്.

മലങ്കരസഭാഭരണത്തിനു കൂടുതൽ കാര്യക്ഷമത വേണം എന്നതിൽ രണ്ടു പക്ഷമില്ല. നിലവിലുള്ള എപ്പിസ്കോപ്പൽ-ജനാധിപത്യ ഭരണക്രമത്തിന്റെ സന്തുലനത്തിനു ഭംഗം വരാതെ അത് എങ്ങനെ സാധിക്കും എന്നതാണ് ഇവിടെ പരിഗണനാവിഷയം. സമിതികളുടെ നിലവാരമുയർത്തൽ, തിരഞ്ഞെടുപ്പുകളുടെ സുതാര്യത, ഭരണഘടനയുടെ സൂക്ഷ്മവും കൃത്യവുമായ വ്യാഖ്യാനം,.. ഇവയ്ക്കുള്ള മാർഗ്ഗങ്ങൾ ഇവയൊക്കെയാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. അനുബന്ധത്തിൽ പറയുന്ന നിർദ്ദേശങ്ങൾ എല്ലാം ഈ ലേഖകൻ അംഗീകരിക്കുന്നു എന്നർത്ഥമില്ല. അവ ഒരു ക്രിയാത്മക ചർച്ചയ്ക്കുള്ള അടിസ്ഥാനം എന്ന നിലയിൽ ചേർത്തവയാണ്.

അത്തരത്തിലുള്ള ക്രിയാത്മകചർച്ചകൾക്ക് ഈ ഗ്രന്ഥം വഴിവെച്ചാൽ ഞങ്ങളുടെ ഈ ഉദ്യമം സഫലമായി.

❑

## അവതാരിക

# ചർച്ചകൾ അനിവാര്യം

## യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്ത

**ഒ**രു വ്യക്തി ആയാലും സമൂഹമായാലും ഏറ്റവും പ്രധാനപ്പെട്ട വിഷയം സ്വത്വബോധമാണ്. സ്വാമി വിവേകാനന്ദൻ പറയുന്നത് 'ഒരാളുടെ ജീവിതത്തിൽ പ്രധാനപ്പെട്ട രണ്ട് ദിവസങ്ങളേ ഉള്ളു' എന്നാണ്: ഒന്നാമത് ജനിച്ച ദിവസം, രണ്ടാമത് സ്വയം അറിഞ്ഞ ദിവസം. ഇക്കാര്യത്തിൽ മലങ്കരയിലെ ഓർത്തഡോക്സ് സഭയ്ക്കും സഭാംഗങ്ങൾക്കും ചില്ലറ പ്രശ്നമുണ്ട്. കാലഗതിയും സാഹചര്യവും അനുസരിച്ച് ഒരാൾക്ക് തീർച്ചയായും മറ്റ് വ്യക്തികളുമായും, സമൂഹങ്ങളുമായും, സാഹചര്യങ്ങളുമായും ഇടപെടേണ്ടി വരികയും അവയുടെ സ്വാധീനം നേരിടേണ്ടി വരികയും ചെയ്യും. എന്നാൽ സ്വയം അറിയാത്ത ഒരാൾക്ക് ഏതെല്ലാം സ്വാധീനങ്ങളെ സ്വീകരിക്കാം ഏതെല്ലാം സ്വീകരിച്ചുകൂടാ എന്ന് നിർണ്ണയിക്കാൻ വിഷമം നേരിടും. ഈ അവസ്ഥയെ സ്വത്വപ്രതിസന്ധി എന്ന് വിളിക്കാം. ഇത് ഒഴിവാക്കാൻ നിരന്തരം സ്വത്വാന്വേഷകരും ഗവേഷകരുമായവർ ഉണ്ടാകേണ്ടതുണ്ട്. ഓരോ വ്യക്തിയും തന്റെ സ്വത്വത്തെ സംബന്ധിച്ചും തന്റെ സമൂഹത്തിന്റെ സ്വത്വത്തെ സംബന്ധിച്ചും അന്വേഷിച്ചുകൊണ്ടേ ഇരിക്കണം. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സംബന്ധിച്ച് ശ്രീ. കുര്യൻ തോമസ് മേലേടത്ത് അപ്രകാരമുള്ള ഒരു വ്യക്തിയാണ്. ഇക്കാര്യം അദ്ദേഹത്തിൽ നിന്നും ഉണ്ടായ രചനകൾ പരിശോധിച്ചാൽ മനസ്സിലാകും. ഈ ഗണത്തിൽപെടുന്ന "ഒരാൾക്ക് എത്ര മെത്രാൻ വേണം?" എന്ന് തലവാചകം നൽകപ്പെട്ട ലേഖനസമാഹാരമാണ് എനിക്ക് അനുവാചകർക്കു മുമ്പിൽ അവതരിപ്പിക്കാനുള്ളത്. വ്യത്യസ്ത സന്ദർഭങ്ങളിൽ എഴുതിയ പതിനാറ് ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത്.

ഒന്നാമത്തെ ലേഖനത്തിന്റെ തലക്കെട്ട് തന്നെയാണ് സമാഹാരത്തിന്റെ തലക്കെട്ടായി നൽകിയിരിക്കുന്നത്. ഓർത്തഡോക്സ് സുറിയാനി സഭയിൽ ഒരു മെത്രാന്റെ സ്ഥാനം റോമൻ സഭയിലേതിൽ നിന്നും തുലോം വ്യത്യസ്തമാണ്. ഈ സമൂഹത്തിന്റെ സ്വാധീനം ഉണ്ടായിട്ടും മലങ്കരസഭ മെത്രാന്മാരുടെ സംഖ്യയിൽ തികഞ്ഞ മിതത്വമാണ് സ്വീകരിച്ചത്. പിന്നീട് അന്ത്യോഖ്യാ പാത്രിയർക്കീസ് ഏഴ് ഭദ്രാസനങ്ങൾ

സൃഷ്ടിച്ചു എങ്കിലും കാലഗതിയിൽ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി സ്വീകരിച്ച നിലപാട് മൂന്ന് ഭദ്രാസനങ്ങൾക്ക് ഒരു മെത്രാൻ എന്നതായിരുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ കാര്യനിർവ്വഹണത്തിനു മെത്രാന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പകരം ഉള്ളവയെ ഉപഘടകങ്ങളായി തിരിച്ച് കോർഎപ്പിസ്ക്കോപ്പേറ്റുകൾ സൃഷ്ടിച്ചാൽ മതിയാകും എന്നാണ് ലേഖകന്റെ നിലപാട്. എണ്ണം കൂടി എന്നുവച്ച് ഗുണം കൂടണം എന്നില്ല, കുറയാനാണ് സാധ്യത എന്ന് അദ്ദേഹം വാദിക്കുന്നു.

2014-ൽ മലങ്കരസഭയിൽ ഗൗരവതരമായ ചർച്ചയ്ക്ക് കാരണമായ മെത്രാപ്പോലീത്താമാർക്ക് പൊതു സ്ഥലംമാറ്റം വേണം എന്ന താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് സഭാ മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തിന്റെ പശ്ചാത്തലത്തിലാണ് “വരുവീൻ നമുക്ക് ഉണ്ടുപിരിയാം” എന്ന ലേഖനം എഴുതപ്പെട്ടത്. മലങ്കരസഭാ ഭരണഘടന അടിസ്ഥാന നിയാമക തത്വമായി അംഗീകരിച്ചിട്ടുള്ള ഹൂദായകാനോന്റെ നിർദ്ദിഷ്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ മാത്രമെ സഭയിലെ ജനായത്തപരമായ അവകാശങ്ങളെ വിലയിരുത്താൻ കഴിയൂ എന്നദ്ദേഹം വാദിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ ഈ പ്രമേയത്തിന്റെ ആവശ്യം നിലനിൽക്കുന്നതല്ല എന്നാണദ്ദേഹം സ്ഥാപിക്കുന്നത്. അനിയന്ത്രിതമായ ജനാധിപത്യ അധികാരങ്ങൾ ഓർത്തഡോക്സിക്ക് ഗുണകരമാവില്ല എന്നാണ് ലേഖകന്റെ നിലപാട്.

“മെത്രാനെ സ്മാർത്തവിചാരം ചെയ്താൽ” മുൻ ലേഖനത്തിലെ ചിന്താവിഷയം തന്നെയാണ് തുടരുന്നത്; പ്രത്യേകിച്ച് ആ പ്രമേയത്തിന്റെ രണ്ടാംവട്ട ചർച്ചയുടെ പശ്ചാത്തലത്തിൽ. ആക്ഷേപഹാസ്യ രൂപത്തിലാണ് ഈ ലേഖനത്തിൽ തന്റെ വാദഗതികൾ അവതരിപ്പിക്കുന്നത്. മലങ്കരസഭയുടെ ഭരണഘടനയിലോ, ഹൂദായകാനോനിലോ ഈ വിഷയം ചർച്ച ചെയ്യാൻ മാനേജിംഗ് കമ്മിറ്റിക്ക് അധികാരം നൽകുന്ന യാതൊരു വകുപ്പും ഇല്ല എന്നിരിക്കെ, പിന്നെ നമ്പൂതിരി സ്ത്രീകളുടെ ചാരിത്ര്യലംഘനം തെളിയിക്കുന്നതിനുള്ള സ്മാർത്തവിചാരമാർഗ്ഗമേ അവശേഷിക്കുന്നുള്ളു എന്നാണ് നിർദ്ദേശം. ഇല്ലാത്ത അധികാരം പ്രയോഗിക്കാൻ കമ്മിറ്റി തുനിഞ്ഞതിലെ അനുചിതത്വത്തെയും, സഭയിലെ സമിതികൾ അടിസ്ഥാന മാന്യതയും അച്ചടക്കവും പാലിക്കേണ്ടതിന്റെ ആവശ്യകതയുമാണ് ലേഖകൻ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചിട്ടുള്ളത്.

ഭാരതം സ്വതന്ത്രമാകുന്നതിനും, സ്വന്തമായി ഒരു ഭരണഘടന ഉണ്ടാകുന്നതിനും മുമ്പ് സ്വതന്ത്ര സഭ എന്ന ആശയത്തോടൊപ്പം ജനാധിപത്യവും, എപ്പിസ്ക്കോപ്പസിയും സമന്വയിപ്പിച്ച് വ്യക്തമായ അടിസ്ഥാനങ്ങളെ ആധാരമാക്കിക്കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണ് മലങ്കര ഓർത്ത

ഡോക്സ് സഭയുടെ ഭരണഘടന എന്ന് "ഒരു പ്രമേയവും കുറെ മെത്രാന്മാരും" എന്ന ലേഖനം ഓർമ്മപ്പെടുത്തുന്നു. ഈ ഘടന ക്രോഡീകരിക്കപ്പെട്ടത് നിരന്തരമായ ചർച്ചകൾക്ക് ശേഷമാണ്. രണ്ട് ധാരകളാണ് ഇതിൽ പങ്കാളികളായത്, ഒന്നാമത് ജനാധിപത്യ ശ്രേണിയും മറ്റേത് എപ്പിസ്ക്കോപ്പൽ ശ്രേണിയും. രണ്ടും പക്ഷെ പരസ്പര ആദരവോടെയാണ് ഇടപെടുകയും ഒരു അവസാന നിലപാടിലേക്ക് എത്തുകയും ചെയ്തിട്ടുള്ളത്. ഈ ഒരു വിശാല വീക്ഷണബോധം പക്ഷെ മെത്രാപ്പോലീത്തമാരുടെ സ്ഥലംമാറ്റം എന്ന കാര്യം ചർച്ച ചെയ്യുന്നതിൽ ആ ഭരണഘടന രൂപംകൊടുത്ത മാനേജിംഗ് കമ്മിറ്റി പ്രകടിപ്പിച്ചില്ല എന്ന അഭിപ്രായമാണ് ലേഖകനുള്ളത്. ഇതര ഓർത്തഡോക്സ് സഭകളിൽ ഇല്ലാത്തതും, മലങ്കരസഭാ ഭരണഘടന അനുവദിക്കാത്തതുമായ ഒരു വിഷയം തങ്ങളുടെ അധികാരപരിധിക്ക് അപ്പുറത്താണ് എന്ന തിരിച്ചറിവ് കമ്മിറ്റിക്ക് ഉണ്ടാകേണ്ടിയിരുന്നു. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെടുകയും, വാഴിക്കപ്പെടുകയും, നിയമിക്കപ്പെടുകയും സുന്ത്രോണിസോ മൂലം അധികാരസ്ഥാനം സ്വീകരിക്കുകയും ചെയ്ത ഒരു മെത്രാപ്പോലീത്തായെ സ്ഥലംമാറ്റാൻ വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നീ കാര്യങ്ങളിൽ ചുമതലപ്പെട്ട സുന്നഹദോസിന് മാത്രമെ സാധിക്കൂ എന്നിരിക്കെ ആ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടു മാത്രമേ ഓർത്തഡോക്സ് സഭയുടെ സമിതികൾക്ക് പ്രവർത്തിക്കാൻ കഴിയൂ എന്ന് ലേഖകൻ സംശയലേശമെന്യേ സ്ഥാപിച്ചിരിക്കുന്നു.

"വീണ്ടും ചില (ഹൂദായ) കാനോൻ കാര്യങ്ങൾ" എന്ന ലേഖനത്തിൽ മലങ്കരസഭയുടെ ഭരണഘടനയും ഹൂദായകാനോനും തമ്മിലുള്ള ബന്ധം വിശദമാക്കിക്കൊണ്ട്, മെത്രാപ്പോലീത്തമാരുടെ പൊതു സ്ഥലംമാറ്റം എന്ന വിഷയം വീണ്ടും പരിഗണിക്കുകയാണ്. തീർച്ചയായും മലങ്കര സഭ അതിന്റെ ഭരണഘടനാ നിർമ്മാണത്തിൽ ഹൂദായകാനോന്റെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയിട്ടുണ്ട്. "എന്നാൽ ഹൂദായ കാനോനെ മലങ്കരമേൽ സമഗ്രമായി ബാധിക്കുന്ന നിയമസംഹിതയായി അല്ല അതിനെ അംഗീകരിച്ച ഭരണഘടനാ ശില്പികൾ വിഭാവനം ചെയ്തതെന്ന് വ്യക്തമാണ്" എന്ന് ലേഖകൻ പറയുന്നു. അതിന്റെ സിവിൽ ഭരണമേഖല തികച്ചും സ്വതന്ത്രമായി പ്രാദേശിക സാഹചര്യങ്ങളെയും സഭയുടെ അതുവരെയുള്ള ചരിത്രത്തെയും അതിൽ പ്രകടമാകുന്ന ജനായത്ത ശൈലിയെയും പരിഗണിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. പക്ഷെ വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നീ കാര്യങ്ങളിൽ എപ്പിസ്ക്കോപ്പസിയുടെ കാനോനിക മാനദണ്ഡങ്ങളെ ആധാരമാക്കിയിട്ടുമുണ്ട്. അതുകൊണ്ടുതന്നെ മെത്രാപ്പോലീത്താമാരുടെ നിയമനം, സ്ഥലംമാറ്റം എന്നിവ ഹൂദായ കാനോന്റെ നിലപാടുകളുടെ പരിധിയിലാണ് വരുന്നത്. ഈ ശൈലി

1995-ലെ ബ. സുപ്രീംകോടതി അതിന്റെ വിധിയിലൂടെ അംഗീകരിച്ചിട്ടുമുണ്ട്. ഇനി ചിലർ പറയുന്നതുപോലെ മെത്രാപ്പോലീത്താമാരുടെ ഭരണപരാജയമാണ് സ്ഥലംമാറ്റം എന്ന ആവശ്യത്തിന് കാരണമായത് എങ്കിൽ അതിന് ഭദ്രാസന കൗൺസിലും പൊതുയോഗവും കൂടെ ഉത്തരവാദപ്പെട്ടിരിക്കുന്നു എന്ന ബോധ്യം ഉണ്ടാകേണ്ടതാണ്.

മലങ്കരസഭയുടെ ഭരണഘടന ഏറ്റം ശ്രേഷ്ഠമാണ്. അക്കാലത്ത് ഉണ്ടായിരുന്ന സഭയുടെ അവസ്ഥയെയും പിൽക്കാലത്ത് ഉണ്ടാകാവുന്ന, മുൻകൂട്ടി കാണാൻ കഴിഞ്ഞ, സാഹചര്യങ്ങളെയും പരിഗണിച്ചുകൊണ്ടാണ് സഭാഭരണഘടനയുടെ ശില്പികൾ അതിന് രൂപംകൊടുത്തത്. എന്നാൽ അത് യാതൊരു ഭേദഗതിയും ആവശ്യമില്ലാത്ത സർവ്വകാലികവും സർവ്വസമ്പന്നവും ആണ് എന്ന് കരുതേണ്ടതില്ല എന്ന് "നിങ്ങളുടെ പൗരത്വം എവിടെയാകുന്നു?" എന്ന ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു. ജനകീയാടിത്തറ ഭദ്രമാക്കിക്കൊണ്ടാണ് ഭരണഘടന നിർമ്മിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ അതിന്റെ അനുഭവത്തിന് ചില നിബന്ധനകൾ പാലിക്കപ്പെടേണ്ടതുണ്ട്. ഒരാൾ ഒരിടവകയിലെ അംഗമായിരുന്നാൽ പോരാ, ഇടവകയോഗാംഗവുമായിരിക്കണം, ആ വ്യക്തിക്ക് ഭരണഘടനയുടെ ജനകീയഭാവം നൽകുന്ന അവകാശങ്ങൾ അനുഭവിക്കാൻ. എന്നാൽ ഭരണഘടനയുടെ 71, 79 വകുപ്പുകൾ ഈ കാര്യത്തിൽ ചില പോരായ്മകൾ ഉണ്ടാക്കുന്നുണ്ട്. അതോടൊപ്പം വൈദികരുടെ സമിതികളിലെ പ്രാതിനിധ്യം സംബന്ധിച്ചും ചില അപര്യാപ്തതകൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഈ വിഷയങ്ങളിൽ കാലാനുസൃതവും താത്വികവുമായ പരിശോധനയും തിരുത്തലുകളും ആവശ്യമാണ് എന്ന് ലേഖകൻ സമർത്ഥിക്കുന്നു.

ഭരണഘടനയുടെ കാലാനുസൃതമായ പരിഷ്കരണം വേണമെന്ന വിഷയം തന്നെയാണ് "സഭാ ഭരണഘടനയ്ക്കു പരിഷ്കാരം വേണം" എന്ന ലേഖനത്തിൽ തുടർന്നും ശ്രീ. കുര്യൻ തോമസ് ഉയർത്തികാണിക്കാൻ ശ്രമിക്കുന്നത്. ഈ ലേഖനത്തിലെ നിർദ്ദേശങ്ങൾ ഗൗരവതരമായ പഠനത്തിന് വിധേയമാക്കേണ്ടതാണ് എന്ന് ഞാൻ കരുതുന്നു.

മലങ്കരസഭയുടെ ആദ്യകാല സ്വഭാവം തികച്ചും ദേശീയവും മെത്രാൻ കേന്ദ്രീകൃതമല്ലാത്തതും ജനകീയ സ്വഭാവമുള്ളതും ആയിരുന്നു എന്ന് ചരിത്രഗവേഷകനായ ലേഖകൻ "യജമാനൻ, ഉപദേശകൻ, സഹായി" എന്ന ലേഖനത്തിൽ സാക്ഷിക്കുന്നു. ഒരു തൊഴിൽക്കൂട്ടം എന്ന നിലയിൽ ജാതീയമായി സംഘടിക്കപ്പെട്ടിരുന്നതാണിത്. പേർഷ്യൻ ബന്ധം വന്നശേഷവും ഈ അവസ്ഥ തന്നെയാണ് മിക്കവാറും തുടർന്നുപോന്നിരുന്നത്. ഇതാണ് 1599-ലെ ഉദയംപേരൂർ സുന്നഹദോസ് ചോദ്യം

ചെയ്തത്. കൂനൻകുരിശിൽ ഇത് ചോദ്യം ചെയ്തു എങ്കിലും അതിന്റെ സ്വാധീനവലയത്തിൽ നിന്നും പൂർണ്ണമായി സ്വതന്ത്രമാകാൻ കഴിഞ്ഞു എന്ന് പറഞ്ഞു കൂടാ. തുടർന്ന് പാത്രിയർക്കീസും റോമാ ശൈലി തിരികെ കൊണ്ടുവരാൻ ശ്രമിച്ചപ്പോളും ചില്ലറ ഭേദഗതികളോടെ ആണെങ്കിലും ആത്യന്തികമായി ജനാധിപത്യ സ്വഭാവം നിലനിർത്താൻ മലങ്കര സഭയ്ക്ക് സാധിച്ചു എന്നത് അഭിമാനിക്കാവുന്ന കാര്യമാണ്. അതുമൂലം, പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഭാഷയിൽ പറഞ്ഞാൽ, മലങ്കര സഭയുടെ മാനേജിംഗ് കമ്മിറ്റിക്ക് മലങ്കര മെത്രാപ്പോലീത്തായുടെ "യജമാനനും, സഹായിയും, ഉപദേശകനും" ആയി വർത്തിക്കാൻ കഴിയുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പൗരാണികമായ ക്രൈസ്തവ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് തികച്ചും ജനായത്ത സ്വഭാവത്തിൽ ശുശ്രൂഷ നിർവഹിക്കുന്ന സമൂഹമാണ്. ജനായത്ത ശൈലിയിലുള്ള അസോസിയേഷനാൽ തെരഞ്ഞെടുക്കപ്പെടുന്ന, അവൈദികർക്ക് മേൽകൈ ഉള്ള മാനേജിംഗ് കമ്മിറ്റിയെ 325-ലെ നിഖ്യാ സുന്നഹദോസിന് തുല്യമായ കൂടിവരവായിട്ടാണ് വ്യാഖ്യാനിക്കുന്നത്. എന്നാൽ കാലഗതിയിൽ അതിൽ ആശാസ്യമല്ലാത്ത പ്രവണതകൾ കടന്നുകൂടിയിട്ടുണ്ട്. ഈ അവസ്ഥ മാറ്റുന്നതിനുള്ള നിർദ്ദേശങ്ങളാണ് "കൂടപ്പെടുന്നവരും നാമാകണം..." എന്ന ലേഖനത്തിന്റെ ഉള്ളടക്കം. ഇവയും മലങ്കരസഭയുടെ കാലികത്വത്തെക്കുറിച്ച് താല്പര്യമുള്ളവരുടെ ഗൗരവതരമായ പരിഗണനയ്ക്ക് വിധേയമാകേണ്ടതാണ്.

2012 മാർച്ച് 7-ാം തീയതി പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ സംബന്ധിച്ച ലേഖകൻ തന്റെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ എഴുതിയതാണ് "ഞാനും ഒരു വോട്ടർ ആയിരുന്നു" എന്നത്. പള്ളിയിൽ നിന്നും പ്രതിനിധി ആകാനും, സഭാ മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടാനും ആഗ്രഹിച്ച സ്ഥാനമോഹികൾ നടത്തിയ പ്രചരണത്തെ ശക്തമായ ഭാഷയിൽ അദ്ദേഹം വിമർശിക്കുന്നു. സ്ഥാനാർത്ഥികൾക്ക് ഒരു പെരുമാറ്റചട്ടം ഉണ്ടാകേണ്ട ആവശ്യകത ചൂണ്ടിക്കാണിക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ക്രൈസ്തവ സമൂഹത്തിന്റെ ആദികാലസ്വഭാവം വിശ്വാസികളുടെ ശുദ്ധവും കേവലവുമായ കൂടിവരവിന്റേതായിരുന്നു എങ്കിൽ, കുസ്തന്തീനോസ് ചക്രവർത്തിയുടെ സഭാനുകൂല നിലപാട് അതിന് വ്യതിയാനം വരുത്തി എന്നാണ് "മൂവാണ്ടിൽ കൂടിവരുമ്പോൾ മാറി കല്പിക്കുകയും.." എന്ന ലേഖനം കണ്ടെത്തുന്നത്. എന്നാൽ കേരളത്തിലും ലത്തീൻകാരുടെ നിലപാടൊഴിച്ചാൽ ജനായത്തശൈലി തന്നെയാണ് പ്രായേണ

നിലനിന്നു വരുന്നത്. ഇടയ്ക്കൊക്കെ കടന്നുവരുന്ന വ്യതിചലന പ്രവണതകളെ ചെറുത്താൽ ഈ അഭിലഷണീയമായ ശൈലി എക്കാലവും തുടരാൻ സാധിക്കും എന്ന് ലേഖകൻ കരുതുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ അസോസിയേഷൻ സെക്രട്ടറിയുടെ അധികാരാവകാശങ്ങളെക്കുറിച്ചും പരിമിതികളെക്കുറിച്ചും വിശദീകരിക്കുകയാണ് "പെരുന്നയിലെ പോപ്പും സഭാ സെക്രട്ടറിയും" എന്ന ലേഖനത്തിൽ. അസോസിയേഷൻ സെക്രട്ടറിയുടെ സ്ഥാനം മറ്റു ചില സമുദായങ്ങളിൽ കാണുന്നതുപോലെ അല്ല എന്നും മറ്റ് സ്ഥാനികളെപ്പോലെ, അസോസിയേഷൻ തെരഞ്ഞെടുക്കുന്ന ചുമതലയല്ല, ഏറെ പരിമിതികൾ ഉള്ളതാണ് എന്നും വിലയിരുത്തുന്ന ലേഖകൻ ഈ ചുമതലയുടെ കാര്യത്തിലും ഭരണഘടനയിൽ മറ്റുള്ളവർക്ക് എന്നതുപോലെ 5 വർഷം വീതമുള്ള രണ്ടു ഘട്ടം എന്ന കാലാവധി നിർണ്ണയിക്കേണ്ടതുണ്ട് എന്നും നിർദ്ദേശിക്കുന്നു.

മലങ്കരസഭ, സാമ്പത്തിക തത്വശാസ്ത്രങ്ങളിൽ പറയുന്ന വാണിജ്യ ചക്രത്തിലെ മാന്ദ്യം എന്ന അവസ്ഥയ്ക്ക് തുല്യമായ ഒരു കാലഘട്ടത്തിലാണ് ഇപ്പോൾ എന്നാണ് ലേഖകൻ "ദുഷ്ടുകിടക്കെ വരട്ടും വൃണമതു പൊട്ടും പിന്നെയുമൊരുസമയത്തിൽ...." എന്ന ലേഖനത്തിൽ വിലയിരുത്തുന്നത്. എങ്കിലും 2017 മാർച്ച് 1-ാം തീയതി മലങ്കര അസോസിയേഷൻ യോഗത്തിൽ നടന്ന മാനേജിംഗ് കമ്മിറ്റിയുടെയും ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ് തീർച്ചയായും പ്രത്യാശ നൽകുന്നതാണ് എന്ന ദ്ദേഹം കരുതുന്നു. ഈ പുതുസാഹചര്യം ഉപയോഗിച്ച് ഈ മാന്ദ്യത്തിൽ നിന്നും കരകയറാൻ ഇടയാകട്ടെ എന്നാണ് ലേഖകന്റെ പ്രാർത്ഥന.

"ഒരു പള്ളി ഉണ്ടാകുന്നത്" എന്ന ലേഖനത്തിൽ തോമാ ശ്ലീഹായ്ക്ക് ശേഷമുള്ള അങ്ങാടി-പള്ളി ബന്ധത്തിൽ വളർന്ന സഭയുടെ സ്വഭാവം വിവരിക്കുന്നു. പള്ളികൾ ഇടവകകളായി രൂപംകൊണ്ടു. അപ്പോഴും പക്ഷെ അവ റോമൻശൈലി അല്ല സ്വീകരിച്ചത്. തീർച്ചയായും സാംസ്കാരികവും, സാമ്പത്തികവും, സാമൂഹികവുമായ പരിണാമങ്ങളും ഉണ്ടായി. പിന്നീട് അർദ്ധ സ്വതന്ത്ര ചാപ്പലുകൾ ഉണ്ടായി, അവ വളർന്ന് ഇടവകകൾ ഉണ്ടായി. എന്നാൽ ഈ പരിണാമം കാര്യങ്ങളെ മെച്ചപ്പെടുത്തുകയാണോ ഉണ്ടായത് എന്നന്വേഷിക്കേണ്ടിയിരിക്കുന്നു. ചിലയിടങ്ങളിലെങ്കിലും സ്വതന്ത്ര ഇടവകകളുടെ രൂപീകരണം സാരമല്ലാത്ത പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട്. ഈ വിഷയവും സഭാ ഭരണഘടനയുടെ കാലികമായ പരിഷ്കാരത്തിന് സാഹചര്യമൊരുക്കുന്നുണ്ട്.

"വളർന്നപ്പോൾ തളർന്നത് കാര്യക്ഷമത" എന്ന അല്പം ദൈർഘ്യമുള്ള ലേഖനത്തിൽ മലങ്കരസഭയുടെ ഭരണസംവിധാനത്തിൽ, ലേഖ

കൻ ആരോപിക്കുന്ന, കാര്യക്ഷമതയില്ലായ്മ ചരിത്രപശ്ചാത്തലത്തിൽ പരിശോധിക്കപ്പെടുന്നു. സഭയും മെത്രാസനങ്ങളും സ്വത്ത് ആർജ്ജിക്കുകയും കർത്തൃത്വം നടത്തുകയും ചെയ്യുന്നതിൽ മാനദണ്ഡങ്ങൾ ഉണ്ടാകേണ്ടതാണ്. കുടിയേറ്റത്തിലൂടെ പെട്ടെന്ന് വന്നു ഭവിച്ച സാമ്പത്തിക ഉന്നമനം സുതാര്യതയെ കാര്യമായി ബാധിച്ചു. അതോടൊപ്പം തീരെ അഭിലഷണീയമല്ലാത്ത പല വൈദേശിക പ്രവണതകളും സഭാശുശ്രൂഷയിലും പ്രവർത്തനങ്ങളിലും കടന്നുകൂടുന്നുമുണ്ട്. അവയിൽ പലതിനെയും അക്കമിട്ടും ചിലതിനെ വിശദമായ പരാമർശനത്തിലൂടെയും ലേഖകൻ നിരത്തുന്നു. ഇവയെ തിരുത്താൻ തയാറാകുന്നു എങ്കിൽ മലങ്കരസഭ അതിന്റെ ഏറ്റവും ശ്രേഷ്ഠവും പൗരാണികവുമായ നന്മയെ പരിപാലിച്ചുകൊണ്ട് അതിന്റെ കർത്തൃശുശ്രൂഷ നിർവ്വഹിക്കാൻ സജ്ജമായിരിക്കും എന്നും ലേഖകൻ വിലയിരുത്തുന്നു.

സാമ്പത്തികാതിപ്രസരം, അതിന്റെ ഉപ ഉല്പ്പന്നമായ ആർത്തി, മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തെ നേരാംവണ്ണം അഭിമുഖീകരിക്കാൻ കഴിവു നേടേണ്ട വൈദികരുടെ വിദ്യാഭ്യാസത്തിന്റെ ഇപ്പോഴത്തെ പരിമിതികൾ ഉള്ള ശൈലി, പാശ്ചാത്യരിൽ നിന്നും കടംകൊണ്ട ഗായകസംഘം തുടങ്ങിയ പുത്തൻ പ്രവണതകൾ, മറ്റ് ഭാഷകൾ മാതൃഭാഷയായി ഉപയോഗിക്കുന്നവരുടെ മേഖലയിലും ഇതര സാംസ്കാരിക പശ്ചാത്തലത്തിൽ ജീവിക്കുന്നവരുടെ ഇടങ്ങളിലും ലഭിക്കേണ്ട ആത്മീയവും ആരാധനാപരവും ആയ സ്വാതന്ത്ര്യം, സഭയിൽ പൊതുവെയുള്ള തെറ്റായ വിധേയത്ത സങ്കല്പം, ഭരണവികേന്ദ്രീകരണ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താത്തത്, കാലത്തെ നേരാംവണ്ണം നോക്കി വിലയിരുത്താൻ കഴിവുള്ള അത്മായ നേതൃത്വത്തിന്റെ അഭാവം തുടങ്ങിയവ എല്ലാം സഭയുടെ ഗൗരവതരമായ പരിഗണനയ്ക്ക് വിധേയമാകേണ്ടതാണ് എന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുമ്പോൾ സഭയുടെ കാലികത്വത്തെക്കുറിച്ച് ചിന്തയുള്ള യാതൊരാൾക്കും അതിനോട് യോജിക്കാതിരിക്കാൻ കഴിയില്ല.

പൊതുവെ പറഞ്ഞാൽ രണ്ട് ലക്ഷ്യങ്ങളാണ് ഈ ലേഖനസമാഹാരത്തിലൂടെ ഡോ. കുര്യൻ തോമസ് അവതരിപ്പിക്കുന്നതായി ഞാൻ കാണുന്നത്. മലങ്കരസഭ അടിസ്ഥാനപരമായി ജനായത്ത വ്യവസ്ഥയിൽ ക്രമീകരിക്കപ്പെട്ട ഭരണസംവിധാനത്തോടെ നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതുമാണ്. എന്നാൽ വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നിവ എപ്പിസ്ക്കോപ്പസിയിൽ അടിസ്ഥാനപ്പെട്ടുമിരിക്കുന്നു. ഇത് ശ്രേഷ്ഠവും സംതുലിതമായതുമായ ഒരു ഗുണസ്വഭാവമായി ലേഖകൻ കാണുന്നു. അതുകൊണ്ട് പരസ്പരം കടന്നുകയറാതെ സംതുലിതത്വം പാലിച്ച് പ്രവർത്തിക്കുക എന്നത് സഭയുടെ ക്രൈസ്തവമായ ശുശ്രൂഷയ്ക്ക് ആവ

ശ്യമാണ്. ഈ സംതുലിതത്വത്തെ ഇല്ലാതാക്കാൻ റോമാ നേതൃത്വവും, പിന്നീട് അന്ത്യോഖ്യൻ നേതൃത്വവും ശ്രമിച്ചു എങ്കിലും ഇന്നും സഭ അതിന്റെ അടിസ്ഥാന സ്വഭാവം നിലനിർത്താൻ ശ്രമിക്കുന്നു എന്ന് ലേഖകൻ ഒന്നാമതായി വിലയിരുത്തുന്നു. വീണ്ടും, സഭയുടെ പൗരാണികവും ശ്രേഷ്ഠവുമായ മൂല്യങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം സഭയുടെ കാലികത്വത്തെ നിശ്ചയിക്കുന്ന വിഷയങ്ങളെ ഗൗരവപൂർവ്വം അഭിസംബോധന ചെയ്യാൻ സഭയ്ക്ക് സാധിക്കേണ്ടതുണ്ട് എന്ന് ലേഖനകാരൻ വിലയിരുത്തുന്നു. ഇതിനായി ഒരേസമയം കടന്നുവരുന്ന അന്യമായ പ്രവണതകളെ നിയന്ത്രിക്കുകയും എന്നാൽ ആവശ്യമായവയെ ഉൾക്കൊള്ളുകയും ചെയ്യേണ്ടതുണ്ട്. ഈ രണ്ട് കാര്യങ്ങളും മറ്റേതൊരു സമൂഹത്തിലും എന്നതുപോലെ സഭയെ സംബന്ധിച്ചും നിർണ്ണായകമായ കാര്യമാണ് എന്നതിൽ തർക്കമില്ല.

ചരിത്രത്തിലെ പല സന്ദർഭങ്ങളും ഒന്നിൽ കൂടുതൽ ലേഖനങ്ങളിൽ ആവർത്തിക്കുന്നത് ചിലരെ സംബന്ധിച്ചിടത്തോളം കാര്യം ഹൃദിസ്ഥമാക്കാൻ സഹായിക്കും എങ്കിലും പലർക്കും അത് വിരസത ഉണ്ടാക്കിയേക്കാം. ലേഖനങ്ങൾ അതേപടി പുസ്തകത്തിന്റെ ഭാഗമാക്കുന്നതിന് പകരം ഒരു ശ്രദ്ധേയമായ എഡിറ്റിംഗിന് വിധേയമാക്കിയിരുന്നെങ്കിൽ ഈ പോരായ്മ പരിഹരിക്കാമായിരുന്നു. ഇത് അവഗണിക്കുന്നപക്ഷം, കാലത്തെ ഗൗരവമായി കാണുകയും, സഭയെ അതിരറ്റ് കരുതുകയും ചെയ്യുന്ന ഒരു ചരിത്രാന്വേഷകന്റെ സാന്നിദ്ധ്യം ഈ ഗ്രന്ഥത്തിലെ എല്ലാ ലേഖനങ്ങളിലും കാണാം. ഈ ഗുണങ്ങളുള്ള സഭാംഗങ്ങളെ നമുക്ക് കൂടുതലായും എല്ലാക്കാലത്തും ആവശ്യമുണ്ട്. അപ്രകാരമുള്ള മനുഷ്യർക്ക് ഉൾവിളി ഉണ്ടാകാൻ ഈ ഗ്രന്ഥം ഉതകട്ടെ എന്നും ഇനിയും തന്റെ സഭാസ്നേഹത്താൽ പ്രചോദിതമായ വിമർശനപരവും, വിലയിരുത്തലിന്റെയുമായ പുതുസൃഷ്ടികൾ ഉണ്ടാകട്ടെ എന്നും ഉള്ള എന്റെ പ്രാർത്ഥനയോടെ ഈ ലേഖന സമാഹാരം സഭാസ്നേഹികളും ചരിത്രാന്വേഷകരും ആയ അനുവാചകരുടെ മുമ്പാകെ സന്തോഷത്തോടെ സമർപ്പിക്കുന്നു; ഈ സത്ക്രിയ എന്നെ ഏല്പിച്ച എന്റെ സ്നേഹിതൻ ഡോ. കുര്യൻ തോമസിനോടുള്ള നന്ദി അറിയിച്ചുകൊണ്ടു തന്നെ,

മണ്ണുത്തി, തൃശൂർ
ഹേവോറൊ നാളുകൾ, 2017

❑

# ഉള്ളടക്കം

**പ്രസാധക കുറിപ്പ്: മാറ്റം അനുപേക്ഷണീയം** 05

ഡോ. ലെജു പി. തോമസ്

**വാങ്മുഖം: നമുക്കു സംവദിക്കാം** 07

ഡോ. എം. കുര്യൻ തോമസ്

**അവതാരിക: ചർച്ചകൾ അനിവാര്യം** 09

യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ

1. **ഒരാൾക്ക് എത്ര മെത്രാൻ വേണം?** 20
2. **വരുവിൻ നമുക്ക് ഉണ്ടുപിരിയാം** 29
3. **മെത്രാനെ സ്മാർത്തവിചാരം ചെയ്താൽ?** 36
4. **ഒരു പ്രമേയവും കുറെ മെത്രാന്മാരും** 41
5. **വീണ്ടും ചില (ഹൂദായ) കാനോൻ കാര്യങ്ങൾ** 57
6. **നിങ്ങളുടെ പൗരത്വം എവിടെയാകുന്നു?** 68
7. **സഭാഭരണഘടനയ്ക്കു പരിഷ്കാരം വേണം** 74
8. **യജമാനൻ, ഉപദേശകൻ, സഹായി** 80
9. ***... കൂടപ്പെടുന്നവരും നാമാകണം...*** 93
10. **ഞാനും ഒരു വോട്ടർ ആയിരുന്നു** 100
11. ***മൂവാണ്ടിൽ കൂടിവിചാരം ഉണ്ടാകുമ്പോൾ മാറി കൽപ്പിക്കുകയും...*** 105
12. **പെരുന്നയിലെ പോപ്പും സഭാസെക്രട്ടറിയും** 110
13. ***ദുഷ്ടു കിടക്കെ വരട്ടും വ്രണമതു പൊട്ടും പിന്നെയുമൊരു സമയത്തിൽ...*** 120
14. **നടപടിച്ചട്ടവും സൂക്ഷ്മപരിശോധനയും** 125
15. **ഒരു പള്ളി ഉണ്ടാകുന്നത്** 131
16. **വളർന്നപ്പോൾ തളർന്നത് കാര്യക്ഷമത** 139

**അനുബന്ധം**

**മെത്രാപ്പോലീത്താമാർക്ക് സ്ഥലംമാറ്റം: ഒരു പഠനം** 169

ഡോ. തോമസ് മാർ അത്താനാസിയോസ്

**മലങ്കരസഭയുടെ ആത്മിക നവോത്ഥാനവും സമാധാനവും ഭരണഭദ്രതയും മറ്റും സംബന്ധിച്ച് മാനേജിംഗ് കമ്മിറ്റി നിയമിച്ച ഉപസമിതിയുടെ റിപ്പോർട്ട് (2005)** 190

**മലങ്കര അസോസിയേഷൻ പ്രതിനിധികൾ ശ്രദ്ധിക്കുക** 205
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**മലങ്കര അസോസിയേഷൻ ഘടനയിൽ എങ്ങനെ വ്യത്യാസം വരുത്താം** 207
അഡ്വ. പി. റ്റി. വറുഗീസ്

**മലങ്കര അസോസിയേഷനും സഭയുടെ ഭാവിയും** 210
ഫാ. ഡോ. കെ. എം. ജോർജ്

**സഭാ തിരഞ്ഞെടുപ്പുകളിൽ ഉത്തരവാദിത്വത്തോടെ പങ്കുചേരുക** 214
ഫാ. ഡോ. റെജി മാത്യു

**മലങ്കരസഭാസമിതികളുടെ രൂപവും ഭാവവും ഭാവിയും** 216
പി. തോമസ്, പിറവം

**ആരെ ഞാൻ തെരഞ്ഞെടുക്കേണ്ടു?** 221
ഷാജൻ മാത്യു ചെങ്ങന്നൂർ

**സാക്ഷ്യമുള്ള പുരുഷന്മാരെ തെരഞ്ഞെടുത്തു കൊൾവിൻ** 224
ജേക്കബ് ഉമ്മൻ, മുളക്കുഴ

**സ്ഥാനാർത്ഥികളുടെ സംവാദം നടത്തണം** 228
ഡോ. ലെജു പി. തോമസ്

**മലങ്കര അസോസിയേഷൻ: ഇനിയും ശ്രദ്ധിക്കാതെ പോകുന്ന ചില അപാകതകൾ** 231
ഫാ. ഐപ്പ് പി. സാം, തോട്ടപ്പുഴ

**സഭാ ഭരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ചില നിർദേശങ്ങൾ** 234
വർഗീസ് ജോൺ, തോട്ടപ്പുഴ

**അസോസിയേഷൻ തെരഞ്ഞെടുപ്പു നടപടിച്ചട്ടങ്ങൾ: അല്പം ചരിത്രം** 248
വർഗീസ് ജോൺ, തോട്ടപ്പുഴ

**പരിഷ്കരിച്ച അസോസിയേഷൻ തെരഞ്ഞെടുപ്പു നടപടിച്ചട്ടങ്ങൾ** 252
വർഗീസ് ജോൺ, തോട്ടപ്പുഴ

***“കൺഫ്യൂഷൻ തീർക്കണമേ...”*** 256
വർഗീസ് ജോൺ, തോട്ടപ്പുഴ

**ഈ കണക്കു ശരിയാണോ?** 262
ജോസഫ് അലക്സാണ്ടർ

വരുന്നു. ഇവ കൂടാതെ സ്ഥലംമാറ്റം നിലവിൽ വരുന്നതോടെ സഭാ ഭദ്രാസനതലങ്ങളിൽ പുതിയ പ്രശ്നസാഹചര്യങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് സ്ഥലംമാറ്റത്തിന് പ്രേരണ നൽകുന്ന സാഹചര്യങ്ങളാണ് മാറിവരേണ്ടത്. അതായത് ജനപ്രിയരല്ലാത്ത മേൽപ്പട്ടക്കാരെ സൃഷ്ടിക്കുന്ന സഭാസംവിധാനത്തിന്റെ തകരാറുകളാണ് പരിഹരിക്കേണ്ടത് എന്ന് ചുരുക്കം.

തീർച്ചയായും തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങളോട് സഹകരിക്കാത്ത മേൽപ്പട്ടക്കാരെ സ്ഥലംമാറ്റി പക വീട്ടണം എന്ന് ചിന്തിക്കുന്ന ചില അൽമായപ്രമുഖരും ഈ നീക്കത്തിന് പിമ്പിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയുന്നു. ഇക്കൂട്ടർ ജനത്തിന്റെ അതൃപ്തി മുതലെടുത്ത് തങ്ങളുടെ നിഗൂഢലക്ഷ്യം യാഥാർത്ഥ്യമാക്കാൻ കിണഞ്ഞു പരിശ്രമിക്കുകയാണ്. അതുകൊണ്ട് മേൽപ്പട്ടക്കാരുടെ സ്ഥലംമാറ്റം എന്ന സാധാരണക്കാരുടെ നിഷ്കളങ്കമായ ഒരു നിർദ്ദേശം സ്വകാര്യ അജണ്ടകളുള്ള നേതാക്കന്മാർ തന്ത്രപൂർവ്വം തങ്ങളുടെ ലക്ഷ്യസാധ്യത്തിനായി ചൂഷണം ചെയ്യുന്നു. വിഷയം സംബന്ധിച്ച് വേണ്ടത്ര പഠനം സിദ്ധിക്കാത്ത സാധാരണ സഭാംഗങ്ങളെ തെറ്റിദ്ധരിപ്പിച്ച് സ്ഥലംമാറ്റം നടന്ന് കിട്ടുവാനായി അവരെ സംഘടിപ്പിച്ചു മുമ്പിൽ നിർത്തി ഉദ്ദിഷ്ടകാര്യസാധ്യശ്രമം നടത്തുന്നു. അതായത് തങ്ങളുടെ താല്പര്യസംരക്ഷണത്തിന് പിന്തുണ നൽകാത്ത മേൽപ്പട്ടക്കാരെ പാഠം പഠിപ്പിക്കുവാൻ യത്നിക്കുന്നവരുടെ കൗശലവും തന്ത്രവും ഈ സംരംഭത്തിന്റെ പിമ്പിലുണ്ട് എന്ന വസ്തുത മറക്കേണ്ട. ഇത് നിലവിലിരിക്കുന്ന സംവിധാനത്തിന് തിരുത്തൽ അനിവാര്യമാക്കുന്ന മറ്റൊരു ഘടകമാണ്.

സംവിധാനത്തിന്റെ തകരാറുകൾ, തിരുത്തൽ, എന്നൊക്കെ പറയുമ്പോൾ എന്താണ് അവ കൊണ്ട് വിവക്ഷിക്കുന്നത് എന്നതിന് വിശദീകരണം ആവശ്യമാണ്. സഭയിൽ ഒരു വ്യക്തിയും സ്വയമായി മേൽപ്പട്ടസ്ഥാനത്തേക്ക് വരുന്നില്ല. അടിസ്ഥാനയോഗ്യതകൾ നേടി നിർദ്ദിഷ്ട തെരഞ്ഞെടുപ്പ്-നിയമന പ്രക്രിയകളിലൂടെ ഒരു മേൽപ്പട്ടക്കാരൻ അവരോധിക്കപ്പെടുകയാണ്. അതായത് ഒരു വ്യക്തിക്ക് പരിശീലനം നൽകി തെരഞ്ഞെടുത്ത് വാഴിച്ച് നിയോഗിച്ച് മേൽപ്പട്ടക്കാരനായി നിലനിർത്തുന്ന നിലവിലുള്ള ക്രമീകരണമാണ് സമഗ്രമായ അന്വേഷണത്തിനും തിരുത്തലിലും വിധേയമാകേണ്ടത്. കാരണം, ഈ പ്രക്രിയയിലുള്ള കുറവുകളാണ് പ്രാപ്തിയുള്ളവരും ശുശ്രൂഷാസന്നദ്ധരും ജനപ്രിയരുമായി മേൽപ്പട്ടക്കാർ നിയമിതരാകുന്നതിന് തടസ്സമായി വരുന്നത് എന്നു വ്യക്തം.

അതുകൊണ്ട് മേൽപ്പട്ടക്കാരുടെ ശുശ്രൂഷയുടെ പരാജയത്തിന് അവരെ പഴിചാരുന്നതിൽ അർത്ഥമില്ല. അവരെ ആ സ്ഥാനത്ത് എത്തിച്ച്

നിലനിർത്തുന്ന സംവിധാനത്തിന്റെ വൈകല്യമായി ഇതിനെ മനസ്സിലാക്കണം. അതുകൊണ്ട് സഭ ഈ വിഷയത്തിലുള്ള അതിന്റെ പരാജയം തിരിച്ചറിഞ്ഞ് ആവശ്യമായ പരിഹാരനടപടികൾ ആവിഷ്കരിക്കുകയാണ് ആവശ്യം. മെത്രാപ്പോലീത്തായായി അവരോധിക്കപ്പെടുന്നവരുടെ അടിസ്ഥാനപരിശീലനം, തിരഞ്ഞെടുപ്പ്, നിയമനം എന്നിവയിലെല്ലാം ആവശ്യമായ തിരുത്തൽ നടത്തേണ്ടതായി വരുന്നു. ചുരുക്കത്തിൽ നിലനിൽക്കുന്ന തെരഞ്ഞെടുപ്പ്-നിയമന പ്രക്രിയയ്ക്ക് മൗലികമായ പരിഷ്കാരങ്ങൾ ആവശ്യമാണ് എന്ന് സൂചന.

മേൽപ്പട്ടക്കാരുടെ ശുശ്രൂഷാപരാജയത്തിന് അടിസ്ഥാന കാരണം അവർക്ക് ലഭിക്കുന്ന പരിശീലന (formation) ത്തിന്റെ വൈകല്യമാണ്. തങ്ങൾ ഏറ്റെടുത്തിരിക്കുന്നത് ദൈവജനത്തെ ശുശ്രൂഷിക്കുന്നതിനുള്ള നിയോഗമാണ് എന്ന ബോധ്യം വൈദികവിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിൽ വൈദികപരിശീലനകേന്ദ്രങ്ങൾ വിജയിക്കുന്നില്ല എന്നത് ഒരു നിരീക്ഷണമാണ്. ദൈവജനത്തെ വിനയപൂർവ്വം ശുശ്രൂഷിക്കുകയാണ് തങ്ങളെ സംബന്ധിച്ച് ദൈവനിയോഗം എന്നത് മനസ്സിലാക്കാതെ പട്ടത്വ-മേൽപ്പട്ടസ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്നവർ വിശ്വാസ സമൂഹത്തിൽ നിന്ന് അന്യപ്പെടുന്നതിൽ അത്ഭുതമില്ല. ദൈവം ഏൽപ്പിച്ചിരിക്കുന്ന സമൂഹത്തെ ശുശ്രൂഷിച്ച് നിയോഗബോധമുള്ള ദൈവജനമായി നിലനിർത്തുകയാണ് അജപാലനത്തിന്റെ പ്രാഥമികമായ വിളി എന്ന സത്യം പരിശീലനഘട്ടത്തിൽതന്നെ തിരിച്ചറിയേണ്ടതുണ്ട്. ഇതിന് പകരം പൗരോഹിത്യാധിപത്യസംസ്കൃതിക്ക് സ്ഥിര അംഗീകാരം ലഭിക്കുവാൻ ജനത്തെ പാകപ്പെടുത്തുകയാണ് ഇപ്പോഴത്തെ വൈദിക പരിശീലനത്തിന്റെ സ്വഭാവമായി കാണുന്നത്. അതുകൊണ്ട് വൈദികവിദ്യാർത്ഥികൾ പിന്നീട് ഇടവക അധികാരികളായും അതിൽ ചിലർ ഭദ്രാസനാധിപന്മാരായും മാറുന്നു. സ്വതന്ത്രബുദ്ധിയുള്ള സഭാംഗങ്ങൾ ഇവരിൽ നിന്ന് അകലം പാലിക്കുകയും പലരും സഭ വിട്ടുപോകുകയും ചെയ്യുന്നു. അജപാലനശുശ്രൂഷയുടെ പ്രാഥമിക സ്വഭാവവും ലക്ഷ്യവും ഗ്രഹിക്കാത്തവർ മേൽപ്പട്ടക്കാരായാൽ അവർ അധികാരികളായി പരിണമിക്കും. ഇപ്പോൾ അവരുടെ പേരിൽ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കും. ഇത് സംഭവിക്കാതിരിക്കാൻ കൃത്യമായ ലക്ഷ്യങ്ങളും ഊന്നലുകളും വൈദികപരിശീലനത്തിൽ ലഭ്യമാക്കണം.

രണ്ടാമതായി മേൽപ്പട്ടസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പു പ്രക്രിയയാണ് പരിവർത്തനവിധേയമാകേണ്ടത്. ഇപ്പോഴത്തെ ക്രമീകരണത്തിൽ സഭയിലുള്ള മെത്രാപ്പോലീത്താസ്ഥാന ഒഴിവുകളും കുറച്ച് എക്സ്ട്രാകളും കണക്കു കൂട്ടി മേൽപ്പട്ടക്കാരെ തെരഞ്ഞെടുത്ത് വാഴിക്കുകയാണ് പതിവ്. സ്ഥാനാർത്ഥികളിൽ നിന്ന് നിശ്ചിത ശതമാനം വോട്ട് കിട്ടുന്നവരെ

മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുക്കുന്നു. അവരെ എപ്പിസ്കോപ്പൽ സുന്നഹദോസ് വാഴിച്ച് സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം പൗരസ്ത്യകാതോലിക്കാ നിയമിക്കുന്നു. പിന്നീട് ഓരോരുത്തരും ആജീവനാന്തം അവിടെ കഴിയുന്നു. ഭദ്രാസനത്തിന്റെ പൂർണ്ണ പിന്തുണ നഷ്ടമായാലും ഭദ്രാസന അധിപൻ കുലുക്കമില്ലാതെ സിംഹാസനത്തിൽ പിടിച്ചിരിക്കും. ഈ രീതി തിരുത്തപ്പെടേണ്ടതാണ്.

സഭാപാരമ്പര്യപ്രകാരം ഓരോ മേൽപ്പട്ടക്കാരനും ഒരു നിശ്ചിത ഭദ്രാസനത്തിലേക്കാണ് തിരഞ്ഞെടുക്കപ്പെടുകയും വാഴിക്കപ്പെടുകയും ചെയ്യേണ്ടത്. ഇപ്പോഴത്തെ രീതിയിൽ യഥാർത്ഥ ഒഴിവുകളും ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളും കൂട്ടി ഒരു ശുഭ നമ്പർ കണക്കാക്കി കൂട്ടത്തോടെ തിരഞ്ഞെടുത്ത് വാഴിച്ച് അവരെ ഭദ്രാസനങ്ങളിൽ നിയമിക്കുന്നു. ഒഴിവുള്ള ഭദ്രാസനങ്ങൾക്ക് ഇവരുടെ തെരഞ്ഞെടുപ്പ്-നിയമന പ്രക്രിയയിൽ യാതൊരു നിർണ്ണായകപങ്കും ഇല്ല. ഭദ്രാസന മെത്രാപ്പോലീത്തായെ ഭദ്രാസനം തെരഞ്ഞെടുക്കുന്ന സാഹചര്യമുണ്ടെങ്കിൽ അവിടത്തെ പള്ളിപ്രതിനിധികൾ സ്ഥാനാർത്ഥികളെപ്പറ്റി അന്വേഷിച്ച് വിലയിരുത്തി തങ്ങൾക്ക് യോജിക്കുന്ന ഒരാളെ തിരഞ്ഞെടുക്കും. എന്നാൽ പൊതുവായി മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കുന്ന സംവിധാനത്തിൽ ഇത്തരത്തിലുള്ള കർശനമായ ജാഗ്രത ഇടവകപ്രതിനിധികൾ പുലർത്തുകയില്ല. അവിടെ വ്യക്തിപരമായ താൽപര്യം, അടുപ്പം, ആരെങ്കിലുമൊക്കെ രക്ഷപ്പെട്ടോട്ടെ എന്ന മനോഭാവം തുടങ്ങിയവ വോട്ട് നൽകുന്നതിന്റെ മാനദണ്ഡമാകും. കൂടാതെ ക്ലിക്കുകൾ, ആശ്രമങ്ങൾ, നെറ്റ്‌വർക്കിംഗ്, കാര്യസാധ്യത്തിനുള്ള കൂട്ടുകെട്ടുകൾ, പ്രാദേശിക താല്പര്യങ്ങൾ എന്നിവ, പണവും, സ്വാധീനവും, പ്രചാരണവും എല്ലാം പ്രധാനമായ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പു മത്സരത്തിൽ നിർണ്ണായകമാകുന്നു. നേരെ മറിച്ച് ഒഴിവുള്ള ഭദ്രാസനം സ്വന്തം മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കുമ്പോൾ ഭദ്രാസനത്തിന്റെ ഭാവി പരിഗണിച്ച് ഏറ്റവും യോജിച്ച വ്യക്തിയെ കണ്ടെത്തുന്നു. അതോടെ അദ്ദേഹത്തിന്റെ ഭാവി ഉത്തരവാദിത്തം കൂടിയാണ് ഭദ്രാസനം ഏറ്റെടുക്കുന്നത്. തങ്ങൾതന്നെ തിരഞ്ഞെടുത്ത മേൽപ്പട്ടക്കാരനെ മാറ്റിക്കിട്ടണം എന്ന ആവശ്യവുമായി വരുവാൻ അവർക്ക് അർഹത നഷ്ടപ്പെടുന്നു. ഭദ്രാസനം മാറണമെന്ന ആവശ്യം മെത്രാപ്പോലീത്തായിൽ നിന്നും ഉണ്ടാവുകയില്ല. അതായത് മേൽപ്പട്ടക്കാരനെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ ഭദ്രാസനത്തിന് നിർണ്ണായകപങ്കുള്ള സംവിധാനം നിലവിൽ വന്നാൽ ഇടവകമെത്രാപ്പോലീത്താ ഭദ്രാസനത്തിൽ ഉത്തരവാദിത്തത്തോടെ ശുശ്രൂഷിക്കും. അദ്ദേഹത്തെ മാറ്റണമെന്നുള്ള ഭദ്രാസനത്തിന്റെ ആവശ്യങ്ങളും നിലയ്ക്കും. തന്നെ തിരഞ്ഞെടുത്തു എന്ന നിലയിൽ മേൽപ്പട്ടക്കാരന് ഭദ്രാസനത്തോട് മാനസികഅടു

പ്പവും കടപ്പാടും കൂറും നിലനിൽക്കും. ഭദ്രാസനമാകട്ടെ തങ്ങൾ തിരഞ്ഞെടുത്ത മെത്രാപ്പോലീത്താ എന്ന നിലയിൽ ഉത്തരവാദിത്തത്തോടെ ശുശ്രൂഷയിൽ സഹകരിക്കുകയും ചെയ്യും. ഈ പാരസ്പര്യത സാധാരണഗതിയിൽ അർത്ഥവത്തായ ഭദ്രാസനശുശ്രൂഷയ്ക്ക് സാധ്യത ഒരുക്കുകയും ചെയ്യുന്നു.

എന്നാൽ ഇപ്പോൾ കൂട്ടമായി തെരഞ്ഞെടുത്ത് വാഴിക്കുന്ന മേൽപ്പട്ടക്കാരെ സുന്നഹദോസിന്റെ തീരുമാനപ്രകാരം മാനേജിംഗ് കമ്മിറ്റിയുടെ സമ്മതം വാങ്ങി ഏതെങ്കിലുമൊക്കെ ഭദ്രാസനങ്ങളിലേക്ക് നിയോഗിക്കുന്നു. ഇത് ഒരുതരം അടിച്ചേൽപ്പിക്കലാണ്. ഭദ്രാസനത്തിന്റെ താല്പര്യം പരിഗണിക്കാതെ തെരഞ്ഞെടുത്ത് നിയോഗിക്കപ്പെടുന്ന മേൽപ്പട്ടക്കാരന് പൂർണ്ണമായ സ്വാഗതവും സഹകരണവും ലഭിക്കണമെന്നില്ല. ലഭിച്ച ഭദ്രാസനത്തെപ്പറ്റി മെത്രാപ്പോലീത്തായ്ക്ക് തികഞ്ഞ തൃപ്തിയുണ്ടാകണമെന്നുമില്ല. അതുകൊണ്ട് നിയോഗിക്കപ്പെട്ട ഭദ്രാസനത്തിൽ നിന്ന് മെച്ചപ്പെട്ട ഒന്നിലേക്ക് കയറിപ്പറ്റാൻ ചില മെത്രാപ്പോലീത്താമാർ, നിയമിതരായ അന്നു മുതൽ, പഴുതു നോക്കി ഇരിക്കുകയാകും. അതുകൊണ്ട് ഫലപ്രദമായി ഭദ്രാസനശുശ്രൂഷ നടക്കുവാനുള്ള താല്പര്യം താരതമ്യേന കുറവായിരിക്കും. ഇത്തരം ഒരു മെത്രാപ്പോലീത്തായെ വേണ്ടവിധം ഉൾക്കൊള്ളുവാൻ ഭദ്രാസനവും തയ്യാറായെന്ന് വരികയില്ല. സാവകാശം ഭദ്രാസനവും മെത്രാപ്പോലീത്തായും തമ്മിലുള്ള അകൽച്ച ആരംഭിക്കുന്നു. സ്ഥലംമാറ്റത്തിന് മുറവിളി ശക്തമാകുകയും ചെയ്യുന്നു. ഈ കാര്യങ്ങൾക്ക് വ്യത്യാസം വരണമെങ്കിൽ ഓരോ ഭദ്രാസനവും അതിന് അനുയോജ്യനായ മേൽപ്പട്ടക്കാരനെ തെരഞ്ഞെടുക്കുന്ന രീതി നിലവിൽ വരണം. തെരഞ്ഞെടുപ്പിന് ശേഷം മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും സുന്നഹദോസ് അതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഭദ്രാസനത്തിൽ വച്ച് വാഴിക്കുകയും ചെയ്താൽ പ്രക്രിയ പൂർത്തിയാവും.

ഈ നടപടിക്ക് ഭരണഘടനപ്രകാരം തടസ്സമുണ്ടോ എന്ന് സംശയമുണ്ടാകാവുന്നതാണ്. എന്നാൽ നിലവിലിരിക്കുന്ന രീതിപ്രകാരം ഇതിന് നിയമപ്രശ്നം ഇല്ല എന്നതാണ് വസ്തുത. മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നത് മലങ്കര അസ്സോസിയേഷനാണ് എന്നതാണ് ഭരണഘടനാപ്രകാരമുള്ള വിവക്ഷ. യഥാർത്ഥത്തിൽ ഭദ്രാസനങ്ങളിൽ തിരഞ്ഞെടുത്തവരെ മലങ്കര അസോസ്സിയേഷൻ അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്. അവരുടെ അംഗീകാരം നിർണ്ണയിക്കുന്നതിന് വോട്ടെടുപ്പും ഇല്ല. ആ ക്രമപ്രകാരം ഭദ്രാസനം തെരഞ്ഞെടുക്കുന്ന മേൽപ്പട്ട സ്ഥാനാർത്ഥിക്ക് അംഗീകാരം നൽകുന്നത് ഭരണഘടനാ വിരുദ്ധമല്ല. അതുകൊണ്ട് ഒഴിവുള്ള ഭദ്രാസനം ഐഡന്റിഫൈ ചെയ്ത് ആ ഭദ്രാ

സനത്തിന്റെ പങ്കാളിത്ത-ഉത്തരവാദിത്തങ്ങളോടെ തെരഞ്ഞെടുപ്പ് നടത്തി മലങ്കര അസ്സോസിയേഷനും സുന്നഹദോസും അംഗീകരിക്കുന്ന മുറയ്ക്ക് വാഴിച്ച് നിയോഗിക്കുന്ന ക്രമീകരണം വന്നാൽ തെരഞ്ഞെടുപ്പു പ്രക്രിയയിൽ സ്ഥായിയായ മാറ്റം വരും. ഇതോടെ ഭദ്രാസനങ്ങളുടെയും മേൽപ്പട്ടക്കാരുടെയും പ്രശ്നങ്ങളും പരിഹരിക്കപ്പെടും.

തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളുടെ ഫിറ്റ്നസ്സ് ഉറപ്പാക്കേണ്ടതുണ്ട്. അവരുടെ ശാരീരിക-മാനസിക-ആരോഗ്യം ഉത്തരവാദിത്തപ്പെട്ട അജ പാലനശുശ്രൂഷയ്ക്ക് അനിവാര്യമാണ്. കുറ്റകൃത്യവാസന, പണപരമായ തിരിമറി, പെരുമാറ്റ-സ്വഭാവ വൈകൃതങ്ങൾ എന്നിവകളിൽ നിന്നെല്ലാം സ്വതന്ത്രരാണോ എന്നത് സഭയിൽ നിന്ന് നിയോഗിക്കപ്പെടുന്ന-എക്സ് പെർട്ട് കമ്മിറ്റി വിലയിരുത്തി വേണം സ്ഥാനാർത്ഥിത്വം അംഗീകരിക്കു വാൻ. കൂടാതെ സുന്നഹദോസിന്റെ അനുമതി നേടിയവർക്ക് മാത്രമേ മേൽപ്പട്ടസ്ഥാനത്തേക്ക് സ്ഥാനാർത്ഥിയാകുവാൻ അനുവാദം നൽകാവൂ. സത്യസന്ധരും (integrity) മാനസികാരോഗ്യമുള്ളവരും പൊതു അംഗീ കാരമുള്ളവരും ആയ സ്ഥാനാർത്ഥികളിൽ നിന്ന് യോഗ്യതയുള്ളവർ തെരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെടുമ്പോൾ അവർക്ക് സുഗമമായ ഭദ്രാ സനശുശ്രൂഷാ സാഹചര്യം ഒരുങ്ങിക്കിട്ടും.

തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥികൾക്ക് ആവശ്യമായ പ്രത്യേക മായ പരിശീലനം ലഭ്യമാക്കണം. മേൽപ്പട്ടക്കാർക്ക് നിർവ്വഹിക്കേണ്ടി വരുന്ന സവിശേഷ കൗദാശികശുശ്രൂഷകൾ, കാനോൻ, ഭരണഘടന എന്നിവയിൽ മാത്രമായി പരിശീലനം പരിമിതപ്പെടുത്താവുന്നതല്ല. അഡ് മിനിസ്ട്രേഷൻ, ധനകാര്യം, നിയമം വിവിധ സമിതികളിൽ അദ്ധ്യക്ഷത വഹിക്കുന്നതിനാവശ്യമായ സാങ്കേതിക-പ്രായോഗിക അറിവുകൾ ഇവ യിലെല്ലാം പരിശീലനം സിദ്ധിക്കേണ്ടതുണ്ട്. ഇതു കൂടാതെ കാര്യക്ഷ മമായി ഭദ്രാസനശുശ്രൂഷ നടത്തുന്ന രണ്ടു മൂന്നു മേൽപ്പട്ടക്കാരുടെ കൂടെ നിശ്ചിതകാലം പരിശീലനം നേടിയ ശേഷം ആകണം ആ സ്ഥാനമേൽ ക്കുന്നത്. നല്ലവണ്ണം ഒരുക്കി ഒരു വ്യക്തിയെ മേൽപ്പട്ടസ്ഥാനത്തേക്ക് പ്രവേശിപ്പിക്കുക എന്നത് സഭയുടെ കർത്തവ്യമായി കാണണം.

നിയമിതനായ ശേഷം നിശ്ചിതസമയങ്ങളിൽ മെത്രാപ്പോലീത്തായുടെ ശുശ്രൂഷാ നിർവഹണം വിലയിരുത്തി അതിന്റെ റിപ്പോർട്ട് മെത്രാപ്പോ ലീത്തായ്ക്കും കാതോലിക്കോസിനും കിട്ടുവാനുള്ള ക്രമീകരണം ഉണ്ടാ വണം. അതുവഴി പ്രവർത്തനങ്ങളിൽ വരുന്ന പാകപ്പിഴകൾ തിരുത്തു വാനും പ്രത്യേക വിഷയങ്ങളിൽ ശ്രദ്ധിക്കുവാനും മെത്രാപ്പോലീ ത്തായ്ക്ക് അവസരം ലഭിക്കുന്നു. തന്റെ ശുശ്രൂഷയുടെ ഫലപ്രാപ്തി യെപ്പറ്റിയും കുറവുകളെപ്പറ്റിയും അറിവ് ലഭിക്കുന്നത് ശുശ്രൂഷ കാര്യ

ക്ഷമമാക്കുന്നതിന് മെത്രാപ്പോലീത്തായ്ക്ക് ഏറെ സഹായകമാകുകയും ചെയ്യും.

അവസാനമായി മെത്രാപ്പോലീത്താ ഭദ്രാസനശുശ്രൂഷ പത്തു വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് ഭദ്രാസന പള്ളിപ്രതിനിധി യോഗം വിളിച്ച് ചേർത്ത് 75 ശതമാനം പ്രതിനിധികളുടെ പിന്തുണ നേടിയിരിക്കണം എന്ന നിബന്ധന ഉണ്ടാകണം. പത്തു വർഷമായിട്ടും ഭദ്രാസനത്തിന്റെ പിന്തുണ നിലനിർത്തുവാൻ സാധിക്കുന്നില്ലെങ്കിൽ അവിടെ തുടരുന്നതിൽ അർത്ഥമില്ല. പത്തു വർഷത്തെ ശുശ്രൂഷകൊണ്ട് ഭദ്രാസനത്തിൽ ന്യായമായ അംഗീകാരം കിട്ടുന്നില്ലെങ്കിൽ സ്ഥലംമാറ്റം അല്ല ഭദ്രാസന ഭരണശുശ്രൂഷയിൽ നിന്ന് വിടർത്തുകയാണ് പരിഹാരം. ഇത് സഭയ്ക്ക് സഭാംഗങ്ങളോട് ചെയ്യാവുന്ന വലിയ ഉപകാരമായിരിക്കും. ഇതിനെ മേൽപ്പട്ടക്കാരെ ശിക്ഷിക്കുന്നതായി കാണേണ്ടതില്ല. നേരെമറിച്ച് സഭാശുശ്രൂഷ കൂടുതൽ സമർപ്പണത്തോടെ നിർവഹിക്കുവാൻ മെത്രാപ്പോലീത്താമാർക്ക് പ്രേരണ നൽകുന്ന നടപടിയായി കണ്ടാൽ മതി. പത്തു വർഷത്തെ സേവനത്തിനു ശേഷം എഴുപത്തഞ്ച് ശതമാനം എങ്കിലും വൈദികരുടെയും പള്ളി പ്രതിനിധികളുടെയും പിന്തുണ ഇല്ലെങ്കിൽ ഫലപ്രദമായ ശുശ്രൂഷ നിർവ്വഹിക്കുന്നതിൽ അദ്ദേഹം പരാജയപ്പെട്ടതായി പരിഗണിക്കാം. എങ്കിലും ഭദ്രാസനത്തിന്റെ പിന്തുണ നഷ്ടപ്പെട്ട മെത്രാപ്പോലീത്താമാരുടെ സേവനം ചില രംഗങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

1. സഭയുടെ ആത്മികപ്രസ്ഥാനങ്ങൾ, സ്ലീബാദാസസമൂഹം തുടങ്ങിയവയുടെ അദ്ധ്യക്ഷസ്ഥാനം പത്തു വർഷത്തേയ്ക്ക് നൽകുക.

2. സ്വന്തം ഭദ്രാസനത്തിൽ ചുരുക്കമായി മാത്രം പ്രത്യക്ഷപ്പെട്ട് വിദേശപര്യടന-പിരിവുകാര്യങ്ങളിൽ വ്യാപൃതരായി കഴിയുന്ന മേൽപ്പട്ടക്കാർ നാട്ടിലില്ലാത്ത സന്ദർഭങ്ങളിൽ അവരുടെ ഭദ്രാസനങ്ങളിൽ എപ്പിസ്കോപ്പൽശുശ്രൂഷകൾക്ക് താല്ക്കാലികമായി നിയമിക്കുക.

3. ഏതെങ്കിലും ഭദ്രാസനത്തിൽ മെത്രാപ്പോലീത്തായുടെ മരണം/ റിട്ടയർമെന്റ് വഴി ഒഴിവു വരുമ്പോൾ ഭദ്രാസനച്ചുമതലയുള്ള മെത്രാപ്പോലീത്താ തിരഞ്ഞെടുക്കപ്പെട്ടു-വാഴിക്കപ്പെടുന്നതു വരെയുള്ള കാലത്തെ ചുമതല നൽകുക.

4. ഏതെങ്കിലും ഭദ്രാസനത്തിന് അത്തരം മേൽപ്പട്ടക്കാരെ ഭദ്രാസന മെത്രാപ്പോലീത്താമാരായി ലഭിക്കണമെങ്കിൽ നിയമാനുസൃതമായി നിയമിക്കുക.

മറ്റു സാധ്യതകളും അന്വേഷിക്കാവുന്നതാണ്.

ഇതു കൂടാതെ മെത്രാപ്പോലീത്താമാർക്കും കാതോലിക്കായ്ക്കും റിട്ട യർമെന്റ് പ്രായം ക്ലിപ്തപ്പെടുത്തുന്നതും അത് കൃത്യമായി നടപ്പാക്കു ന്നതും ഈ വിഷയം സംബന്ധിച്ച് അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകും. ആരും സ്ഥാനത്യാഗം ചെയ്യേണ്ടതില്ല. റിട്ടയർമെന്റ് പ്രായം കഴിഞ്ഞവരെ വഹിക്കേണ്ടി വരുന്നത് സഭയുടെ ത്യാഗമാണ്; പലപ്പോഴും ബാദ്ധ്യതയുമാണ്. സ്വയമായി ഇതിന് തയ്യാറാകാത്തതു കൊണ്ട് ഇത് നിയമമാക്കി റിട്ടയർ ചെയ്യിപ്പിക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ഈ വിഷയം സംബന്ധിച്ച് എന്റെ ചിന്തയിൽ വന്ന കാര്യങ്ങളുടെ ആത്മാർത്ഥമായ അവതരണമാണ് ഈ രചന. ഇത് സംബന്ധിച്ച് പ്രതി കരണങ്ങൾ, തുടർ പഠനങ്ങൾ നിരീക്ഷണങ്ങൾ എന്നിവ സ്വാഗതം ചെയ്യുന്നു.

**അനുബന്ധം:**

സഭ അനേകം മേഖലകളിൽ ഗൗരവമായി ശ്രദ്ധ പതിപ്പിക്കേണ്ട സന്ദർ ഭത്തിൽ അടിയന്തരസ്വഭാവമില്ലാത്ത ഇതുപോലുള്ള വിഷയങ്ങൾ സഭ യുടെ ശ്രദ്ധയെല്ലാം പിടിച്ചുപറ്റുന്ന സാഹചര്യം സൃഷ്ടിക്കുന്നത് വിവേ കമായിരിക്കില്ല എന്ന അഭിപ്രായം ഉണ്ട്. വരുന്ന സുന്നഹദോസിൽ വിഷയം ഒരിക്കൽ കൂടി പഠിച്ച് ധാരണയുണ്ടാക്കി പരിഹാരം കണ്ടെ ത്തുന്നതിനു പകരം ഈ വിഷയത്തിൽ പ്രകടമാകുന്ന ധൃതി, ക്ഷമയി ല്ലായ്ക, അസഹിഷ്ണുത ഇവയെല്ലാം ദുരൂഹത സൃഷ്ടിക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്.

*(കണ്ടനാട് ഡയോസിഷൻ ബുള്ളറ്റിൻ, ഏപ്രിൽ, മെയ്, ജൂൺ 2014)*

# മലങ്കര അസോസിയേഷൻ ഘടനയിൽ എങ്ങനെ വ്യത്യാസം വരുത്താം

## അഡ്വ. പി. റ്റി. വറുഗീസ്

**ഓ**ഗസ്റ്റ് 10-നു കൂടുന്ന മലങ്കരസഭ മാനേജിംഗ് കമ്മിറ്റിയുടെ ആലോചനാവിഷയങ്ങളിൽ ഒന്ന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ ഘടന മേലിൽ എങ്ങനെ വേണമെന്നുള്ളതാണല്ലോ. ഈ വിഷയം സംബന്ധിച്ചു മാനേജിംഗ് കമ്മിറ്റിയിൽ നിന്നു നിയുക്തമായിരിക്കുന്ന പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ട് എന്താണെന്നറിയുവാൻ കഴിഞ്ഞിട്ടില്ല. അസോസിയേഷന്റെ പേരിൽ പള്ളി പ്രതിനിധികളായി മൂവായിരത്തിൽപരം ജനങ്ങൾ ഒരിടത്ത് ഒന്നിച്ചു കൂടുന്നതിനുള്ള ചെലവും അസൗകര്യങ്ങളും ലഘൂകരിക്കണമെന്നും, അങ്ങനെ കൂടിയാൽതന്നെ ഉണ്ടാകുന്ന പ്രയോജനം നാമമാത്രമാണെന്നുള്ള ആക്ഷേപം ദുരീകരിക്കണമെന്നും ഉള്ള ഉദ്ദേശ്യമാണല്ലോ ഈ വിഷയം ചർച്ചയ്ക്കു വെയ്ക്കുവാനുള്ള കാരണം. കഴിയുമെങ്കിൽ ഇത്ര ബൃഹത്തായ ഒരു യോഗസജ്ജീകരണം ഒഴിവാക്കണമെന്നു സഭാംഗങ്ങൾ ഏവരും ആഗ്രഹിക്കുന്നുണ്ടെന്നു വേണം വിചാരിപ്പാൻ. ഇടവകജനങ്ങളുടെ പ്രാതിനിധ്യം ഉള്ളതായിരിക്കണം അസോസിയേഷൻ എന്ന കാര്യത്തിൽ തർക്കമില്ല. ഭരണഘടന സ്വീകരിച്ചിരിക്കുന്നതും ആ തത്വമാണെന്നു ഭരണഘടന 71-ാം വകുപ്പു വായിച്ചാൽ അറിയുവാൻ കഴിയും. അസോസിയേഷന്റെ അംഗസംഖ്യ ഇരുനൂറിൽ അധികം കൂടാതെയിരിക്കുന്നത് അഭിലഷണീയമായിരിക്കുമെന്നു പൊതുവെ ഒരു അഭിപ്രായം ധ്വനിക്കുന്നുണ്ട്. ആ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തെക്കുറിച്ചു ചിന്തിക്കാം.

71-ാം വകുപ്പിൽ പറയുന്നത് അസോസിയേഷൻ യോഗാംഗങ്ങൾ ഇടവകയോഗങ്ങളിൽ തെരഞ്ഞെടുക്കപ്പെടണമെന്നാണ്. ഇടവകയോഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നവരാണല്ലോ മെത്രാസന ഇടവകയോഗാംഗങ്ങൾ (വകുപ്പ് 46). ആ സ്ഥിതിക്ക് അസോസിയേഷൻ അംഗങ്ങളെ മെത്രാസന ഇടവകയോഗാംഗങ്ങൾ തെരഞ്ഞെടുത്താൽ പോരെ? ഇടവക ജനപ്രാതിനിധ്യം എന്നുള്ള തത്വം വിടുന്നില്ല. അത് ഇടവകജനങ്ങളുടെ തെരഞ്ഞെടുപ്പ് അല്ലെന്നും പറഞ്ഞുകൂടാ. ഓരോ മെത്രാസന ഇട

വകയോഗവും അതതു ഭദ്രാസനത്തിൽ നിന്ന് 7 പട്ടക്കാരെയും 14 അയ്മേനികളെയും തെരഞ്ഞെടുക്കുകയാണെങ്കിൽ അസോസിയേഷന്റെ അംഗസംഖ്യ 210-ൽ നിറുത്താനും സാധിക്കും. ഇടവകയോഗങ്ങളുടെ തെരഞ്ഞെടുപ്പിന്റെ ഫലവും വരും. അംഗസംഖ്യ കുറയുമെന്നു മാത്രം. ഇങ്ങനെയൊരു വ്യതിയാനം നടപ്പാക്കുന്നതിന് ഇപ്പോഴത്തെ നടപടി അനുസരിച്ചുള്ള ഒരു അസോസിയേഷൻ കൂടാതെ വേറൊരു മാർഗ്ഗം എന്താണെന്നാണു പ്രശ്നം.

## അന്ത്യ തീരുമാനം

റൂൾ കമ്മിറ്റിയിൽ കൂടിവരുന്ന ഭേദഗതികൾക്ക് അന്ത്യതീരുമാനം വേണമെങ്കിൽ അവ ഒടുവിൽ അസോസിയേഷനിൽ വരണം. അതായത് അംഗസംഖ്യ മേലാൽ ചുരുക്കുന്നതിനും മറ്റുമുള്ള ഭേദഗതി അവസാനമായി പാസ്സാക്കുന്നതിന് ഇപ്പോഴത്തെപ്പോലെ വിപുലമായ രീതിയിലുള്ള അസോസിയേഷൻ യോഗം തന്നെ ഒരു തവണയെങ്കിലും കൂടേണ്ടിയിരിക്കുന്നു. ആ ഭാരവും കൂടി ഒഴിവാക്കാൻ കഴിയുന്ന മാർഗ്ഗം ഉണ്ടോ എന്നാണു നോക്കേണ്ടത്.

ഭരണഘടന 129-ാം വകുപ്പിൽ ഇങ്ങനെ പറയുന്നുണ്ട്. “ഈ നിയമത്തിൽ അടങ്ങിയ തത്വത്തിനു വിരോധമല്ലാത്ത ഉപചട്ടങ്ങളെ ഇടവകയോഗം, മെത്രാസന ഇടവകയോഗം, മെത്രാസന കൗൺസിൽ എന്നീ സ്ഥാപനങ്ങൾ അപ്പഴപ്പോൾ പാസ്സാക്കി റൂൾ കമ്മിറ്റി വഴി മാനേജിംഗ് കമ്മിറ്റിയിൽ കൊണ്ടുവന്ന്, മാനേജിംഗ് കമ്മിറ്റിയുടെ അനുമതിയോടുകൂടി നടപ്പിൽ വരുത്തിക്കൊള്ളാവുന്നതാകുന്നു.” ഏറ്റവും എളുപ്പമായതും എന്നാൽ ഭരണഘടനയോടു യോജിച്ചതുമായ മാർഗ്ഗം ഉണ്ടോ എന്നാണു ചിന്തിക്കേണ്ടത്. 129-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ ഓരോ മെത്രാസന ഇടവകയോഗവും, താഴെ പറയുന്നതിന്റെ അർത്ഥം വരത്തക്കവണ്ണം ഓരോ നിശ്ചയം പാസ്സാക്കി കമ്മിറ്റി വഴി മാനേജിംഗ് കമ്മിറ്റിക്ക് അയച്ചു അവിടെയും പാസ്സാക്കപ്പെട്ടാൽ, ആ വിധത്തിൽ രൂപവൽക്കരിക്കപ്പെടുന്ന അസോസിയേഷനു നിയമപരമായി വല്ല അസാധുത്വവും ഉണ്ടോയെന്നാണു ചിന്തിക്കേണ്ടത്. നിശ്ചയത്തിന്റെ ഏകദേശരൂപം - “71-ാം വകുപ്പിൽ അസോസിയേഷൻ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത് ഇടവകയോഗമാണെന്നു പറഞ്ഞിട്ടുണ്ടെങ്കിലും, ഇടവക പ്രാതിനിദ്ധ്യം എന്ന തത്വത്തെ വെടിയാതെയും, പല പ്രായോഗിക വിഷയങ്ങളെ പരിഗണിച്ച് അസോസിയേഷന്റെ അംഗസംഖ്യ പരിമിതപ്പെടുത്തേണ്ടതാണെന്നുള്ള അഭിപ്രായത്തെ ആദരിച്ചും മേലാൽ ഓരോ മെത്രാസന ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന 7 പട്ടക്കാരും, 14 അയ്മേനികളും, കൂടാതെ നിലവിൽ ഇരിക്കുന്ന മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ചേർന്നി

# മലങ്കര അസോസിയേഷനും സഭയുടെ ഭാവിയും

ഫാ. ഡോ. കെ. എം. ജോർജ്

**ആ**ധുനിക ജനായത്ത വ്യവസ്ഥകൽ മിക്കതും പാലിച്ചുകൊണ്ട് ഭരണാധികാരികളെ തിരഞ്ഞെടുക്കുന്ന ക്രിസ്തീയ സഭയാണ് മലങ്കര ഓർത്തഡോക്സ് സഭ. മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായ കാതോലിക്കാബാവാ മുതൽ ഇടവകപള്ളി കമ്മറ്റിയംഗം വരെയുള്ള വരെ തിരഞ്ഞെടുക്കുന്നതിൽ ജനങ്ങളുടെ ശബ്ദം നിർണ്ണായകമാണ്. ജനശബ്ദം ദൈവശബ്ദമാണ്, (Vox populi vox Dei) എന്നൊരു ലത്തീൻ പഴഞ്ചൊല്ലുണ്ട്.

തത്ത്വത്തിൽ ഇങ്ങനെയാണെങ്കിലും ഒരു തിരഞ്ഞെടുപ്പു വരുമ്പോൾ ജനങ്ങളുടെ ശബ്ദത്തെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കാനും മാറ്റിയെടുക്കാനും കഴിയുമോ അങ്ങനെയെല്ലാം ചെയ്യാൻ സ്ഥാനാർത്ഥികൾ ശ്രമിക്കും. ചിലർ ന്യായമായ മാർഗ്ഗങ്ങൾ ഉപയോഗിക്കും. മറ്റുചിലർ ആശാസ്യമല്ലാത്ത വഴികൾ തേടും. സ്ഥാനാർത്ഥികളെക്കുറിച്ചും അവരുടെ പശ്ചാത്തലത്തെക്കുറിച്ചും സാധാരണ ജനങ്ങൾക്ക് വലിയ ധാരണ കാണുകയില്ല. ഒരു കമ്പനിയിൽ ഉന്നത ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്യുമ്പോൾ അവരുടെ മുൻചരിത്രം അഥവാ track record കർശനമായി അന്വേഷിക്കാറുണ്ട്. മുൻ ഉഴവുചാലുകളിൽ കുഴപ്പക്കാരനാണെങ്കിൽ അതൊക്കെ ആവർത്തിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. നിർണ്ണായകമായ ഒരു പരിശോധനയാണിത്. ക്രിമിനൽ പശ്ചാത്തലമുള്ള അധാർമ്മികനായ ഒരു വ്യക്തിയാണെങ്കിൽപ്പോലും ധാരാളം പണവും പരസ്യവും പ്രചരണവും ഉപയോഗിച്ച് ജനങ്ങളുടെ ശബ്ദത്തെ തനിക്കനുകൂലമായി മാറ്റിയെടുക്കാൻ കഴിയും. അതുകൊണ്ടാണ് ഇൻഡ്യാപോലെയുള്ള ജനായത്ത രാഷ്ട്രങ്ങളിൽ തെരഞ്ഞെടുപ്പ് നടത്താൻ വിപുലമായ അധികാരമുള്ള ഇലക്ഷൻ കമ്മീഷനെ നിയമിക്കുന്നത്. ജനങ്ങളെ വ്യാജപ്രചരണം, പണം എന്നിവ ഉപയോഗിച്ച് അനാശാസ്യ മാർഗ്ഗങ്ങളിലൂടെ സ്വാധീനിക്കുന്നത് തടയാൻ ശക്തമായ നിയമങ്ങളുണ്ട്. എങ്കിലും ചില വീരന്മാർ നുഴഞ്ഞുകയറും. ഭരണത്തിന്റെ തലപ്പത്ത് അവരെത്തും.

പക്ഷേ കുറെക്കാലം കഴിഞ്ഞ് അവരെ തീഹാർ ജയിലിലും മറ്റും കാണാം. ഇതാണ് നിയമത്തിന്റെ ശക്തി.

മാതൃകാപരമായ തെരഞ്ഞെടുപ്പ് നടത്തി, രാഷ്ട്രത്തിനുകൂടി മാതൃക കാണിച്ചുകൊടുക്കേണ്ട സഭയിൽ ഇത്രയും വലിയ നിയമവ്യവസ്ഥകളൊന്നുമില്ല. കാരണം കുറച്ചൊക്കെ ധാർമ്മികബോധവും ലജ്ജയും തന്റെ അയോഗ്യതയെക്കുറിച്ചുബോധവുമുള്ള ആരും ഭരണനേതൃത്വത്തിലേക്ക് മൽസരിക്കയില്ല എന്നൊരു പൊതുധാരണ സഭയിൽ നിലവിലുണ്ടായിരുന്നു. നല്ല ഉദാഹരണമാണ് മെത്രാൻ തെരഞ്ഞെടുപ്പ്. ഇപ്പോൾ നിലവിൽ വരുത്തിയിരിക്കുന്ന സ്ക്രീനിംഗ് പ്രക്രിയയിൽ വിദ്യാഭ്യാസം, പ്രായം, സാക്ഷ്യം തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ നിയമങ്ങളുണ്ട്. എന്നാൽ അങ്ങനെ യാതൊരു നിയമവും അടുത്തകാലം വരെ ഉണ്ടായിരുന്നില്ല. കാരണം, വളരെ യോഗ്യരെന്ന് എല്ലാവരും സമ്മതിക്കുന്ന വ്യക്തികൾപോലും ആ സ്ഥാനത്തിന് തങ്ങൾ അനർഹരാണ് എന്ന് വിശ്വസിക്കയും അതിൽനിന്ന് പിൻതിരിയാൻ ശ്രമിക്കയും ചെയ്തിരുന്നു ഒരുകാലത്ത്. ഇപ്പോൾ, സംഗതികൾ തലതിരിഞ്ഞു. അപ്പോൾ പുതിയ നിയമവ്യവസ്ഥകളും വന്നു. എന്നാൽ ഏതു ചട്ടങ്ങളെയും നിയമങ്ങളെയും മറികടന്ന്, അത്ര 'ഓക്സിയോസ്' അല്ലാത്ത ചിലർക്കും കയറിപ്പറ്റാനുള്ള ഓട്ടകൾ എപ്പോഴും ഏതു നിയമ സംവിധാനത്തിലും കാണും. ന്യായമായ തെരഞ്ഞെടുപ്പു വ്യവസ്ഥകളൊന്നുമില്ലാത്ത കേരളത്തിലെ ഒരു സഭയിൽ അൻപതുലക്ഷം രൂപാവരെ പേശി പലർക്കും മെത്രാൻ സ്ഥാനം കൊടുക്കുന്നുണ്ട് എന്ന് ശക്തമായ കേൾവിയുണ്ട്. നീതിക്കുവേണ്ടി വാദിക്കുന്ന ചിലരൊക്കെ സ്ഥാനത്തിനുവേണ്ടി ഇത്തരം അനീതിയുടെ മുദ്രപ്പത്രത്തിൽ നിരന്തരം ഒപ്പിട്ടുകൊടുത്തുകൊണ്ടാണിരിക്കുന്നത്. സുവിശേഷം മാത്രം പറയുന്ന ഒരു പുതിയ സഭയിൽ ഒരാൾ മെത്രാൻ സ്ഥാനം ലഭിക്കാൻ കോടികൾ മുടക്കിയ കഥയും രഹസ്യമല്ല. ശക്തമായ ഭരണഘടനയും നിയമാനുസൃത തെരഞ്ഞെടുപ്പുമുള്ള ഒരു സഭാസംവിധാനത്തിൽ അങ്ങനെയൊരു സംഗതി ഉണ്ടാവാൻ ഇടയില്ല.

ധാർമ്മിക മാനദണ്ഡങ്ങളൊക്കെ മെത്രാൻ തെരഞ്ഞെടുപ്പിന് മതി, മറ്റ് സ്ഥാനങ്ങളിലേക്ക് അതൊന്നും വേണ്ട, ആർക്കും കയറി നിൽക്കാം, എന്നൊരു ധാരണയും ജനങ്ങൾക്കിടയിൽ പരത്താൻ പലരും ശ്രമിക്കുന്നുണ്ട്. ഇത് ശരിയല്ല. "ദൈവജനം" എന്നും "യേശുക്രിസ്തുവിന്റെ ശരീരം" എന്നും വിളിക്കപ്പെടുന്ന സഭയുടെ ഭരണസംവിധാനത്തിലേക്ക് തെരഞ്ഞെടുപ്പ് വരുമ്പോൾ ആത്മീകമായ മാനദണ്ഡങ്ങൾ അത്യന്താപേക്ഷിതമാണ്. അതു നിർബന്ധമായും വച്ചില്ലെങ്കിൽ, സ്വാഭാവികമായും പണം, പ്രചരണം, ഭീഷണി എന്നിവ ഉപയോഗിച്ച് അനർഹർ സ്ഥാനം

നേടും. ഇവിടെ “ജനങ്ങളുടെ ശബ്ദ”ത്തെ, സ്വാർത്ഥതാൽപ്പര്യങ്ങളുടെ ശബ്ദമാക്കി മാറ്റിമറിക്കാൻ കഴിയും എന്നു നാം മറക്കരുത്.

ഇൻഡ്യൻ സിവിൽ സർവ്വീസിന്റെ കർശനമായ ഉന്നത പരീക്ഷകൾ പാസ്സായി വരുന്ന മിക്ക ഐ. പി. എസ് ഉദ്യോഗസ്ഥന്മാരെക്കാളും ഒരു പക്ഷേ നന്നായി തന്ത്രങ്ങൾ മെനയാനും എതിരാളിയെ നേരിടാനും കഴിവുള്ളവരായിരിക്കും രാജ്യത്തെ വൻകൊള്ളത്തലവന്മാരും അധോലോക നേതാക്കളും. പക്ഷേ അവരെ അല്ല നാം പോലീസ് സംവിധാനത്തിന്റെ തലപ്പത്ത് വയ്ക്കുന്നത്. കാരണം കൊള്ളത്തലവന്റെ ആത്യന്തിക ലക്ഷ്യം കൊള്ളയും കൊള്ളിവെപ്പുമാണ്, രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമമല്ല, യാതൊരു തത്വദീക്ഷയും ഇല്ലാതെ പ്രവർത്തിക്കുന്നവരെ നേതാക്കളായി കരുതുകയും ആരാധിക്കുകയും ചെയ്യുന്ന ദുർബലന്മാരുണ്ടാവാം. ഭയം, സ്ഥാനമോഹം, പ്രതികാരബുദ്ധി തുടങ്ങിയ വികാരങ്ങളാവാം അതിനു പുറകിൽ.

അപ്പോസ്തോല പ്രവൃത്തികളിൽ, ഏഴ് ശെമ്മാശ്ശന്മാരെ തിരഞ്ഞെടുക്കുന്ന ഭാഗം ശ്രദ്ധേയമാണ്. ആദിമസഭയിൽ, ഭക്ഷണം വിളമ്പുന്നത് സംബന്ധിച്ച്, സ്ത്രീകൾ തമ്മിലുണ്ടായ തർക്കങ്ങൾ പരിഹരിച്ച്, ഊട്ടുപുരയിൽ ക്രമസമാധാനം പാലിക്കാനാണ് അവരെ തെരഞ്ഞെടുക്കുന്നത്. കുറെ തടിമിടുക്കും പ്രായോഗികബുദ്ധിയും ധാരാളം മതി ഈ ജോലിക്ക്. പക്ഷേ അപ്പോസ്തോലന്മാർ മാനദണ്ഡങ്ങൾ വ്യക്തമാക്കി ഇങ്ങനെയാണ് സഭയോടു പറഞ്ഞത്: *“ആകയാൽ സഹോദരന്മാരെ, ആത്മാവും ജ്ഞാനവും നിറഞ്ഞു, നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽത്തന്നെ തിരഞ്ഞുകൊൾവിൻ. അവരെ ഈ വേലക്ക് ആക്കാം’ (6:3).* ആ ഏഴുപേരിൽ നിന്നാണ് സ്തേഫാനോസ് ശെമ്മാശൻ ക്രിസ്തുവിനുവേണ്ടി അതിശക്തമായ സാക്ഷ്യം വഹിച്ച, സഭയുടെ ആദ്യരക്തസാക്ഷിയായിത്തീർന്നത്. സഭയിൽ ഏതു സ്ഥാനത്തേക്കു തിരഞ്ഞെടുപ്പ് നടത്തുമ്പോഴും അപ്പോസ്തോലന്മാർ മുന്നോട്ടുവച്ച മൂന്നു മാനദണ്ഡങ്ങൾ-ആത്മാവും ജ്ഞാനവും നല്ല സാക്ഷ്യവും-സുപ്രധാനമാണ്.

മലങ്കരയിലെ കാതോലിക്കേറ്റിന്റെ നൂറാം വാർഷികം ആഘോഷിക്കുമ്പോൾ, സഭയ്ക്ക് പരിശുദ്ധാത്മനിറവും ജ്ഞാനവും പൊതുസമൂഹത്തിൽ നല്ല സാക്ഷ്യവുമുള്ള ഒരു നേതൃനിര ഉണ്ടാകണം എന്ന ലക്ഷ്യത്തെ നാം ഉയർത്തിപ്പിടിക്കണം. വെറും രാഷ്ട്രീയ പ്രേരിതമായ മാതൃക നാം വർജ്ജിക്കണം. നല്ല പരിശീലനം ലഭിച്ച നമ്മുടെ വൈദികരും ഇടവക ജനങ്ങളും ചേർന്നാണ് വാസ്തവത്തിൽ സഭയുടെ ജീവനാഡി സൃഷ്ടിക്കുന്നത്. അവരെ നിരാശപ്പെടുത്തുകയും ചിന്താക്കുഴപ്പത്തിലാക്കുകയും ചെയ്യുന്ന ശൈലികൾ മേൽത്തട്ടുകളിൽ നിന്നുണ്ടാ

യാൽ അത് നമ്മുടെ ജനങ്ങളെയും വൈദികരെയും നിരാശപ്പെടുത്തും. സെമിനാരി പരിശീലനം ലഭിച്ച യുവ വൈദികർക്ക് വലിയ ബുദ്ധിമുട്ടില്ലാതെ അവരുടെ കുടുംബം പുലർത്തുന്നതിനും കുട്ടികളെ പഠിപ്പിക്കുന്നതിനും സഹായിക്കുന്ന മാന്യമായ ശമ്പള-സേവന വ്യവസ്ഥകൾ ഉണ്ടാക്കുകയും നമ്മുടെ സമൂഹത്തിന്റെ മാറിവരുന്ന അജപാലന സാഹചര്യങ്ങളോടു ക്രിസ്തീയമായി പ്രതിസ്പന്ദിക്കുവാൻ ആവശ്യമായ തുടർപരിശീലനം അവർക്ക് നൽകുകയും ചെയ്യേണ്ടത് സഭയുടെ അടിയന്തിരാവശ്യമാണ്. പരിശീലനം ലഭിച്ച നമ്മുടെ വൈദികരുടെ നല്ല പ്രവർത്തനങ്ങൾക്ക് നമ്മുടെ ധാരാളം ഇടവകകൾ ഇന്ന് സാക്ഷ്യം വഹിക്കുന്നുണ്ട്. സഭയുടെ പ്രധാന മൂലധനം വിശ്വാസികളായ ജനങ്ങളും അവരെ നയിക്കുന്ന ഇടവകവൈദികരുമാണ്. അതുകൊണ്ട് ഇടവകതലത്തിലുള്ള അജപാലനശുശ്രൂഷയിൽ നമ്മുടെ ശക്തിയുടെ നല്ല പങ്ക് നാം വിന്യസിക്കണം.

ആവശ്യത്തിനും അനാവശ്യത്തിനും ഭദ്രാസനങ്ങൾ സൃഷ്ടിക്കയും അവയ്ക്ക് ആനുപാതികമായ ഇടയസന്നാഹങ്ങൾ ഒരുക്കുകയും ചെയ്തിട്ടും മിഷൻ എന്ന ആശയം മുൻനിർത്തി ഒരു ഭദ്രാസനമോ മെത്രാനെയോ സൃഷ്ടിച്ചില്ല എന്നൊരു വലിയ കുറ്റം നമുക്കുണ്ട്. ആന്തരിക സംഘർഷങ്ങളിൽ നിന്നും അന്തർമുഖത്വത്തിൽ നിന്നും സഭയെ എല്ലാക്കാലത്തും മോചിപ്പിച്ചുകൊണ്ടിരുന്നത് അതിന്റെ മിഷണറി ദൗത്യബോധമാണ്. ദുഃഖപൂർണ്ണവും വഞ്ചനയുള്ളതുമായ ഈ ലോകത്തിൽ മനുഷ്യർ ആദ്ധ്യാത്മികമായി എന്താണ് അഭിലഷിക്കുന്നത് എന്നു മനസ്സിലാക്കിയും യേശുക്രിസ്തു എന്തിനുവേണ്ടിയാണ് മനുഷ്യാവതാരം ചെയ്തത് എന്ന് തിരിച്ചറിഞ്ഞും, സ്നേഹവും വിശ്വാസവും പ്രത്യാശയുമുള്ള ജീവിത മാതൃക ലോകത്തിനു കാണിച്ചു കൊടുക്കുന്നതാണ് മിഷൻ. സ്നേഹവും സമാധാനവും നീതിയും സത്യവും വസിക്കുന്ന ഇടങ്ങളാണ് മനുഷ്യൻ തേടുന്നത്. ക്രിസ്തീയ സഭയുടെ ദൗത്യം ഇത്തരം ഇടങ്ങളെ സൃഷ്ടിക്കയാണ്. നമ്മുടെ അജപാലന ശുശ്രൂഷ ഈ ലക്ഷ്യത്തിലേക്ക് നീങ്ങാൻ സഹായിക്കുന്ന ഒരു നേതൃനിര നമുക്ക് കരുപ്പിടിപ്പിക്കാം.

*(എഡിറ്റോറിയൽ, പുരോഹിതൻ)*

# സഭാ തിരഞ്ഞെടുപ്പുകളിൽ ഉത്തരവാദിത്വത്തോടെ പങ്കുചേരുക

## ഫാ. ഡോ. റെജി മാത്യു

**മ**ലങ്കരസഭയുടെ ഭരണസാരഥ്യം വഹിക്കുവാൻ മുന്നോട്ടു വരുന്നവരുടെ സംഖ്യ മുമ്പത്തെക്കാളും വർദ്ധിച്ചിരിക്കുന്നു എന്നത് സ്വാഗതാർഹമാണ്. എന്നാൽ മലങ്കര അസോസിയേഷനിലും അതുവഴി മാനേജിംഗ് കമ്മിറ്റിയിലും കയറിപ്പറ്റുവാൻ ഇക്കൂട്ടർ കാണിക്കുന്ന അമിതമായ ആവേശം ആത്യന്തികമായി സഭയെ വളർത്തുന്നതിനാണോ അതോ സഭാഗാത്രത്തെ തളർത്തുന്നതിനാണോ മുഖാന്തരമായി തീരുന്നത് എന്നു ചിന്തിക്കുന്നതു നല്ലതാണെന്നു തോന്നുന്നു. പ്രത്യേകിച്ചും അസോസിയേഷൻ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടുവാൻ നമ്മുടെ ആളുകൾ ഇടവകതോറും നടത്തിവരുന്ന പ്രചരണവും മറ്റും തികച്ചും ലജ്ജാകരമായ പ്രവണതകളിലേക്ക് നീങ്ങിയ സാഹചര്യത്തിൽ ചെറിയ ഇടവകകളിൽപോലും മണിക്കൂറുകളോളം നീണ്ടുനിന്ന പൊതുയോഗങ്ങളും രഹസ്യ വോട്ടെടുപ്പുകളും മറ്റും പല ഇടവകകളെയും ഭിന്നിപ്പിന്റെ ആത്മാവിൽ എത്തിച്ചിരിക്കുകയാണ്. ഇതിനൊക്കെ പുറകിൽ ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സഭയുടെ ഉന്നത പദവികളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ തയ്യാറെടുക്കുന്ന ചില സ്ഥാനാർത്ഥികളുടെയും ഏജന്റുമാർ പ്രവർത്തിച്ചു എന്നു കൂടി കേൾക്കുമ്പോഴാണ് സംഗതിയുടെ ഗൗരവത്തെപ്പറ്റി നാം മനസ്സിലാക്കുന്നത്. മലങ്കരസഭയുടെ അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ കൂട്ടുകെട്ടിനു അടിയറവ് പറയേണ്ട സമിതികളല്ല. ആരെങ്കിലും അങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നെങ്കിൽ അവർ സഭാസ്നേഹം ഉള്ളവരല്ല എന്നും പറയേണ്ടി വരും. ഈ സഭ ഇരുപതു നൂറ്റാണ്ടു പിന്നിട്ടത് ഒരു അധികാരസ്ഥാനത്തിന്റെയും പിൻബലമില്ലാതെ സത്യത്തിലും നീതിയിലും പ്രവർത്തിക്കുവാൻ ശ്രമിച്ചതിന്റെ പശ്ചാത്തലത്തിലാണ്. ഇതിനു നേതൃത്വം നൽകിയ വൈദികരും അവൈദികരും പ്രവർത്തിച്ചത് സഭയ്ക്ക് എന്റെ ഭാഗത്തുനിന്ന് എന്തു കൊടുക്കുവാൻ സാധിക്കും എന്ന മനോഭാവത്തോടെയായിരുന്നു; അല്ലാതെ സഭയിൽ നിന്ന് എനിക്കെന്തു കിട്ടും എന്നുള്ള ചിന്തയിലല്ല. സ്ഥാനമാനങ്ങൾ അല

ങ്കാരങ്ങളായി കരുതുന്നവരെയും അവയിലൂടെ സമൂഹത്തിലെ അധി കാരകേന്ദ്രങ്ങളായി തീരുവാൻ ഉദ്യമിക്കുന്നവരെയുമല്ല ഈ സഭ യ്ക്കാവശ്യം. ഇക്കാര്യത്തിൽ നമ്മുടെ പിതാക്കന്മാരും അർപ്പണബോധ മുള്ള അമ്മമാരും കെട്ടിയുയർത്തിയ ചില മൂല്യങ്ങൾ നാം കൈവിടാതെ സൂക്ഷിക്കേണ്ടതായിട്ടുണ്ട്.

ഇത്തരുണത്തിൽ ഒന്നാമതായി, നമ്മുടെ വിശ്വാസവും പൈതൃകവും മുറുകെ പിടിക്കുന്നവർ വേണം അടുത്ത അഞ്ചു വർഷം സഭയെ ഭരി ക്കേണ്ടത്. രണ്ടാമതായി, ക്രമമായി ആരാധനയിൽ സംബന്ധിക്കുന്നവരും ഭക്തിയോടെ വി. കുർബാന അനുഭവമുൾപ്പെടെയുള്ള ജീവിതനിഷ്ഠ യുള്ളവരുമാണ് നേതൃസ്ഥാനത്തേക്കു വരേണ്ടത്. മൂന്നാമതായി, അപ്പോ സ്തോലിക കാലം മുതൽ പറഞ്ഞുവരുന്നതുപോലെ സ്വന്തം കുടുംബത്തെ ശാന്തമായി നയിക്കുന്നവരുമായിരിക്കണം ഉന്നതസമിതി കളിലിരുന്ന് സഭയെ നയിക്കേണ്ടത്. നാലാമതായി, പൊതു സമിതിക ളിൽ വരുന്ന വിഷയങ്ങൾ പഠിക്കുവാനും അർത്ഥവത്തായി ചർച്ച ചെയ്യു വാനും കഴിവുള്ളവരായിരിക്കണം നമ്മുടെ നേതാക്കന്മാർ. അവസാന മായി, സഭയെ സംബന്ധിച്ച് സ്വപ്നങ്ങൾ കാണുന്നവരും നല്ല ദർശനമു ള്ളരുമാകട്ടെ സഭയെ നയിക്കുന്നത്. സഭാ മാനേജിംഗ് കമ്മിറ്റിയിലേ ക്കുള്ള സ്ഥാനികളെ പരിചയത്തിന്റെയോ, ബന്ധത്തിന്റെയോ, രാഷ്ട്രീയ ചായ്‌വിന്റെയോ, അനുകമ്പയുടെയോ മാത്രം അടിസ്ഥാനത്തിൽ തിര ഞ്ഞെടുക്കാതെ, ഇത് ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ട വിഷയമാണെന്നു മനസ്സിലാക്കി ചിന്തിച്ചും പ്രാർത്ഥിച്ചും തിരഞ്ഞെടു പ്പിൽ നമുക്കു പങ്കുചേരാം.

*(ജോർജിയൻ മിറർ, 2012 ഏപ്രിൽ-ജൂൺ)*

# ആരെ ഞാൻ തെരഞ്ഞെടുക്കേണ്ടു?

## ഷാജൻ മാത്യു ചെങ്ങന്നൂർ

"**അ**ധികാരം ദൈവത്തിൽ നിന്ന്" (വി. ലൂക്കോസ് 10:19).

"ദൈവത്താലലല്ലാതെ ഒരധികാരവുമില്ല" (റോമർ 13:1).

അണ്ഡകടാഹത്തിന്റെ സ്രഷ്ടാവായ ദൈവം അതിന്റെ മകുടമായി മനുഷ്യനെ നിർമ്മിച്ച് ആക്കി വെച്ചിരിക്കുന്നു. സാമൂഹ്യജീവിയായ മനുഷ്യന്റെ സുഗമമായ ജീവിതയാത്രയ്ക്ക് നിയമങ്ങളും, ചട്ടങ്ങളും, ദൈവാത്മപ്രേരണയാലും, ആവശ്യകതാബോധ്യത്താലും ഉണ്ടാകുകയും, അതിന്റെ ഭംഗിയായ പാലനത്തിനായി വേണ്ട സംവിധാനങ്ങൾ ക്രമീകരിക്കപ്പെടുകയും ചെയ്തു.

ക്രിസ്തീയ സഭയുടെ ആരംഭത്തിൽ ക്രിസ്തുവിന്റെ ചൈതന്യം ഉൾക്കൊണ്ട് സഭയെ നയിക്കുവാനും, പരിപോഷിപ്പിക്കുവാനും, വിശുദ്ധ അപ്പോസ്തോലന്മാരും തുടർന്ന്, അവരാൽ കൈവെപ്പ് ലഭിക്കപ്പെട്ടിട്ടുള്ള മൂപ്പന്മാരും, ശുശ്രൂഷകന്മാരും, മറ്റ് സ്ഥാനികളും ഉണ്ടാകപ്പെട്ടു.

വി. ലൂക്കോസ് 10:18–ൽ ഭൗതികമായ എല്ലാ ശക്തികൾക്കും എതിരെ കർത്താവ് താൻ തെരഞ്ഞെടുത്തവർക്ക് അധികാരം നൽകുന്നതായി കാണുന്നു. താൻ തെരഞ്ഞെടുത്ത് അധികാരം നൽകിയ സ്ഥാനികളോട് കർത്താവ് നൽകുന്ന ഉപദേശങ്ങളിൽ നിന്നും തന്റെ പ്രവർത്തനങ്ങളിൽ നിന്നും നേതൃത്വസ്ഥാനികൾക്ക് എന്നേക്കും ഉണ്ടാകേണ്ട ഗുണങ്ങൾ അല്പമായി വിശകലനം ചെയ്യാം.

### 1. 'തനിക്ക് മുമ്പായി ഈരണ്ടായി അയച്ചു' (വി. ലൂക്കോസ് 10:1)

നേതൃത്വസ്ഥാനികൾ ക്രിസ്തുവിന്റെ മുൻഗാമികളായി പ്രവർത്തിക്കണം. ക്രിസ്തുസന്ദേശവാഹകരാകണം. ക്രിസ്തുവിന്റെ താല്പര്യസംരക്ഷകരായി നേതൃത്വത്തിൽ വരുന്നവർ പ്രവർത്തിക്കുന്നവരാകണം. ഈരണ്ടായി അയച്ചുവെന്നതിൽ നിന്നും അവർ സുതാര്യരായിരിക്കണമെന്നും, പാരസ്പര്യതയോടെ പ്രവർത്തിക്കുന്നവർ ആയിരിക്കണമെന്നും കർത്താവ് ഉദ്ദേശിക്കുന്നു. കൂടെയുള്ളവരുടെ കുതികാൽ വെട്ടി, നേതൃത്വ

സ്ഥാനത്തേക്ക് സൂത്രങ്ങൾ മെനഞ്ഞ് ഇടിച്ചു കയറി വരുന്നവരും, അങ്ങനെ തുടരുവാൻ വെമ്പുന്നവരും തെരഞ്ഞെടുക്കപ്പെടുന്നത് ദൈവേഷ്ടക്ക് വിധേയമായി നാം സമ്മതിദാനം വിനിയോഗിക്കുന്നതു മൂലമാണോ? അതോ വേറെ വാതിൽ വഴി വരുന്നവരാണോ? എന്ന് നാം ദൈവാത്മാവിൽ ചിന്തിക്കണം.

**2. "തന്റെ കൊയ്ത്തിന് വേലക്കാരെ അയക്കേണ്ടതിന് അപേക്ഷിപ്പിൻ"** (വി. ലൂക്കോസ് 10:2)

പ്രാർത്ഥിക്കുന്നവരായിരിക്കണം നേതൃത്വത്തിലുള്ളവർ. പ്രാർത്ഥന, ദൈവവുമായുള്ള സൗഹാർദ്ദമാണ്, കൂട്ടായ്മയാണ്.

കൗദാശിക ജീവിതത്തിലും, യാമപ്രാർത്ഥനകളിലും പങ്കെടുക്കാതെയും, കുടുംബാരാധനയ്ക്ക് നേതൃത്വം നൽകാതെയും, സംബന്ധിക്കാതെയും, സൺഡേസ്കൂൾ പഠനം പോലും ഇല്ലാതെയും സ്ഥാനമോഹികളായി ഇടവക/സഭാതലത്തിൽ പ്രവർത്തിക്കുവാൻ ഉത്സാഹം കാട്ടുന്നവർക്ക് താല്പര്യം പരിശുദ്ധ സഭയുടെ ഉയർച്ചയല്ല. തനിക്കു ശേഷം പ്രളയം എന്നു ചിന്തിക്കുന്നവരെയല്ല മറിച്ച് കൂടുതൽ പ്രവർത്തകരെ നേതൃത്വത്തിലേക്ക് കൊണ്ടുവരുന്നവരെയാണ് കർത്താവ് നേതൃത്വസ്ഥാനികളായി കാണുന്നത്. സ്ഥിരംകുറ്റികളായി നിൽക്കാതെ മറ്റുള്ളവരേയും വളർത്തിയെടുക്കുന്നവരെയാണ് ആവശ്യം.

**3. "ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെപ്പോലെ അയച്ചിരിക്കുന്നു"** (വി. ലൂക്കോസ് 10:3)

നേതൃത്വസ്ഥാനം സുഖകരവും, ആശ്വാസദായകവുമല്ല. മുള്ളും പറക്കാരയും നിറഞ്ഞതാണ്. പ്രതിസന്ധികൾ നിറഞ്ഞതാണ്. കാർമേഘപടലാവൃതമാണ്. സഭാഗാത്രത്തിന്റെ വിഷമങ്ങളെ, വെല്ലുവിളികളെ സന്തോഷപൂർവ്വം ഏറ്റെടുത്തുകൊണ്ട് ശാന്തിയുടേയും സമാധാനത്തിന്റേയും പാതയിൽ ജനങ്ങളെ സേവിപ്പാൻ കഴിയുന്നവരായിരിക്കണം നേതൃത്വസ്ഥാനികൾ.

**4. "സഞ്ചിയും, പൊക്കണവും, ചെരിപ്പും എടുക്കരുത്. വഴിയിൽ വച്ച് ആരെയും വന്ദനം ചെയ്യുകയുമരുത്"** (വി. ലൂക്കോസ് 10:4)

എന്താകും എന്ന ഉൽകണ്ഠയോടെ ശുഭാപ്തി വിശ്വാസമില്ലാത്തവർ നേതൃത്വത്തിൽ വരുന്നത് ദോഷകരമാണ്. പണത്തിനുവേണ്ടിയും, പ്രശസ്തിക്കുവേണ്ടിയും സ്ഥാനമോഹികളാകുന്നവർ സമൂഹത്തിന് ശാപമായിത്തീരും. അവർ അഴിമതിക്കും, അത്യാഗ്രഹത്തിനും കൂട്ടാളികളാകും. പണവും, സ്വാധീനവും അർഹത നിശ്ചയിക്കുന്ന അപചഃയുതിയിലേക്ക് കാര്യങ്ങൾ താഴ്ന്നിറങ്ങും. അങ്ങനെ അധികാര/നേതൃത്വസ്ഥാന

ങ്ങളിലേക്ക് നുഴഞ്ഞിറങ്ങി കയറിക്കേറുന്നവർ നിൽക്കരുതാത്ത സ്ഥാനത്ത് നിൽക്കുന്ന ആപൽസ്ഥാനികളാണ്. സൂക്ഷിക്കുക.

**5. "എങ്കിലും ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ"** (വി. ലൂക്കോസ് 10:20)

എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടി പത്രതാളുകളിൽ പേർ വരുത്തുവാൻ വെമ്പുന്നവരും, മാധ്യമങ്ങളിൽ നിഴലിച്ചുനിന്ന് സ്വയം പ്രശസ്തി വരുത്തുന്നവരുമല്ല കർത്താവിന്റെ കാഴ്ചപ്പാടിലെ നേതൃത്വസ്ഥാനികൾ. തന്റെ സഭയുടെ, സമൂഹത്തിന്റെ ശ്രേയസ്കരമായ ഉയർച്ചയ്ക്ക് നിശബ്ദതയോടെ ധീരമായി പ്രവർത്തിക്കുന്നവരാണ് സ്ഥാനത്തേക്ക് വന്നുചേരേണ്ടത്. എളിമയുടെയും താഴ്മയുടെയും മാതൃകകളായി നേതൃത്വസ്ഥാനികൾ/അധികാരസ്ഥാനികൾ ശോഭിക്കപ്പെടണം.

**6. "വിശ്വസ്തരും സമർത്ഥരുമായിരിക്കണം"** (2 തിമൊഥെയോസ് 2:2)

'അത്യല്പത്തിൽ വിശ്വസ്തൻ, അധികത്തിലും വിശ്വസ്തൻ' എന്ന് നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു. ഇടവകതലത്തിൽ പ്രവർത്തിച്ച് വിശ്വസ്തതയാർജ്ജിച്ചവർ പടിപടിയായി സഭയുടെ ഉത്തമനേതൃത്വസ്ഥാനികളായി തെരഞ്ഞെടുക്കപ്പെടണം.

കാര്യകാരണസഹിതം വിഷയങ്ങളെ അപഗ്രഥിച്ച് പഠിക്കുവാനും, പഠിപ്പിക്കുവാനും, അവതരിപ്പിക്കുവാനും സമർത്ഥരായവരായിരിക്കേണം നേതൃത്വത്തിൽ വരേണ്ടത്.

മദ്യപ്രിയനും, തല്ലുകാരനും ഏഷണിക്കാരനും, (1 തിമൊഥെയോസ് 3) കേൾക്കുന്നവരെ മറിച്ചുകളയുന്നതിനല്ലാതെ ഒന്നിനും കൊള്ളാത്ത പൊള്ളയായ വാഗ്ദാനങ്ങളും, പ്രലോഭനങ്ങളും നടത്തുന്ന (2 തിമൊ. 2:14) വരേയും നാം സൂക്ഷിച്ചൊഴിയണം.

പുത്തൻകാവിൽ കൊച്ചുതിരുമേനി ഉരുവിടുമായിരുന്നതുപോലെ 'എന്റെ ദൈവം എന്റെ സഭ' എന്ന കാഴ്ചപ്പാടോടെ സഭയെ ദർശിച്ച് പ്രവർത്തിക്കുന്നവർ ആയിരിക്കേണം ആധുനിക സഭയെ നയിക്കുവാൻ തെരഞ്ഞെടുക്കപ്പെടേണ്ടത്.

എനിക്ക് ശേഷം പ്രളയം എന്ന മനോഭാവം പുലർത്തി മറ്റുള്ളവരുടെ കഴിവും, സാദ്ധ്യതയും അവഗണിച്ചും, തുരങ്കം വെച്ചും, സ്ഥിരം സ്ഥാനികളാകുന്നവരെ വിശ്വാസികൾ തിരിച്ചറിയണം. സ്വയം സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച് ഇടവകതലത്തിൽപോലും നല്ലൊരു സേവനം കാഴ്ചവെക്കു

വാൻ കഴിയാതെ സാധാരണ സഭാംഗത്തിന്റെ നിലവാരം മാത്രം പുലർത്തുന്നവർ; ശാസ്ത്രസാങ്കേതികവിദ്യയിൽ ദൈവത്തിന്റെ അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്തു വരുന്ന പുതുപുത്തൻ തലമുറയ്ക്ക് നല്ല മാർഗ്ഗനിർദ്ദേശകരായി ബുദ്ധിപൂർവ്വം, വിവേകപൂർവ്വം ദൈവാശ്രയബോധത്തിലും പരിശുദ്ധാത്മനിറവിലും സഭയെയും സമൂഹത്തെയും നയിക്കുവാൻ കഴിയുമോയെന്ന് വിശ്വാസസമൂഹം വിലയിരുത്തി വിധിയെഴുതണം.

പരിശുദ്ധ സഭയുടെ ആദ്യ തെരഞ്ഞെടുപ്പായ ഏഴു ശെമ്മാശന്മാർക്കായി തിരഞ്ഞപ്പോൾ എടുത്ത മാർഗ്ഗനിർദ്ദേശമായ മൂന്ന് കാര്യങ്ങൾ നമ്മളും പിന്തുടരേണ്ടതാണ്. ''ആത്മാവും, ജ്ഞാനവും, നല്ല സാക്ഷ്യവും" (അപ്പോസ്തോലപ്രവൃത്തികൾ 6:3). അങ്ങനെയുള്ളവർക്കായി നമുക്ക് പ്രാർത്ഥിക്കാം, അങ്ങനെയുള്ളവരെ കണ്ടെത്താം, അങ്ങനെയുള്ളവരെ നമ്മുടെ ആധുനികസഭയുടെ നായകരായി നമുക്ക് തെരഞ്ഞെടുക്കാം. ഏറാംമൂളികളെയല്ല, യഥാർത്ഥമായി സഭയെ സ്നേഹിച്ച് കാര്യകാരണസഹിതം വിഷയങ്ങളെ വിലയിരുത്തി ധീരമായി സഭയെ നയിക്കുന്നവരെ നമുക്ക് തേടാം. അതിതീക്ഷ്ണ പ്രതിസന്ധിഘട്ടങ്ങളിൽ സഭയെ സ്നേഹിക്കുകയും, നിസ്വാർത്ഥമായി പ്രവർത്തിക്കുകയും, സ്ഥാനമാനങ്ങൾ വെച്ചുനീട്ടിയിട്ടും അവയൊക്കെ ബഹുമാനപുരസരം തിരസ്കരിച്ച് സ്ഥാനങ്ങൾ ഏറ്റുവാങ്ങാതെ സഭയെ തീവ്രമായി സ്നേഹിക്കുകയും, ഉജ്ജ്വലമായി സേവിക്കുകയും ചെയ്ത യശഃശരീരരായ കെ. സി. ചാക്കോ, കെ. സി. മാമ്മൻമാപ്പിള, പത്രോസ് മത്തായി മുതലായ അത്മായ നേതൃത്വനിരയിൽപ്പെട്ടവരും, അന്നത്തെ രീതിയനുസരിച്ച് ആയുഷ്ക്കാലം തുടരാമായിരുന്നിട്ടും അള്ളിപ്പിടിച്ചു കിടക്കാതെ ഏഴു വർഷം മാത്രം വൈദികട്രസ്റ്റി സ്ഥാനത്ത് തുടർന്ന്, സ്തുത്യർഹ സേവനം നിർവ്വഹിച്ച ശേഷം സ്ഥാനംമാറിക്കൊടുത്ത് നല്ല കീഴ്വഴക്കം സൃഷ്ടിച്ചു കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന മണലിൽ യാക്കോബ് കത്തനാരും നമ്മുടെ ചിന്തയ്ക്ക് ഊർജ്ജം പകർന്നു നൽകട്ടെ, നമ്മുടെ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കട്ടെ. കർത്താവും ദൈവവുമായവൻ സഹായിക്കട്ടെ, അനുഗ്രഹിക്കട്ടെ.

*(ബഥേൽ പത്രിക, 2017 ജനുവരി)*

# സാക്ഷ്യമുള്ള പുരുഷന്മാരെ തെരഞ്ഞെടുത്തു കൊൾവിൻ

## ജേക്കബ് ഉമ്മൻ, മുളക്കുഴ

**2017** മാർച്ച് ഒന്നിന് പുതിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷനിൽ പങ്കാളികളാകുവാൻ ലഭിച്ച വിലപ്പെട്ട ഉത്തരവാദിത്വം തിരിച്ചറിഞ്ഞുകൊണ്ട് മാനേജിംഗ് കമ്മിറ്റിയുടെ ഇലക്ഷൻപ്രക്രിയകളിൽ കടന്നുവരുന്ന വികലമായ ചില പ്രവൃത്തികളിലേക്ക് വിരൽ ചൂണ്ടുവാനും ഫലപ്രദമായ ചില പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും ആഗ്രഹിക്കുന്നു. കോട്ടയം അസ്സോസിയേഷന്റെ പ്രധാന അജണ്ട 2017–22 കാലത്തേക്കുള്ള സഭാ മാനേജിംഗ് കമ്മിറ്റിയുടെ തിരഞ്ഞെടുപ്പാണല്ലോ. ഈ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യവും തെരഞ്ഞെടുപ്പിൽ അവലംബിക്കേണ്ട പല സംഗതികളും ബഥേൽ പത്രികയുടെ കഴിഞ്ഞ ലക്കങ്ങളിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഈ മത്സരത്തിൽ സ്ഥാനാർത്ഥികളാകുവാൻ ആഗ്രഹിക്കുന്നവരുടെ പ്രചരണപരിപാടികൾ ഒന്നാം ഘട്ടം പിന്നിട്ടതായി മനസ്സിലാകുന്നു. അസ്സോസിയേഷൻ അംഗങ്ങളുടെ ഭവനം തുടർച്ചയായി സന്ദർശിക്കുന്നതും ആവർത്തിച്ചുള്ള ഫോൺവിളികളും ഈ പ്രാവശ്യം പതിവിലധികമായി കാണുവാൻ കഴിയുന്നു. ഒരു പ്രാവശ്യം സന്ദർശിച്ചിട്ടും കാര്യങ്ങൾ വിശദീകരിച്ചിട്ടും തൃപ്തി പോരാതെ തുടർ സന്ദർശനങ്ങളും ലഭ്യമായ സ്വാധീനം എല്ലാം ഉപയോഗിച്ച് നടത്തുന്ന പ്രേരണതന്ത്രങ്ങളും പലപ്പോഴും വിജയത്തിനുള്ള മാനദണ്ഡമായി തീരാറുണ്ട്.

2004–ൽ പരുമല അസ്സോസിയേഷനിൽ മെത്രാൻതെരഞ്ഞെടുപ്പിൽ അവലംബിച്ച പ്രചരണരീതികളിൽ നിന്നു പാഠം പഠിച്ച് തുടർന്നുള്ള രണ്ട് അസ്സോസിയേഷനുകളിൽ ഗുണപരമായ മാറ്റം വരുത്തുവാൻ ചുമതലപ്പെട്ടവർക്ക് കഴിഞ്ഞു. 2008–ൽ പാമ്പാക്കുടയിലും 2010–ൽ ശാസ്താംകോട്ടയിലും മെത്രാപ്പോലീത്തന്മാരുടെ തെരഞ്ഞെടുപ്പിൽ 14 പേരെ സൂക്ഷ്മനിരീക്ഷണം നടത്തി ഏറ്റവും യോഗ്യരായവരുടെ 'ബയോഡേറ്റാ' അയച്ചുകൊടുത്ത് കുറ്റമറ്റ രീതിയിൽ ജനാധിപത്യത്തിന്റെയും എപ്പിസ്കോപ്പാമാരുടെയും മാനം കാക്കുവാൻ സഭാനേതൃത്വത്തിന് കഴിഞ്ഞു.

ഈ രണ്ടു പ്രാവശ്യവും സ്ക്രീനിംഗ് കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ച നമ്മുടെ ഇടവകമെത്രാപ്പോലീത്താ അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനി കാണിച്ച പ്രാഗത്ഭ്യവും നിഷ്പക്ഷമായ പ്രവർത്തനവും സഭാതലത്തിലും പൊതുസമൂഹത്തിലും പ്രത്യേകം ചർച്ചാവിഷയമായി. ആ നല്ല മാതൃകയുടെ ചുവടു പിടിച്ച് ഏറ്റവും യോഗ്യ രായവരെ കണ്ടെത്തുവാൻ അഭിവന്ദ്യ തിരുമേനി തന്നെ ഒരു പൊതു പെരുമാറ്റച്ചട്ടം നടപ്പിൽ വരുത്തിയാൽ ആ മാതൃക മറ്റു ഭദ്രാസനങ്ങളും പിന്തുടരാവുന്ന രീതിയായി പരിണമിക്കുമെന്നതിൽ സംശയമില്ല.

സഭയുടെ വിശ്വാസ-ആചാരാനുഷ്ഠാനങ്ങളിൽ സാമാന്യപരിജ്ഞാ നമുള്ളവരും സൺഡേസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസമെങ്കിലും പൂർ ത്തിയാക്കിയവരും കുടുംബത്തിലും സമൂഹത്തിലും മാതൃകാപരമായ ജീവിതനിഷ്ഠ പാലിക്കുന്നവരും ആരാധനയിലും മറ്റ് ആദ്ധ്യാത്മിക കർ മ്മപരിപാടികളിലും സംബന്ധിക്കുന്നവരും ഈ സ്ഥാനത്തേക്ക് തെര ഞ്ഞെടുക്കപ്പെടുവാനുള്ള സാഹചര്യം ഉണ്ടാകുന്നത് നല്ലതാണ്.

ഇടവകയിലും ഭദ്രാസനതലത്തിലും സഭാതലത്തിലും ഏതെങ്കിലും തരത്തിൽ പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളവരും സഭയുടെ വളർച്ചയ്ക്ക് സൃഷ്ടിപരമായും രചനാപരമായും സംഘടനാപരമായും ചെറിയ തോതിലെങ്കിലും സംഭാവനകൾ നൽകുവാൻ കഴിഞ്ഞിട്ടുള്ള വർക്കും അതിനനുസൃതമായ അംഗീകാരങ്ങൾ നൽകണം. സമ്മതിദാ നാവകാശം അസ്സോസിയേഷൻ അംഗങ്ങൾ വിനിയോഗിക്കുന്നതിനു മുമ്പായി ഇത്തരത്തിലുള്ള കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള സാഹ ചര്യം ഉണ്ടാകണം. ഭദ്രാസന നോമിനേഷനു വേണ്ടി കൂടുന്ന തെരഞ്ഞെ ടുപ്പുയോഗം ഉച്ചയ്ക്കു ശേഷം രണ്ടു മണിക്കൂർ കൊണ്ട് പരിമിതപ്പെടു ത്താതെ രാവിലെ 10 മുതൽ സ്ഥാനാർത്ഥി പരിചയപ്പെടുത്തൽ (Meet the candidate) പ്രോഗ്രാം ക്രമീകരിച്ച് 5 മിനിറ്റ് വീതം ഓരോ സ്ഥാനാർ ത്ഥിക്കും നൽകിയാൽ അവരുടെ പ്രവർത്തനമികവും മാനേജിംഗ് കമ്മി റ്റിയംഗം എന്ന നിലയിൽ തങ്ങൾ ഉയർത്തിപ്പിടിക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനപദ്ധതികളും അവതരിപ്പിക്കുവാനുള്ള അവസരം ലഭിക്കും.

മെത്രാൻ തെരഞ്ഞെടുപ്പിൽ സ്വീകരിച്ചതുപോലെ സ്ഥാനാർത്ഥിക ളുടെ ഒരു ബയോഡേറ്റാ ഭദ്രാസനത്തിൽ നിന്ന് അച്ചടിച്ച് അസ്സോസി യേഷൻ അംഗങ്ങൾക്ക് കൊടുക്കുന്ന രീതിയും അവലംബിക്കാവുന്ന താണ്.

ഇങ്ങനെയൊക്കെ മാതൃകാപരമായ പെരുമാറ്റച്ചട്ടം പ്രാവർത്തികമാക്കി യാൽ ഇന്നു കാണുന്ന ഭവനങ്ങൾ തോറുമുള്ള പ്രചരണപരിപാടികളും പരക്കംപാച്ചിലുകളും അവസാനിപ്പിക്കാം. അത്യാവശ്യമെങ്കിൽ ഒരു സന്ദർ

ശനവും, ഒരു ഫോൺവിളിയും മാത്രം മാന്യമായി ഉപയോഗിക്കേണ്ട സ്ഥാനത്ത് തുടർച്ചയായുള്ള ഭവനസന്ദർശനങ്ങളും സ്വാധീനങ്ങൾ ഉപയോഗിച്ചുള്ള പ്രേരണകളും ഒക്കെ നടത്തുന്നതിലുള്ള ഔചിത്യം ഓരോരുത്തരും സ്വയം ചിന്തിച്ച് പരിമിതപ്പെടുത്തുന്നത് നല്ലതാണ്.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ നടത്തിപ്പ് സംബന്ധിച്ച് 2016-ൽ നിലവിൽ വന്ന നടപടിച്ചട്ടം അവസാന ഖണ്ഡിക പരാമർശിക്കുന്ന പെരുമാറ്റച്ചട്ടം പ്രയോഗത്തിൽ വരുത്തിയാൽ അണിയറകളിൽ ആരാലും അറിയപ്പെടുവാൻ ആഗ്രഹിക്കാത്ത, അതുല്യപ്രതിഭകളെ സഭയുടെ എക്സിക്യൂട്ടീവിൽ അണിനിരത്താം. വിവിധ മേഖലകളിൽ മാറ്റുരച്ച വിദഗ്ദ്ധ വ്യക്തികൾ അണിചേരുമ്പോൾ അവരുടെ അറിവും അനുഭവവും സൃഷ്ടിപരമായും ക്രിയാത്മകമായും ആത്മിക - ഭൗതിക - അധികാര ശുശ്രൂഷാ തലങ്ങളിൽ ചലനാത്മകമായ കർമ്മങ്ങൾ സാധ്യമാക്കുവാൻ സംഗതിയാകും. അതുവഴിയായി സഭയുടെ കൊമ്പ് ഉയരുവാൻ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി നമ്മുടെ ചിന്തയും വിവേചനാധികാരവും ഉത്തരവാദിത്വത്തോടെ നിറവേറ്റുവാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.

*(ബഥേൽ പത്രിക, 2016 ഡിസംബർ)*

പങ്കെടുക്കുവാൻ അർഹരായ 1000 പ്രതിനിധികൾ (total votes) ഉണ്ട് എന്ന് സങ്കല്പിക്കുക. അതിൽ 900 പേർ യോഗത്തിൽ പങ്കെടുത്തു (registered votes) എന്നും അവരിൽ 100 പേർ (ബോധപൂർവ്വം?) വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു എന്നും കരുതുക. അപ്പോൾ 800 പേരാണ് വോട്ടു ചെയ്തത് (polled votes). നമ്മുടെ നടപടിച്ചട്ടം അനുസരിച്ച് വോട്ടു ചെയ്ത 800-ന്റെ പകുതിയിലധികം (400+1) പേരുടെ വോട്ടാണ് വിജയിക്കുവാൻ ആവശ്യമായി വരുന്നത്. 100 വോട്ടുകൾ അസാധുവായി (invalid votes) എന്നും സങ്കല്പിക്കുക. സാധുവായി പരിഗണിച്ച 700 വോട്ടുകളിൽ (valid votes) നിന്ന് 401 വോട്ട് നേടണം. യഥാർത്ഥത്തിൽ 351 വോട്ടു നേടുന്ന ആൾ വിജയിക്കേണ്ടതാണ്. ഒന്നും രണ്ടും പ്രിഫറൻസ് വോട്ടുകൾ രേഖപ്പെടുത്തുകയും മൂന്നാം വോട്ട് രേഖപ്പെടുത്താതെ നാലും അഞ്ചും വോട്ടുകൾ രേഖപ്പെടുത്തുകയും ചെയ്താൽ നമ്മുടെ തെരഞ്ഞെടുപ്പിൽ ആ ബാലറ്റ് അസാധുവായി പരിഗണിക്കും. ഇതും തെറ്റായ നടപടിയാണ്. ഈ രീതി അവലംബിക്കുമ്പോൾ അസാധുവോട്ടിന്റെ എണ്ണം ഗണ്യമായി വർദ്ധിക്കുവാനാണ് സാദ്ധ്യത. യഥാർത്ഥത്തിൽ ഒന്നും രണ്ടും പ്രിഫറൻസ് വോട്ടുകൾ സാധുവും നാലും അഞ്ചും വോട്ടുകൾ മാത്രം അസാധുവുമാണ്. 2004-ലെ വൈദികട്രസ്റ്റി തിരഞ്ഞെടുപ്പിൽ 487 വോട്ട് (16%) അസാധുവായി. അതുകൊണ്ട് രണ്ടാം റൗണ്ടിലാണ് വിജയിയെ നിർണയിച്ചത്.

ആദ്യ റൗണ്ടിൽ വിജയിയെ കണ്ടെത്താൻ കഴിയാതെ വരുമ്പോൾ വോട്ടെണ്ണൽ രണ്ടാം റൗണ്ടിലേക്കു കടക്കും. ആദ്യ റൗണ്ടിൽ ഏറ്റവും കുറഞ്ഞ വോട്ടു നേടിയ ആളിനെ ഒഴിവാക്കി, അയാളുടെ ബാലറ്റ് പേപ്പറിലെ രണ്ടാം മുൻഗണനാ വോട്ടുകൾ മറ്റു സ്ഥാനാർത്ഥികൾക്കു കൈമാറിയാണ് രണ്ടാം റൗണ്ട് വോട്ടെണ്ണൽ. ഏതെങ്കിലും ഒരു സ്ഥാനാർത്ഥി പകുതിയിലധികം നേടുന്നതു വരെ വോട്ടെണ്ണൽ പ്രക്രിയ തുടരും.

മേൽപ്പട്ടതിരഞ്ഞടുപ്പ് ഇതിലും സങ്കീർണമാണ്. ഇവിടെ വൈദിക-അയ്മേനി പ്രത്യേകം ഭൂരിപക്ഷം വേണം. ഹാജരായ വോട്ടർമാരുടെ (registered votes) അടിസ്ഥാനത്തിലാണ് ക്വോട്ടാ നിശ്ചയിക്കുന്നത്. മുകളിൽ പറയുന്ന ഉദാഹരണത്തിൽ 900-ന്റെ പകുതിയിലധികം (450+1) പേരുടെ വോട്ടാണ് വിജയിക്കുവാൻ ആവശ്യമായി വരുന്നത്. സാധുവായ 700 വോട്ടുകളിൽ 451 വോട്ട് നേടുക ശ്രമകരമാണ്. ഇതു വൈദിക-അയ്മേനി പ്രത്യേകം നേടുകയും വേണം.

യോഗത്തിൽ പങ്കെടുത്തതിൽ ഗണ്യമായ ഒരു ഗ്രൂപ്പ് വോട്ടെടുപ്പ് ബഹിഷ്കരിച്ചാലും വോട്ട് അസാധുവാക്കിയാലും അസോസിയേഷൻ യോഗത്തിന്റെ ഉദ്ദേശ്യം പോലും നടക്കാതെ വന്നേക്കാം.

നിലവിലുള്ള നടപടിച്ചട്ടത്തിൽ ചില ഭേദഗതികൾ വരുത്തിയാൽ ഒന്നാം റൗണ്ടിൽതന്നെ വിജയിയെ കണ്ടെത്താം. അതിന് പങ്കെടുത്ത

# സഭാ ഭരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ചില നിർദേശങ്ങൾ

## വർഗീസ് ജോൺ, തോട്ടപ്പുഴ

**മ**ലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കടന്നു കൂടിയിരിക്കുന്ന ചില അപാകതകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ഉണ്ടായേക്കാവുന്ന ചില നിയമ-സാങ്കേതിക പ്രശ്നങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാനും സഭാഭരണഘടന കൂടുതൽ വ്യക്തമാക്കുന്നതിനും സഹായകമാകാവുന്ന ചില നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

ഇവയിൽ പലതും അടിയന്തരസ്വഭാവമുള്ളതാണ്. ആ ക്രമത്തിൽ തന്നെ ഇവ പരിഗണിക്കുകയും പരിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, വർക്കിംഗ് കമ്മറ്റി, അസോസിയേഷൻ മാനേജിംഗ് കമ്മറ്റി, റൂൾ കമ്മറ്റി തുടങ്ങിയ സമിതികളുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ അതാതു സമിതികൾ നേരിട്ടും അല്ലാത്ത വിഷയങ്ങൾ റൂൾ കമ്മറ്റിയുടെ ശുപാർശകൾ സ്വീകരിച്ചും നടപ്പാക്കുന്നതാണ് ഉചിതം.

(1) അസോസിയേഷൻ നടത്തുന്ന മലങ്കര മെത്രാപ്പോലീത്തായുടെയും കൂട്ടു ട്രസ്റ്റിമാരുടെയും മേൽപ്പട്ടക്കാരുടെയും തെരഞ്ഞെടുപ്പുകളുടെ വോട്ടിംഗ് സമ്പ്രദായം അതേപടി തുടരേണ്ടതാണ്. മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ നോട്ടീസ് കല്പന അയയ്ക്കുമ്പോൾ തന്നെ വോട്ടിംഗ് സമ്പ്രദായത്തെപ്പറ്റി ആവശ്യമായ ബോധവൽക്കരണം നടത്തണമെന്നു മാത്രം. എന്നാൽ കൗണ്ടിംഗ് നടത്തി വിജയിയെ നിർണയിക്കുന്ന രീതിയിൽ ചില അപാകതകളുണ്ട്. അവ അടിയന്തരമായി പരിഹരിക്കേണ്ടതാണ്. ഭാഗ്യവശാൽ, അന്തിമഫലം മാറിപ്പോകത്തക്കവിധം ഗുരുതരമായ കുഴപ്പമൊന്നും ഇതുവരെ സംഭവിച്ചിട്ടില്ലെന്നു മാത്രം. ഈ ലക്കത്തിൽ ഫാ. ഐപ്പ് പി. സാം എഴുതിയ 'മലങ്കര അസോസിയേഷൻ ഇനിയും ശ്രദ്ധിക്കാതെ പോകുന്ന ചില അപാകതകൾ' എന്ന ലേഖനം കാണുക.

(a) ആദ്യമായി മലങ്കര മെത്രാപ്പോലീത്തായുടെയും കൂട്ടു ട്രസ്റ്റിമാരുടെയും തെരഞ്ഞെടുപ്പിൽ കൗണ്ടിംഗ് നടത്തുമ്പോഴുള്ള അപാകത വ്യക്തമാക്കാം. 2004 ലെ വൈദിക ട്രസ്റ്റി തെരഞ്ഞെടുപ്പിന്റെ കൗണ്ടിംഗിൽ വന്ന ആശയക്കുഴപ്പം ഉദാഹരണം. ഈ തെരഞ്ഞെടുപ്പിൽ ഫാ. ഡോ. ഒ. തോമസ് ഒന്നാം റൗണ്ടിൽ തന്നെ തെരഞ്ഞെടുക്കപ്പെടേണ്ടതായിരുന്നു. നടപടിചട്ടങ്ങളിലെയും വിജ്ഞാപനത്തിലെയും അപര്യാപ്തതയും ഇവ തമ്മിലുള്ള പൊരുത്തക്കേടുകളും കാരണം കൗണ്ടിംഗ് അനാവശ്യമായി രണ്ടാം റൗണ്ടിലേക്ക് കടക്കുകയായിരുന്നു. പോൾ ചെയ്ത വോട്ടുകളിൽ ഗണ്യമായ ഒരു ഭാഗം (487 = 16%) അസാധുവായതിനാൽ (Invalid votes) വോട്ടെണ്ണൽ പ്രക്രീയ സങ്കീർണ്ണമായി. അതിനാൽ പോൾ ചെയ്ത വോട്ടുകൾക്കു (Polled votes) പകരം സാധുവായ വോട്ടുകളെ (Valid votes) മാത്രം അടിസ്ഥാനമാക്കി വേണം വിജയിയെ നിർണയിക്കാനുള്ള ക്വോട്ടാ (Quota) നിശ്ചയിക്കേണ്ടത്. രാഷ്ട്രപതി-ഉപരാഷ്ട്രപതി-രാജ്യസഭാ തെരഞ്ഞെടുപ്പുകൾ ഉദാഹരണം. അതുപോലെ രണ്ടിലധികം സ്ഥാനാർത്ഥികൾ മത്സരിക്കുമ്പോൾ അംഗങ്ങളിൽ ബഹുഭൂരിപക്ഷവും ഒന്നാം വോട്ടു മാത്രം ചെയ്താലുള്ള സങ്കീർണ്ണമായ സ്ഥിതിയും തരണം ചെയ്യണം. അതിനുള്ള മാർഗം നടപടിചട്ടത്തിലും വിജ്ഞാപനത്തിലും ഉൾപ്പെടുത്തണം. ഈ തെരഞ്ഞെടുപ്പിൽ മുൻഗണനാ വോട്ടുകൾ 1, 2, 4, 5, ... എന്നിങ്ങനെ ക്രമം തെറ്റിയെഴുതിയാൽ വിജ്ഞാപനത്തിൽ പറയുന്നുപോലെ ബാലറ്റ് പേപ്പർ പൂർണ്ണമായി അസാധുവാകുകയില്ല. 1, 2 വോട്ടുകൾ സാധുവും 3, 4, 5, ... അസാധുവും ആണ്. ഒന്നാം വോട്ട് രേഖപ്പെടുത്തിയില്ലെങ്കിൽ മാത്രമേ ബാലറ്റ് പേപ്പർ പൂർണ്ണമായി അസാധുവാകുയുള്ളൂ. 2004-ൽ അസാധുവിന്റെ എണ്ണം കൂടാൻ കാരണം ഈ നിബന്ധനയാണെന്നു കരുതുന്നു.

(b) മേൽപ്പട്ട തെരഞ്ഞെടുപ്പിൽ, ഹാജരായ അംഗങ്ങളിൽ ഗണ്യമായ ഒരു ഭാഗം വോട്ടു ചെയ്യാതിരിക്കുകയോ പോൾ ചെയ്ത വോട്ടുകളിൽ ഗണ്യമായ ഒരു ഭാഗം അസാധുവാകുകയോ ചെയ്താൽ തെരഞ്ഞെടുപ്പു പ്രക്രീയ സങ്കീർണമാകും. ഇവിടെയും സാധുവായ വോട്ടുകൾ മാത്രം അടിസ്ഥാനമാക്കി വേണം വിജയിയെ നിർണയിക്കാനുള്ള ക്വോട്ടാ (ആനുപാതിക വീതം) നിശ്ചയിക്കേണ്ടത്. ഇതിനായി സഭാഭരണഘടന 113-ാം വകുപ്പിലെ "ഹാജരുള്ള" എന്ന വാക്ക് മാത്രം നീക്കം ചെയ്താൽ മതി. ശേഷം കാര്യങ്ങൾ നടപടി ചട്ടത്തിലും വിജ്ഞാപനത്തിലും ഉൾപ്പെടുത്തിയാൽ മതിയാകും. കൂടാതെ 'എപ്പിസ്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമവും' ബി 5 (7) ൽ പറയുന്നതുപോലെ അവസാനഘട്ടത്തിൽ ശതമാനം കൂട്ടി

വിജയിയെ നിർണ്ണയിക്കുന്നത് ഗണിതശാസ്ത്രപരമായി ശരിയായ നടപടിയല്ല. ഇങ്ങനെ ചെയ്താൽ കൂടുതൽ വോട്ട് കിട്ടിയ ആൾ പരാജയപ്പെടാനും കുറഞ്ഞ വോട്ട് കട്ടിയ ആൾ വിജയിക്കാനും സാധ്യതയുണ്ട്. ഒരു വൈദിക വോട്ടിന് ഒരു അയ്മേനി വോട്ടിന്റെ ഇരട്ടിയിലധികം മൂല്യം (weightage) ഉണ്ടാകും. ഭാഗ്യവശാൽ 2008 ലും 2010 ലും ഇതു സംഭവിച്ചിട്ടില്ലെന്നു മാത്രം. ഈ 'മാനദണ്ഡങ്ങളും നടപടിക്രമവും' തയ്യാറാക്കുന്ന ഘട്ടത്തിൽ തന്നെ ഈ അപാകതകൾ ഞാൻ ശ്രദ്ധയിൽപെടുത്തിയതാണ്. അതുകൊണ്ട് വൈദികരുടെയും അയ്മേനികളുടെയും സാധുവായ വോട്ടുകളിൽ പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം ലഭിച്ചവരുടെ മാത്രം ആകെ വോട്ട് കണ്ടുപടിച്ച് ഏറ്റവും കുറവു കിട്ടിയവരെ ഒഴിവാക്കുന്ന രീതിയാണ് നല്ലത്. ഇതിന് സാധുവായ ബാലറ്റ് പേപ്പറുകളുടെ എണ്ണത്തെയോ അതിലെ ആകെ വോട്ടുകളുടെ എണ്ണത്തെയോ അടിസ്ഥാനമായി സ്വീകരിക്കാവുന്നതാണ്. വോട്ടു ക്രമത്തിൽ അവസാനത്തെ ഒന്നിലധികം പേർക്ക് ഈ വോട്ട് തുല്യമായി വന്നാൽ കുറഞ്ഞ വൈദിക വോട്ട് ലഭിച്ചവരെ ഒഴിവാക്കാം. തുല്യത വീണ്ടും തുടർന്നാൽ നറുക്കിട്ട് ഫലം നിർണയിക്കാം. അൽപം സങ്കീർണമാണെങ്കിലും ഏറ്റവും കുറവ് വൈദിക വോട്ടും ഏറ്റവും കുറവ് അയ്മേനി വോട്ടും ലഭിച്ചവരെ ഒന്നിടവിട്ട് നീക്കം ചെയ്യുന്ന 2004 ജൂൺ 10 വരെ നിലവിലുണ്ടായിരുന്ന രീതിയും നല്ലതാണ്. ബി 5 (2), ബി 5 (3) എന്നിവയിലും ചെറിയ മാറ്റങ്ങൾ ആവശ്യമുണ്ട്. ഇതോടൊപ്പം 5-ാം നിർദേശം കൂടി കാണുക.

(2) 1970-ൽ നടപ്പാക്കി, 1989-ൽ ഭേദഗതി ചെയ്ത, 1997-ൽ മുദ്രണം അവസാനിച്ച, 2002-ൽ  കാലഹരണപ്പെട്ടെങ്കിലും ഇപ്പോഴും നിലവിലിരിക്കുന്ന 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച നടപടി ചട്ടങ്ങൾ' കാലോചിതമായി പരിഷ്കരിക്കണം. അസോസിയേഷനിലെ അംഗസംഖ്യ 1:2 ആനുപാതത്തിൽ ആയിരുന്ന കാലത്ത് അന്നത്തെ സ്ഥിതിയനുസരിച്ച് തയ്യാറാക്കിയ നടപടിചട്ടങ്ങൾ, 2002-ൽ  ആനുപാതിക പ്രതിനിധ്യം നിലവിൽ വന്ന സാഹചര്യത്തിൽ അപര്യാപ്തമാണ്. വ്യക്തതയില്ലാത്ത ഉപവകുപ്പ് (ഭാഗം 5: വകുപ്പ് 9: ഉപവകുപ്പ് 4) കൂടുതൽ വ്യക്തമാക്കണം. മുകളിൽ പറയുന്ന ഒന്നാം നിർദേശം നടപ്പാക്കാൻ നടപടി ചട്ടങ്ങളിലെ 2:6:4 ഉം 4:7:2 ഉം ഉപവകുപ്പുകൾ ഭേദഗതി ചെയ്യണം. ആവശ്യമെങ്കിൽ ബ്രഹ്മവാർ സമൂഹം പോലുള്ള പ്രത്യേക വിഭാഗങ്ങൾക്ക് അവരുടെ സമൂഹത്തിൽ നിന്നു തന്നെ മേൽപ്പട്ടക്കാരെ വാഴിക്കാൻ അവസരം ഉണ്ടാകുന്ന രീതിയിൽ വേണ്ട ഉപചട്ടങ്ങൾ രൂപീകരിക്കണം. 1970-ൽ നടപടി ചട്ടങ്ങൾ പാസ്സാക്കിയതും 1989-ൽ ഇതു ഭേദഗതി

ചെയ്തതും റൂൾ കമ്മറ്റിയുടെ ശുപാർശപ്രകാരം മാനേജിംഗ് കമ്മറ്റിയാണ്.

(3) അസോസിയേഷൻ യോഗ നടത്തിപ്പിന് പൊതുവായ ഒരു നടപടിക്രമം ഉണ്ടാകണം. സഭാഭരണഘടന 127-ാം വകുപ്പനുസരിച്ച് മാനേജിംഗ് കമ്മറ്റി പാസ്സാക്കുന്ന ഭരണഘടനാഭേദഗതികൾക്ക് എതിരായോ അനുകൂലമായോ പ്രമേയങ്ങൾ വന്നാൽ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ആർക്കും നിശ്ചയമില്ല. അതുകൊണ്ട് ഇക്കാര്യത്തിനെങ്കിലും അത്യാവശ്യമായും ഒരു നടപടിക്രമം ഉണ്ടാകണം. 2012 മാർച്ച് ഏഴിനു കൂടിയ അസോസിയേഷൻ യോഗത്തിൽ 1967, 2006, 2011 വർഷങ്ങളിലെ ഭരണഘടനാ ഭേദഗതികൾ പാസ്സാക്കാനായി ഡോ. എം. കുര്യൻ തോമസും ഞാനും ചേർന്ന് ഒരു പ്രമേയം നൽകിയിട്ട് യാതൊരു നടപടിയും ഉണ്ടായില്ല. 2011-ലെ ഭരണഘടനാ ഭേദഗതികൾ ഭാഗികമായോ പൂർണ്ണമായോ നിരാകരിക്കുന്ന ഏതാനും പ്രമേയങ്ങൾ വന്നത് ഒരു നടപടിക്രമത്തിന്റെ അനിവാര്യത വർദ്ധിപ്പിക്കുന്നു. മാനേജിംഗ് കമ്മറ്റിയുടെ അംഗസംഖ്യ 159-ൽ 174 ആയി വർദ്ധിപ്പിക്കുന്നതിനെതിരായും പ്രമേയം വന്നതായി അറിയുന്നു. അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ നിയുക്ത കാതോലിക്കാ സ്ഥാനത്തേക്കുള്ള 1992 സെപ്റ്റംബർ 10ലെ തെരഞ്ഞെടുപ്പ് സ്ഥിരപ്പെടുത്തുന്ന ഒരു പ്രമേയം 2004 ജൂൺ 10ലെ അസോസിയേഷൻ യോഗത്തിൽ കൊണ്ടുവരാൻ ഞങ്ങൾ ശ്രമിച്ചതു വിജയിച്ചിരുന്നെങ്കിൽ 2006 ലെ വ്യവഹാരവും അനിശ്ചിതാവസ്ഥയും ഒഴിവാക്കാൻ കഴിയുമായിരുന്നു എന്നുള്ള വസ്തുതയും ഈ അവസരത്തിൽ സ്മരിക്കുന്നു. (ഞങ്ങൾ അന്ന് അസോസിയേഷൻ അംഗങ്ങളല്ലാത്തതിനാൽ അംഗങ്ങളെക്കൊണ്ട് അവതരിപ്പിക്കാനാണ് ശ്രമിച്ചത്). അസോസിയേഷൻ തെരഞ്ഞെടുപ്പു നടപടി ചട്ടങ്ങൾ ആറാം ഭാഗം പത്താം വകുപ്പ് ഒന്നാം ഉപവകുപ്പ് (6:10:1) ഇത്തരം പ്രമയേങ്ങളെ തടയുന്നു. ഈ വകുപ്പ് ഫലത്തിൽ സഭാഭരണഘടന 127-ാം വകുപ്പ് അസോസിയേഷനു നൽകുന്ന അവകാശത്തെ നിഷേധിക്കുന്നതായി ഭവിക്കുന്നു. അതുകൊണ്ട് പ്രമേയങ്ങൾ നിരാകരിക്കുന്നത് വ്യവഹാരത്തിലേക്കു നയിക്കാനും സാദ്ധ്യതയുണ്ട്. 1965 വരെ അസോസിയേഷൻ യോഗത്തിൽ പ്രമേയങ്ങളും എതിർ പ്രമേയങ്ങളും ചർച്ചകളും ഉണ്ടായിരുന്നു. നിയന്ത്രിതവും പരിമിതവുമായ രീതിയിൽ ഇത് അനുവദിക്കുന്നിനെപ്പറ്റി ചിന്തിക്കേണ്ടതാണ്.

(4) മലങ്കര അസോസിയേഷൻ യോഗ നടപടികളുടെ മിനിറ്റ്സ് യോഗത്തിനു ശേഷം ആദ്യം കൂടുന്ന മാനേജിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുന്ന പതിവ് ഇപ്പോഴുമുണ്ടെന്നു കരുതുന്നു. അതിന്റെ printed copy മാനേജിംഗ് കമ്മറ്റിയംഗങ്ങൾക്ക് നൽകുന്നതു നല്ലതാണ്. അടുത്ത

മലങ്കര അസോസിയേഷൻ യോഗത്തിൽ ഈ മിനിറ്റ്സ് അവതരിപ്പിക്കുകയും വേണം.

(5) സഭാഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. മലങ്കരസഭയിൽ ഐക്യത്തിനുള്ള സാധ്യത ഇനിയുമുള്ളതിനാൽ സമഗ്രമായ ഭേദഗതികൾക്ക് ഇപ്പോൾ ശ്രമിക്കരുത്. വ്യവഹാരം തുടരുന്നതിനാൽ പ്രത്യേകിച്ച് 1, 2, 3, 4, 5, 101, 114, 118 വകുപ്പുകളിൽ തൽക്കാലം ഭേദഗതി വരുത്തുന്നത് അപകടമാണ്. അതുകൊണ്ടു തന്നെ സഭയുടെ പേരോ സഭയുടെ പ്രധാന മേലദ്ധ്യക്ഷന്റെ സ്ഥാനപ്പേരോ പരിഷ്കരിക്കുന്നതിനു സമയമായിട്ടില്ല. മുകളിൽ പറയുന്ന നിർദേശം (1 ബി) നടപ്പാക്കാൻ ഭരണഘടന 113-ാം വകുപ്പിലെ "ഹാജരുള്ള" എന്ന വാക്ക് നീക്കം ചെയ്യണം. സിനഡ് സെക്രട്ടറിയ്ക്ക് ഭരണഘടനാപരമായ പദവി നൽകണം. അസോസിയേഷൻ സെക്രട്ടറിയുടെ തെരഞ്ഞെടുപ്പിൽ നോമിനേറ്റഡ് അംഗങ്ങളുടെ വോട്ടവകാശത്തെപ്പറ്റി വ്യക്തത വേണം. വോട്ടവകാശം ഉണ്ടെങ്കിൽ/ഇല്ലെങ്കിൽ ആ കാര്യം ഭരണഘടനയിൽ വ്യക്തമാക്കണം. 2006, 2011 വർഷങ്ങളിൽ സഭാഭരണഘടന ഭേദഗതി ചെയ്തിട്ടും ഇത്രയും സംവാദമുണ്ടായ ഈ വിഷയത്തിൽ ഒരു അന്തിമ തീർപ്പുണ്ടാക്കാതെ പോയത് ശരിയായില്ല. ഇടവക മാനേജിംഗ് കമ്മറ്റിയിൽ സ്ഥാനമൊഴിയുന്ന സെക്രട്ടറിയെയും ഉൾപ്പെടുത്തണം. (മലങ്കര സഭാ മാസിക 2012 മാർച്ച് ലക്കം പേജ് 19, 23, 24 കാണുക). വനിതകൾക്ക് ഇടവക തലത്തിനു മുകളിൽ പങ്കാളിത്തം നൽകാനുള്ള പരിപാടി അഞ്ചു വർഷത്തേക്ക് മാറ്റിവയ്ക്കണം. ഇടവകതലത്തിലെ പങ്കാളിത്തം അവലോകനം ചെയ്യാനുള്ള അവസരം ലഭിച്ചിട്ട് മാത്രം ഈ കാര്യം ആലോചിച്ചാൽ മതിയാകും.

(6) മേൽപ്പട്ട തെരഞ്ഞെടുപ്പിന് നിലവിലുള്ളതുപോലെ വൈദിക ട്രസ്റ്റി, അയ്മേനി ട്രസ്റ്റി, അസോസിയേഷൻ സെക്രട്ടറി, മെത്രാസന സെക്രട്ടറി, അസോസിയേഷൻ മാനേജിംഗ് കമ്മറ്റി, മെത്രാസന കൗൺസിൽ തുടങ്ങി സഭയിലെ എല്ലാ തെരഞ്ഞെടുപ്പുകൾക്കും ഒരു 'മാനദണ്ഡങ്ങളും നടപടിക്രമവും' ഉണ്ടാകണം. ഓരോ സ്ഥാനിയ്ക്കും കുറഞ്ഞ പ്രായപരിധി നിശ്ചയിക്കണം. സ്ഥാനാർത്ഥികളുടെ പണച്ചെലവിനു നിയന്ത്രണം വേണം. അവർ സമർപ്പിക്കുന്ന നാമനിർദേശ പത്രികകളുടെ എണ്ണം നിയന്ത്രിക്കണം. ഏറ്റവും കുറഞ്ഞത് സ്ഥാനാർത്ഥികൾക്കും വോട്ടർമാർക്കും പൊതുവായ ഒരു പെരുമാറ്റചട്ടം ഉണ്ടാകണം. കൂടുതൽ അർഹതയും യോഗ്യതയുമുള്ളവർ തെരഞ്ഞെടുക്കപ്പെടാൻ ഇതു സഹായിക്കും. കാലം കഴിയുന്തോറും കാര്യവിവരമുള്ള അംഗങ്ങളുടെ എണ്ണം സമിതികളിൽ കുറഞ്ഞുവരുന്നതായി കാണുന്നു. രാഷ്ട്രീയ ശൈലിയിലുള്ള തെരഞ്ഞെടുപ്പ് സഭയ്ക്ക് ദോഷം ചെയ്യു

വുന്നതാണ്. അതാതു മെത്രാസന പൊതുയോഗത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്നു മാത്രം. കൊച്ചി, അഹമ്മദാബാദ് തുടങ്ങിയ മെത്രാസനങ്ങളിലെ ഇടവകകളിൽ നിന്ന് 2012 - 2017ലെ അസോസിയേഷനിലേക്കും മെത്രാസന ഇടവകയോഗത്തിലേക്കും അംഗങ്ങളെ ഒരുമിച്ചു തെരഞ്ഞെടുത്തത് അനുകരണീയമായ മാതൃകയാണ്. ഇപ്പോഴേ ശ്രമിച്ചാൽ 2017 ആദ്യം എല്ലാ മെത്രാസനങ്ങളിലും തെരഞ്ഞെടുപ്പു നടത്തി 2017 ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന സാമ്പത്തിക വർഷം തന്നെ (2017 ഏപ്രിൽ ഒന്നിനോ അതുകഴിഞ്ഞുള്ള ഒന്നു രണ്ടു മാസത്തിനകമോ) മെത്രാസനങ്ങളിൽ പുതിയ ഭരണസമിതി നിലവിൽ വരുത്താവുന്നതാണ്. മാനേജിംഗ് കമ്മറ്റിയിലെയും മെത്രാസന കൗൺസിലിലെയും അംഗങ്ങൾ ഒരുമിച്ച് ഉൾപ്പെടുന്ന കമ്മറ്റികൾ രൂപീകരിക്കേണ്ട ആവശ്യം വരുമ്പോൾ (ഉദാ: - ചില കോളജ് കൗൺസിലുകൾ) അക്കാര്യം സുഗമമാക്കുന്നതിന് ഇതു സഹായിക്കും.

(10) കേരളത്തിലെന്നല്ല, ഇന്ത്യയിലെ തന്നെ ക്രൈസ്തവസഭാ മേലദ്ധ്യക്ഷന്മാരിൽ പ്രഥമസ്ഥാനീയനാണ് ഒരു സ്വതന്ത്ര സഭയുടെ തലവനെന്ന നിലയിൽ മലങ്കരസഭാദ്ധ്യക്ഷനായ പരിശുദ്ധ കാതോലിക്കാ ബാവാ. ക്രൈസ്തവലോകത്തെ സഭാദ്ധ്യക്ഷന്മാരുടെ ഇടയിലും ബാവായ്ക്ക് സമുന്നതമായ സ്ഥാനമാണുള്ളത്. റോമൻ പോപ്പും എക്യുമെനിക്കൽ പാത്രിയർക്കീസും കോപ്റ്റിക് പോപ്പും അന്ത്യോക്യാ പാത്രിയർക്കീസും അർമേനിയൻ കാതോലിക്കാമാരും എത്യോപ്യൻ പാത്രിയർക്കീസും അസിറിയൻ പാത്രിയർക്കീസും ഉൾപ്പെടെ 'പരിശുദ്ധ' (His Holiness) എന്നു സംബോധന ചെയ്യപ്പെടുന്ന 15 - 20 സഭാതലവന്മാരിൽ ഒരാളാണ് പരിശുദ്ധ ബാവാ. ആ നിലയ്ക്ക് സ്ഥാനത്തിനനുസരിച്ചുള്ള ആദരവ് ലഭിക്കുന്ന പരിപാടികളിൽ മാത്രമേ പരിശുദ്ധ ബാവാ പങ്കെടുക്കാവൂ. കർദിനാൾ - മേജർ ആർച്ച്ബിഷപ്പ്, കർദിനാൾ - പാത്രിയർക്കീസായാൽ പോലും മുൻഗണനാക്രമത്തിൽ ബാവായുടെ സ്ഥാനത്തിനു താഴെയാണ്. അതുപോലെ നമ്മുടെ സഭയുടെ പരിപാടികളിൽ മാർത്തോമ്മാ മെത്രാപ്പോലീത്താ വരുന്ന പക്ഷം അദ്ദേഹത്തിന് സ്ഥാനത്തിനനുസരിച്ചുള്ള ആദരവ് നൽകണം. പരുമല പള്ളി കൂദാശാ സമ്മേളനത്തിലും (2000) കാതോലിക്കേറ്റ് ശതാബ്ദി സമാപന സമ്മേളനത്തിലും (എറണാകുളം, 2012) അദ്ദേഹത്തിന് ചങ്ങനാശേരി (മുൻ) ആർച്ച്ബിഷപ്പിനു താഴെയുള്ള സ്ഥാനം നൽകിയത് ശരിയായില്ല.

(11) പിൻഗാമിയെ തെരഞ്ഞെടുക്കാതെ പൗരസ്ത്യ കാതോലിക്കാ-മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് ഒഴിവുണ്ടായാൽ പിൻഗാമിയുടെ സ്ഥാനാരോഹണം വരെയുള്ള സഭാഭരണത്തിന് സഭാ ഭരണഘടന 73, 74, 106 വകുപ്പുകൾക്ക് വിധേയമായി ഒരു നടപടി ചട്ടമുണ്ടാ

കണം. ഇത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സിനഡിന്റെ നടപടി ചട്ടങ്ങളുടെ ഭാഗമാക്കിയാൽ മതിയാകും. (സിറിയക് ഓർത്തഡോക്സ് സഭാഭരണഘടന മൂന്നാം അദ്ധ്യായം മാതൃകയാക്കാവുന്നതാണ്). മലങ്കര അസോസിയേഷൻ ഇപ്പോൾ അഞ്ചു വർഷ കാലാവധിയുള്ള ഒരു സ്ഥിരം സമിതിയായതുകൊണ്ട് ഒഴിവുണ്ടാകുമ്പോൾ പിൻഗാമിയുടെ തെരഞ്ഞെടുപ്പിനായി ഇതു വിളിച്ചുകൂട്ടുന്നതിന് പ്രയാസമില്ല.

(12) 1947 ഓഗസ്റ്റ് 29നു കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മറ്റി തയ്യാറാക്കിയ നക്കൽ തെരഞ്ഞെടുപ്പു ചട്ടങ്ങളുടെ മാതൃകയിൽ മലങ്കര മെത്രാപ്പോലീത്തായുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ടുതന്നെ മാനേജിംഗ് കമ്മറ്റി നോമിനേഷന് ചില മാനദണ്ഡങ്ങൾ ഉണ്ടാകണം. (മലങ്കരസഭാ മാസിക (1947) 1123 ചിങ്ങം ലക്കം പേജ് 2, 23 കാണുക). ആകെയുള്ള 81 അംഗങ്ങളിൽ *15 പേരെ സമുദായത്തിന്റെ വിവിധ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്നതിനും മറ്റുമായി മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യേണ്ടതാണെ*ന്ന് 1951 മേയ് 17-നു കൂടിയ മലങ്കര അസോസിയേഷൻ യോഗത്തിന്റെ നാലാം പ്രമേയത്തിൽ പറയുന്നു. സ്ഥാനമൊഴിയുന്ന വൈദിക ട്രസ്റ്റി, അയ്മേനി ട്രസ്റ്റി, അസോസിയേഷൻ സെക്രട്ടറി എന്നിവരെയോ അവർ വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നപക്ഷം മുൻ ഭാരവാഹികളെയോ നോമിനേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തണം. കോട്ടയം/നാഗ്പൂർ സെമിനാരി പ്രിൻസിപ്പൽ അല്ലെങ്കിൽ വൈസ് പ്രിൻസിപ്പൽ/സീനിയർ ആദ്ധ്യാപകൻ വൈദികസെമിനാരികളുടെ ഒരു പ്രതിനിധിയായി ഉണ്ടായിരിക്കണം. ആത്മീയ സംഘടനകളുടെ പ്രതിനിധിയായി ഏകോപന സമിതി സെക്രട്ടറി/കൺവീനർ ഉണ്ടായിരിക്കണം (7-ാം നിർദേശം കാണുക). ക്നാനായ സമുദായം, സ്ലീബാദാസ സമൂഹം, ബ്രഹ്മവാർ സമൂഹം (കൊങ്കിണി) എന്നിവയ്ക്ക് തെരഞ്ഞെടുപ്പിലൂടെ പ്രാതിനിധ്യം ലഭിച്ചില്ലെങ്കിൽ അവർക്കും നോമിനേഷനിലൂടെ പ്രാതിനിധ്യം നൽകണം. സന്യാസ സമൂഹങ്ങൾക്കും പ്രാതിനിധ്യം നൽകണം. ശേഷിച്ച സീറ്റുകളുടെ പകുതിയിലേക്ക് മലങ്കര മെത്രാപ്പോലീത്താ നേരിട്ടു നോമിനേഷൻ നടത്തണം. ബാക്കി പകുതിയിലേക്കുള്ള നോമിനേഷൻ മലങ്കര മെത്രാപ്പോലീത്താ തന്നെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളുടെ ആലോചന കൂടി പരിഗണിച്ച് നടത്തുന്നതായിരിക്കും നല്ലത്. ഇത് സഭാതലവന്റെ മേലുള്ള സമ്മർദ്ദങ്ങൾ കുറയ്ക്കാനിടയാക്കും. മാനേജിംഗ് കമ്മറ്റി യോഗത്തിൽ മെത്രാസന സെക്രട്ടറിമാരെ ക്ഷണിക്കുന്നതുപോലെ ആത്മീയ സംഘടനാ കേന്ദ്ര ഭാരവാഹികളെയും ക്ഷണിക്കുന്നതു നല്ലതാണ്.

(13) മാനേജിംഗ് കമ്മിറ്റി നോമിനേഷൻ, നാമനിർദേശം ചെയ്യപ്പെടുന്ന അംഗങ്ങളും സഭാമക്കളും വാർത്താമാധ്യമങ്ങളിൽ കൂടി മാത്രം അറി

യുന്ന രീതി നല്ലതല്ല. അസോസിയേഷൻ യോഗത്തിന്റെ ഉപസംഹാര പ്രസംഗത്തിനു മുൻപായി നോമിനേറ്റഡ് അംഗങ്ങളുടെ ലിസ്റ്റ് പ്രഖ്യാപിക്കുന്നതാണ് നല്ലത്. അതുപോലെ നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗങ്ങൾ മുൻകൂട്ടി അറിയുകയും വേണം. അവർക്ക് അസൗകര്യമുണ്ടെങ്കിൽ ഒഴിവാക്കണമല്ലോ. മുൻകാലങ്ങളിൽ അസോസിയേഷൻ കഴിഞ്ഞ് ഒരാഴ്ച വരെ വൈകി നോമിനേഷൻ നടന്നിട്ടുണ്ട്. ഒരു യോഗത്തിലും പങ്കെടുക്കാത്ത നോമിനേറ്റഡ് അംഗങ്ങളെ വീണ്ടും നോമിനേറ്റു ചെയ്ത് ആ സീറ്റ് ഉപയോഗശൂന്യമാക്കുന്നതു നല്ലതല്ല.

(14) വർക്കിംഗ് കമ്മറ്റി രൂപീകരണത്തിനും മാനദണ്ഡങ്ങൾ ഉണ്ടാകുന്നതു നല്ലതാണ്. അംഗസംഖ്യ കാലോചിതമായി 15 ആയി വർദ്ധിപ്പിക്കേണ്ടതാണ്. സ്ഥാനമൊഴിയുന്ന അസോസിയേഷൻ സെക്രട്ടറിയെ ഉൾപ്പെടുത്തുന്ന പതിവ് തുടരേണ്ടതാണ്. നിയുക്ത കാതോലിക്കാ, സിനഡ് സെക്രട്ടറി എന്നിവർ അംഗങ്ങളല്ലെങ്കിൽ അവരെ എക്സ്ഒഫീഷ്യോ അംഗങ്ങളാക്കേണ്ടതാണ്. 1934-1951 കാലത്ത് വർക്കിംഗ് കമ്മറ്റിയെ തെരഞ്ഞെടുക്കുകയായിരുന്നു (അന്നത്തെ ഭരണഘടന വകുപ്പ് 85). ആ നിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു വൈദികനെയും ഒരു അയ്മേനിയെയും മാനേജിംഗ് കമ്മറ്റിയിൽ നിന്ന് നാമനിർദേശം ചെയ്യുന്നത് നല്ലതാണ്.

(15) അസോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗത്തിന്റെ ചോദ്യോത്തരത്തിന്റെ 90% സഭയിലെ സ്കൂളുകളെ കുറിച്ചുള്ളതാണ്. മാനേജിംഗ് കമ്മറ്റിയുടെ സമയത്തിന്റെ നല്ല പങ്കും സ്കൂളുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അപഹരിക്കുന്നു. അതുകൊണ്ട് വർഷത്തിൽ ഒരു യോഗം സ്കൂളുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാനായി മാത്രം മാറ്റി വയ്ക്കാവുന്നതല്ലേ ? ഈ കമ്മറ്റിയിൽ സ്കൂൾ മാനേജരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കണം. മാനേജിംഗ് കമ്മറ്റി യോഗത്തിൽ ഗൗരവമുള്ള പ്രമേയങ്ങൾ അനുവദിക്കുകയും ഗൗരവമില്ലാത്തവ നിരുത്സാഹപ്പെടുത്തുകയും വേണം.

(16) മലങ്കരസഭയിലെ പള്ളികളുടെ / ഇടവകകളുടെ ഒരു ഏകീകൃത സമ്പൂർണ്ണ ലിസ്റ്റ് മെത്രാസനം തിരിച്ച് ഉണ്ടായിരിക്കണം. ഇപ്പോൾ പാത്രിയർക്കീസ് ഭാഗത്തിന്റെ നിയന്ത്രണത്തിലുള്ളതും 1974ലെ സഭാക്കേസിൽ പെട്ടതുമായവ ഉൾപ്പെടെ എല്ലാം (അന്നത്തെ 1064 പള്ളികൾ) ഇതിൽ ഉൾപ്പെടണം. മലങ്കര അസോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റ്, സഭാദിനപ്പിരിവു ലിസ്റ്റ്, സഭയുടെ വെബ്സൈറ്റ്, മെത്രാസന ഡയക്ടറികൾ തുടങ്ങി ഔദ്യോഗിക സ്വഭാവമുള്ള എല്ലായിടത്തും ഈ ലിസ്റ്റ് തന്നെ ഉപയോഗിക്കണം. 2002ലെ അസോസിയേഷൻ സമയത്തു തയ്യാറാക്കിയ

നടപ്പാക്കാൻ കഴിയും. ആവശ്യമുണ്ടെങ്കിൽ കാര്യവിവരമുള്ള വ്യക്തികളെ ഉൾപ്പെടുത്തിയുള്ള സമിതികൾ രൂപീകരിച്ച് അഭിപ്രായങ്ങൾ സ്വീകരിക്കണം. സഭയുടെ മുൻ ഭാരവാഹികൾ, വരണാധികാരികൾ, ട്രിബ്യൂണൽ അംഗങ്ങൾ തുടങ്ങിയവരുടെ ഉപദേശം സ്വീകരിക്കണം. ഇവരിൽ പലരും നിർദേശങ്ങൾ നൽകിയിട്ടുള്ളതായും അറിയുന്നു.

വിദഗ്ദ്ധരായ ഏതാനും പേരെ ഉൾപ്പെടുത്തി (കാലപരിധിയില്ലാത്ത) ഒരു സ്ഥിരം സമിതിയുണ്ടാക്കുകയും ആ പ്രത്യേക സമിതി സഭാ ഭരണഘടനാഭേദഗതി, അസോസിയേഷൻ നടപടി ചട്ടങ്ങളുടെ പരിഷ്കരണം, തെരഞ്ഞെടുപ്പ് സമ്പ്രദായ പരിഷ്കരണം, ഇടവക - മെത്രാസന തെരഞ്ഞെടുപ്പു നടപടിചട്ട രൂപീകരണം, എല്ലാ തെരഞ്ഞെടുപ്പുകൾക്കും ബാധകമാക്കേണ്ട മാനദണ്ഡ-നടപടിക്രമ-പെരുമാറ്റചട്ട രൂപീകരണം തുടങ്ങിയ വിവിധ വിഷയങ്ങൾ പഠിച്ച് നിർദേശങ്ങളും ശുപാർശകളും സമർപ്പിക്കുകയും ആ നിർദേശങ്ങൾ ബന്ധപ്പെട്ട ഔദ്യോഗിക സഭാസമിതികൾ ചർച്ച ചെയ്ത് പാസ്സാക്കി നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. ബന്ധപ്പെട്ട ഔദ്യോഗിക സഭാസമിതികളിൽ നിന്നുള്ള അംഗങ്ങളും ഈ പ്രത്യേക സമിതികളിൽ ഉണ്ടായിരിക്കണം.

## പിൻകുറിപ്പ്

2012 അവസാനം തയ്യാറാക്കി 2013 ജനുവരിയിൽ പ. കാതോലിക്കാ ബാവായ്ക്കു സമർപ്പിച്ച നിർദേശങ്ങളിലെ അപ്രസക്ത ഭാഗങ്ങൾ മാത്രം ഒഴിവാക്കി തയ്യാറാക്കിയതാണ് ഈ ലേഖന പരമ്പര.

സഭയുടെ പി.ആർ.ഒ. പ്രഫ. പി.സി. ഏലിയാസിന്റെ സാന്നിദ്ധ്യത്തിൽ 2013 ഫെബ്രുവരി 14ന് പരിശുദ്ധ കാതോലിക്കാ ബാവായുമായി ഈ വിഷയങ്ങൾ സംസാരിക്കുന്നതിന് ഈ ലേഖകന് അവസരം ലഭിച്ചു. തുടർന്ന് മലങ്കര സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, വർക്കിംഗ് കമ്മറ്റി, റൂൾ കമ്മറ്റി, മാനേജിംഗ് കമ്മറ്റി തുടങ്ങിയ സമിതികളിലെ അംഗങ്ങൾക്കും മുൻ ഭാരവാഹികൾക്കും മെത്രാസന സെക്രട്ടറിമാർക്കും താൽപര്യമുള്ള മറ്റു വ്യക്തികൾക്കും ഇതിന്റെ പകർപ്പുകൾ അയച്ചു.

സഭാ ഭരണഘടന പ്രകാരം റൂൾ കമ്മറ്റി ഈ വിഷയങ്ങൾ പരിഗണിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 2011-നു ശേഷം റൂൾ കമ്മറ്റി കൂടിയിട്ടില്ല. 2013 ഫെബ്രുവരിയിൽ കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് മുമ്പാകെ ഈ വിഷയങ്ങൾ വരികയും നിയമവിദഗ്ദ്ധരുമായി ആലോചിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിന് സുന്നഹദോസ് രൂപീകരിച്ച ലീഗൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇരുപതിൽ അഞ്ചു നിർദേശങ്ങൾ (1, 6, 8, 11, 17) പരിഗണിച്ച് നടപടികൾ സ്വീകരിക്കുന്നത് സഭാഭരണക്രമത്തിന് ഗുണകരമായിരിക്കുമെന്ന് 2014

ഫെബ്രുവരി 11-നു കൂടിയ ലീഗൽ കമ്മീഷൻ കണ്ടെത്തി. മൂന്നു മെത്രാപ്പോലീത്താമാരും 2014 ഓഗസ്റ്റിൽ കൂടിയ സുന്നഹദോസ് നാമനിർദേശം ചെയ്ത ഒരു വൈദികനും മൂന്ന് അഭിഭാഷകരും ചേർന്നതാണ് ലീഗൽ കമ്മീഷൻ. 2016 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ലീഗൽ കമ്മീഷൻ കൂടുകയും മുൻഗണനാക്രമത്തിൽ വിഷയങ്ങൾ പരിഗണിക്കുകയും 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച നടപടി ചട്ടങ്ങൾ' പരിഷ്കരിക്കുകയും ആയത് ഫെബ്രുവരി 26ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ അവതരിപ്പിക്കുകയും ചെയ്തു. ലീഗൽ കമ്മീഷനും സുന്നഹദോസും ഈ വിഷയങ്ങൾ പരിഗണിച്ച അവസരങ്ങളിൽ മലങ്കര സഭയുടെ ഒരു സമിതിയിലും അംഗമല്ലാത്ത ഈ ലേഖകനെയും പ്രത്യേകമായി ക്ഷണിച്ചത് വിനയപൂർവം സ്മരിക്കുന്നു. തുടർന്ന് മറ്റു വിഷയങ്ങൾ പരിഗണിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഈ നിർദ്ദേശങ്ങളിൽ നല്ല പങ്കും കഴിഞ്ഞ രണ്ടു പതിറ്റാണ്ടു കാലമായി പലപ്പോഴായി ഈ ലേഖകൻ സഭയുടെ ഉന്നതതലത്തിലുള്ള പല ഭാരവാഹികളുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഈ വിഷയങ്ങളിൽ ആരും ഒരു നടപടിയുമെടുത്തതായി കാണുന്നില്ല. അടിയന്തരമായി ശ്രദ്ധ കൊടുക്കേണ്ട പല കാര്യങ്ങളും ഇവയിലുണ്ട്. പത്തു വയസ്സുള്ളപ്പോൾ ആരംഭിച്ച സഭാ പഠനവും പൊതു പഠനവും നിരീക്ഷണങ്ങളും നൽകിയ പരിമിതമായ അറിവുകളും അനുഭവങ്ങളും സഭയുടെയും സഭാതലവന്റെയും പൊതുവായ നന്മയ്ക്കായി പങ്കു വയ്ക്കുന്നെന്നു മാത്രം.

*'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച നടപടി ചട്ടങ്ങൾ' കാലോചിതമായി പരിഷ്കരിക്കുന്നതിനും മെത്രാസന - ഇടവക തലത്തിലുള്ള തെരഞ്ഞെടുപ്പുകൾക്കും സമാനമായ നടപടി ചട്ടങ്ങൾ തയ്യാറാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് മലങ്കര മെത്രാപ്പോലീത്താ കൂടിയായ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയോട് ഈ യോഗം അഭ്യർത്ഥിക്കുന്നു* എന്ന് ഒരു പ്രമേയം 2012 ഓഗസ്റ്റ് 9-ന് കോട്ടയം പഴയ സെമിനാരിയിൽ ചേർന്ന അസോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗത്തിൽ അവതരിപ്പിക്കുന്നതിന് ഫാ. ഐപ്പ് പി. സാം സമർപ്പിച്ചിരുന്നെങ്കിലും അവതരിപ്പിക്കാൻ അവസരം ലഭിച്ചില്ല. എന്നാൽ അസോസിയേഷൻ മാനേജിംഗ് കമ്മറ്റി 2003-ൽ സമാനമായ ഒരു പ്രമേയം പാസ്സാക്കിയിരുന്നു. ഇതിന്മേൽ യാതൊരു നടപടിയുമുണ്ടായിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. (മാനേജിംഗ് കമ്മറ്റി ഇപ്പോൾ പാസ്സാക്കാറുള്ളത് അനുമോദന-അനുശോചന-പ്രതിഷേധ-ഭക്തി-നന്ദി പ്രമേയങ്ങൾ മാത്രമാണല്ലോ !!!).

ഇപ്രകാരം ഒരു രേഖ തയ്യാറാക്കുന്നതിന് ലേഖകനെ പ്രേരിപ്പിച്ചത് ഈ സംഭവമാണ്. ഇതു തയ്യാറാക്കി പരിശുദ്ധ ബാവാ തിരുമേനിക്കു സമർപ്പിച്ചതിനു തൊട്ടുപിന്നാലെ സഭയുടെ മുഖ്യ ഭാരവാഹികൾക്കും പിന്നീട് മറ്റുള്ളവർക്കും സമർപ്പിക്കുകയുണ്ടായി. വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, മുൻ വൈദികട്രസ്റ്റി ഫാ. ഡോ. ഒ. തോമസ്, മുൻ അസോസിയേഷൻ സെക്രട്ടറിമാരായ ശ്രീ. എം. ടി. പോൾ, ശ്രീ. എ.കെ. തോമസ്, ഡോ. അലക്സാണ്ടർ കാരയ്ക്കൽ എന്നിവരും ഇപ്പോഴത്തെ വർക്കിംഗ് കമ്മറ്റിയംഗം കുരുവിള എം. ജോർജ്, മാനേജിംഗ് കമ്മറ്റിയംഗങ്ങളായ ഫാ. ഫിലൻ പി. മാത്യു, അഡ്വ. മാത്യൂസ് കോശി കുളങ്ങര, അഡ്വ. ബിജു ഉമ്മൻ, മുൻ അംഗങ്ങളായ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ, പ്രൊഫ. ഇ. ജേക്കബ് ജോൺ, അഡ്വ. കെ. കെ. തോമസ് തുടങ്ങിയവരും തങ്ങളുടെ പ്രതികരണങ്ങൾ അറിയിച്ചു. അഭിപ്രായങ്ങൾ ചോദിച്ചപ്പോൾ മാത്രം പ്രതികരിച്ച ചുരുക്കം ചില വ്യക്തികളുമുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല.

*(ബഥേൽ പത്രിക 2016 ഏപ്രിൽ, മെയ്, ജൂൺ ലക്കങ്ങൾ)*

*(മേൽപ്പറഞ്ഞ നിർദേശങ്ങൾ (പ്രത്യേകിച്ച് 1, 2) കൂടി പരിഗണിച്ചാണ് 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച നടപടിചട്ടങ്ങൾ' 2016-ൽ പരിഷ്കരിച്ചത്. 'പരിഷ്കരിച്ച അസോസിയേഷൻ തെരഞ്ഞെടുപ്പു നടപടിച്ചട്ടങ്ങൾ' എന്ന ലേഖനത്തിൽ തുടർനടപടികൾ വിശദീകരിച്ചിട്ടുണ്ട്.*

*2016 ജൂലൈ - ഓഗസ്റ്റ് മാസങ്ങളിൽ 'എപ്പിസ്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമവും' പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ലീഗൽ കമ്മീഷൻ ആരംഭിച്ചു. മേൽപ്പറഞ്ഞ നിർദേശങ്ങളിൽ പലതും സ്വീകരിച്ചിട്ടുണ്ട്. ലീഗൽ കമ്മീഷൻ തയ്യാറാക്കിയ നക്കൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് (2016 ഓഗസ്റ്റ് 11), വർക്കിംഗ് കമ്മിറ്റി (2016 സെപ്റ്റംബർ 10) എന്നീ സമിതികളിൽ അവതരിപ്പിച്ചു ചർച്ച ചെയ്ത് അംഗങ്ങളുടെ നിർദേശങ്ങൾ സ്വീകരിക്കുന്നതിന് മാനേജിംഗ് കമ്മിറ്റിയിൽ (2016 സെപ്റ്റംബർ 13) വിതരണം ചെയ്തു. മേൽപ്പട്ട തെരഞ്ഞെടുപ്പിന് സാവകാശമുള്ളതിനാൽ തുടർ നടപടികൾ നീട്ടിവച്ചു* - എഡിറ്റർ)

# അസോസിയേഷൻ തെരഞ്ഞെടുപ്പു നടപടിച്ചട്ടങ്ങൾ: അല്പം ചരിത്രം

## വർഗീസ് ജോൺ, തോട്ടപ്പുഴ

**മ**ലങ്കര അസോസിയേഷൻ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതും നടത്തുന്നതും ക്രമവൽക്കരിക്കുന്നതിനാണ് 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച നടപടിച്ചട്ടങ്ങൾ' ഉണ്ടാക്കിയിരിക്കുന്നത്. "ഈ നടപടിച്ചട്ടങ്ങൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായ ഉപചട്ടങ്ങളാകുന്നു'' എന്ന് ഇതിന്റെ പ്രഖ്യാപനത്തിൽ പറയുന്നുണ്ട്.

"മലങ്കര അസോസിയേഷൻ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിനെയും അവകളുടെ നടത്തിപ്പിനെയും സംബന്ധിച്ച് നടപടിക്രമങ്ങൾ നിർദേശിക്കുന്നതിന് ഒരു സബ് കമ്മിറ്റിയെ നിയമിക്കേണ്ടതാകുന്നു" എന്ന് ശ്രീ. എം. ഏബ്രഹാം അവതരിപ്പിച്ച പ്രമേയം 1966 ഡിസംബർ 27-നു കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി പാസ്സാക്കുകയും അതനുസരിച്ച് പ. കാതോലിക്കാ ബാവാ ഒരു സ്പെഷ്യൽ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. നടപടിച്ചട്ട രൂപീകരണത്തിന്റെ ആരംഭം ഇങ്ങനെയാണ്.

ഈ ചട്ടങ്ങളുടെ നക്കൽ മാനേജിംഗ് കമ്മിറ്റിയിൽ സമർപ്പിക്കണമെന്ന് 1967 ജൂലൈ നാലിനു കൂടിയ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചു. സ്പെഷ്യൽ കമ്മിറ്റി തയ്യാറാക്കിയ നടപടിച്ചട്ടങ്ങൾ വർക്കിംഗ് കമ്മിറ്റി വരുത്തിയ ഭേദഗതികളോടെ 1967 ഓഗസ്റ്റ് പത്തിനു കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ സമർപ്പിച്ച് വിശദമായ ചർച്ചകൾ നടത്തി. എല്ലാ തെരഞ്ഞെടുപ്പുകൾക്കും നടപടിച്ചട്ടങ്ങൾ തയ്യാറാക്കുന്നതിന് റൂൾ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

അന്നത്തെ (1966-1970) റൂൾ കമ്മറ്റിയിൽ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (പ്രസിഡന്റ്), ഫാ. പി. പി. ജോസഫ്, ഡോ.

എ. ടി. മർക്കോസ്, ചാക്കോ ജോർജ്, പി. ടി. വർഗീസ്, കെ. കോരുത്, കെ. എൻ. ചാക്കോ, ജേക്കബ് സ്റ്റീഫൻ, കെ. ടി. മാത്യു, എം. സി. പോത്തൻ, പി. സി. ഏബ്രഹാം (അസോസിയേഷൻ സെക്രട്ടറി/ കൺവീനർ) എന്നീ 11 അംഗങ്ങൾ ഉണ്ടായിരുന്നു.

1967 ഡിസംബർ 27-നു കൂടിയ മാനേജിംഗ് കമ്മിറ്റി, നടപടിച്ചട്ടങ്ങളിൽ ചില ഭേദഗതികൾ കൂടി നിർദേശിച്ചു. റൂൾ കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച നടപടിച്ചട്ടങ്ങൾ 1968 ഫെബ്രുവരി 22-നു കൂടിയ മാനേജിംഗ് കമ്മിറ്റി ആവശ്യമായ ഭേദഗതികൾ വരുത്തി അംഗീകരിച്ചു.

1969 ഫെബ്രുവരി 27-നു  കൂടിയ മാനേജിംഗ് കമ്മിറ്റി അസോസിയേഷൻ നടപടിച്ചട്ടങ്ങൾ വീണ്ടും ചർച്ചയ്ക്കെടുത്തു. ഈ നടപടിച്ചട്ടങ്ങളിലെ ചില വ്യവസ്ഥകൾ സഭാഭരണഘടനയ്ക്കു വിരുദ്ധമാണെന്നും മറ്റു ചില വ്യവസ്ഥകൾ അസോസിയേഷൻ അംഗങ്ങളുടെയും മാനേജിംഗ് കമ്മിറ്റിയംഗങ്ങളുടെയും അവകാശങ്ങളെ ഹനിക്കുന്നവയാണെന്നും വിമർശനം ഉണ്ടായതിനാൽ അഭിപ്രായമറിയാനായി റൂൾ കമ്മിറ്റിക്ക് അയച്ചുകൊടുത്തു. റൂൾ കമ്മിറ്റി വേണ്ട ഭേദഗതികൾ വരുത്തി 1969 ഒക്ടോബർ 20-നു കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചു. വീണ്ടും ചില ഭേദഗതികൾ വരുത്തി മാനേജിംഗ് കമ്മിറ്റി പാസ്സാക്കി. പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ 1970 ഫെബ്രുവരി ഒന്നിന് ഇത് നടപ്പിൽ വരുത്തി.

ഈ നടപടിച്ചട്ടങ്ങളിലെ വോട്ടിംഗ് സമ്പ്രദായം ഉൾപ്പെടെയുള്ള ചട്ടങ്ങൾ ആദ്യവസാനം പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദേശിക്കാൻ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (പ്രസിഡന്റ്), ഫാ. പി. പി. ജോസഫ്, പി. സി. ഏബ്രഹാം (അസോസിയേഷൻ സെക്രട്ടറി/കൺവീനർ), എം. ഏബ്രഹാം, കെ. ചെറിയാൻ, പി. എൻ. നൈനാൻ, പി. ടി. വർഗീസ് എന്നിവരടങ്ങുന്ന സബ് കമ്മിറ്റിയെ 1970 ജൂൺ 25-നു കൂടിയ മാനേജിംഗ് കമ്മിറ്റി നിയമിച്ചു. ഈ സമിതിയുടെ നിർദ്ദേശങ്ങൾ 1970 ആഗസ്റ്റ് 27-നു കൂടിയ മാനേജിംഗ് കമ്മിറ്റി ഭേദഗതികളോടെ അംഗീകരിച്ചു. പരിഷ്കരിച്ച നടപടിച്ചട്ടങ്ങൾ 1970 സെപ്റ്റംബർ 15-ന് പരിശുദ്ധ കാതോലിക്കാ ബാവാ നടപ്പിൽ വരുത്തി.

സ്പെഷ്യൽ കമ്മിറ്റി, റൂൾ കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി എന്നീ സമിതികൾ നാലു വർഷം നിരന്തരമായി ചർച്ച ചെയ്താണ് ഇതു തയ്യാറാക്കി നടപ്പിൽ വരുത്തിയത്. അസോസിയേഷന്റെ അംഗസംഖ്യ കുറയ്ക്കുന്നതിനെപ്പറ്റിയുള്ള നിർദ്ദേശം സജീവമായി ചർച്ച ചെയ്തിരുന്നതും കാലതാമസത്തിന് കാരണമായി. ഈ കാലഘട്ടത്തിൽ മലങ്കര അസോസിയേഷൻ കൂടുന്നതിന് പല പ്രാവശ്യം തീയതി നിശ്ചയി

ക്കുകയും മാറ്റി വയ്ക്കുകയും ചെയ്തു. 1968-ൽ അന്തിമരൂപം വരുത്തിയ നടപടിച്ചട്ടങ്ങൾ 1969-ലും 1970-ലും പരിഷ്കരിച്ചു (മലയാള മനോരമ ദിനപത്രത്തിന്റെയും മലങ്കരസഭാമാസികയുടെയും പഴയ ലക്കങ്ങൾ പരി ശോധിച്ചാണ് ഈ കുറിപ്പ് തയ്യാറാക്കിയത്. മലങ്കര നസ്രാണികൾ ആറാം വാല്യം 119-139 പേജുകളിലെ 'ശബ്ദരഹിതസമരം' എന്ന അദ്ധ്യായ ത്തിൽ ഇസ്സഡ് എം. പാറേട്ട് പറയുന്നതു കൂടി കാണുക).

ഈ നടപടിച്ചട്ടങ്ങൾ അനുസരിച്ചാണ് 1970 ഡിസംബർ 31-ന് മലങ്കര അസോസിയേഷൻ യോഗം കൂടിയത്. തുടർന്ന് ആറ് അസോസിയേഷൻ യോഗങ്ങൾ (1974, 1977, 1980, 1982, 1985, 1987) ഇതനുസരിച്ചു നടന്നു.

ഈ നടപടിച്ചട്ടങ്ങളിൽ വർക്കിംഗ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾ 1989 ഏപ്രിൽ 14-നു കൂടിയ മാനേജിംഗ് കമ്മിറ്റി അംഗീകരിച്ചു. റൂൾ കമ്മിറ്റി തന്നെയാണ് ഇതിനുള്ള ആദ്യ നടപടികൾ സ്വീകരിച്ചതെന്ന് കരുതുന്നു. ഒട്ടേറെ ഭേദഗതികൾ നിർദേശിക്കപ്പെട്ടെങ്കിലും അത്യാവശ്യ മുള്ള വളരെ ചെറിയ ഭേദഗതികൾ മാത്രമാണ് അന്നു വരുത്തിയത്. ഇതനുസരിച്ച് ഭേദഗതി ചെയ്ത നടപടിച്ചട്ടങ്ങൾ 1989 ജൂൺ ഒന്നിന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ നടപ്പിൽ വരുത്തി. മൂന്ന് അസോസിയേഷൻ യോഗങ്ങൾ (1989, 1992, 1994) ഇതനുസരിച്ച് നടന്നു.

1995-ലെ സുപ്രീംകോടതി വിധിക്കു ശേഷം അനുബന്ധം 1, 2 എന്നി വയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി 1997-ൽ അച്ചടിച്ചു; എങ്കിലും സുപ്രീംകോടതി വിധിയനുസരിച്ചുള്ള മാറ്റങ്ങൾ പൂർണമായും ഇതിൽ ഉൾക്കൊണ്ടിട്ടില്ല. കാലഹരണപ്പെട്ട അവസ്ഥയിലാണെങ്കിലും ഇപ്പോഴും നിലവിലുള്ളത് ഈ നടപടിച്ചട്ടങ്ങൾ തന്നെയാണ്.

അസോസിയേഷൻ നടപടിച്ചട്ടങ്ങളുടെ ആറാം ഭാഗം പത്താം വകുപ്പ് മൂന്നാം ഉപവകുപ്പ് അനുസരിച്ചാണ് മേൽപട്ടസ്ഥാനികളുടെ തെരഞ്ഞെ ടുപ്പു നടപടിക്രമം കാലാകാലങ്ങളിൽ തയ്യാറാക്കിയിരുന്നത്. ആറാം ഭാഗം പത്താം വകുപ്പ് ഒന്നാം ഉപവകുപ്പ് മാനേജിംഗ് കമ്മിറ്റിക്കു നൽകുന്ന അവകാശം ഉപയോഗിച്ച് മേൽപ്പട്ടസ്ഥാനികളുടെ തെരഞ്ഞെടുപ്പ് സുഗ മമായി നടത്തിവന്നു. 2007 ഡിസംബർ ആറിനു കൂടിയ പ. എപ്പിസ്കോ പ്പൽ സുന്നഹദോസ് അംഗീകരിച്ച് 2008 ഫെബ്രുവരി 20-ന് മാനേജിംഗ് കമ്മിറ്റിയിൽ പ്രസ്താവിച്ച് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള 'എപ്പിസ് കോപ്പാസ്ഥാനികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമവും' ആണ് ഇപ്പോൾ നിലവിലുള്ളത്. ഇത് സഭാഭരണഘടന 107, 113, 128 വകുപ്പുകളും അസോസിയേഷൻ നടപടിച്ചട്ടങ്ങളുടെ നാലാം ഭാഗവും അനുസരിച്ചുള്ളതാണെന്ന് കരുതുന്നു.

നടപടിച്ചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള നടപടിക്രമം ഒരിടത്തും പറയുന്നില്ല. ആറാം ഭാഗം പത്താം വകുപ്പ് മൂന്നാം ഉപവകുപ്പ് ഭേദഗതിക്കു വേണ്ടിയുള്ളതല്ലെന്നു കരുതുന്നു. അടിയന്തരഘട്ടത്തിലും നടപടിച്ചട്ടങ്ങളുടെ പരിധിയിൽ വരാത്ത വിഷയങ്ങളിലും പ്രസിഡന്റിന് ഇടപെടാൻ വേണ്ടിയുള്ളതാണതെന്നാണ് ഈ ലേഖകന്റെ അഭിപ്രായം.

അസോസിയേഷനിൽ നിന്ന് മാനേജിംഗ് കമ്മിറ്റിയിലേക്ക് നേരിട്ടു മത്സരിക്കാൻ അവസരം നൽകുന്ന വകുപ്പ് (നടപടിച്ചട്ടങ്ങളുടെ അഞ്ചാം ഭാഗം ഒൻപതാം വകുപ്പ് നാലാം ഉപവകുപ്പ്) വ്യക്തതയില്ലാത്തതും പല വിധത്തിൽ വ്യാഖ്യാനിക്കാവുന്നതും ആശയക്കുഴപ്പം ഉണ്ടാക്കുന്നതുമാണ്. ആറാം ഭാഗം പത്താം വകുപ്പ് ഒന്നാം ഉപവകുപ്പ് ഫലത്തിൽ സഭാഭരണഘടന 127-ാം വകുപ്പ് അസോസിയേഷനു നൽകുന്ന അവകാശത്തെ നിഷേധിക്കുന്നതായി ഭവിക്കുന്നു.

ഭരണഘടന ഭേദഗതി ചെയ്യുന്നതുപോലെ റൂൾ കമ്മിറ്റി സമർപ്പിക്കുന്ന നിർദേശങ്ങൾ മാനേജിംഗ് കമ്മിറ്റി പാസ്സാക്കി വേണം നടപടിച്ചട്ടങ്ങളും ഭേദഗതി ചെയ്യേണ്ടത് എന്നാണ് ഈ ലേഖകന്റെ അഭിപ്രായം.

*(ബഥേൽ പത്രിക, 2015 ഒക്ടോബർ)*

# പരിഷ്കരിച്ച അസോസിയേഷൻ തെരഞ്ഞെടുപ്പു നടപടിച്ചട്ടങ്ങൾ

## വർഗീസ് ജോൺ, തോട്ടപ്പുഴ

മലങ്കര അസോസിയേഷൻ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതും നടത്തുന്നതും ക്രമവൽക്കരിക്കുന്നതിനാണ് 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച നടപടിച്ചട്ടങ്ങൾ' ഉണ്ടാക്കിയിരിക്കുന്നത്. "ഈ നടപടിച്ചട്ടങ്ങൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായ ഉപചട്ടങ്ങളാകുന്നു" എന്ന് ഇതിന്റെ പ്രഖ്യാപനത്തിൽ പറയുന്നുണ്ട്.

"മലങ്കര അസോസിയേഷൻ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിനെയും അവകളുടെ നടത്തിപ്പിനെയും സംബന്ധിച്ച് നടപടിക്രമങ്ങൾ നിർദേശിക്കുന്നതിന് ഒരു സബ് കമ്മിറ്റിയെ നിയമിക്കേണ്ടതാകുന്നു" എന്ന് ശ്രീ. എം. ഏബ്രഹാം അവതരിപ്പിച്ച പ്രമേയം 1966 ഡിസംബർ 27-നു കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി പാസ്സാക്കുകയും അതനുസരിച്ച് പ. കാതോലിക്കാ ബാവാ ഒരു സ്പെഷ്യൽ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. നടപടിച്ചട്ടരൂപീകരണത്തിന്റെ ആരംഭം ഇങ്ങനെയാണ്. സ്പെഷ്യൽ കമ്മിറ്റി, റൂൾ കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി എന്നീ സമിതികൾ നാലു വർഷം നിരന്തരമായി ചർച്ച ചെയ്ത് തയ്യാറാക്കിയ നടപടിച്ചട്ടങ്ങൾ പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ 1970 ഫെബ്രുവരി ഒന്നിന് നടപ്പിൽ വരുത്തി.

ഈ നടപടിച്ചട്ടങ്ങളിലെ വോട്ടിംഗ് സമ്പ്രദായം ഉൾപ്പെടെയുള്ള ചട്ടങ്ങൾ ആദ്യവസാനം പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദേശിക്കാൻ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (പ്രസിഡന്റ്), ഫാ. പി. പി. ജോസഫ്, പി. സി. ഏബ്രഹാം (അസോസിയേഷൻ സെക്രട്ടറി/കൺവീനർ), എം. ഏബ്രഹാം, കെ. ചെറിയാൻ, പി. എൻ. നൈനാൻ, പി. ടി. വർഗീസ് എന്നിവരടങ്ങുന്ന ഒരു സബ് കമ്മിറ്റിയെ മാനേജിംഗ് കമ്മിറ്റി നിയമിച്ചു. ഈ ഉപസമിതിയുടെ നിർദ്ദേശങ്ങൾ 1970

ആഗസ്റ്റ് 27-നു കൂടിയ മാനേജിംഗ് കമ്മിറ്റി ഭേദഗതികളോടെ അംഗീകരിച്ചു. പരിഷ്കരിച്ച നടപടിച്ചട്ടങ്ങൾ 1970 സെപ്റ്റംബർ 15-ന് പ. കാതോലിക്കാ ബാവാ നടപ്പിൽ വരുത്തി. ഈ നടപടിച്ചട്ടങ്ങൾ അനുസരിച്ചാണ് 1970 ഡിസംബർ 31-ന് മലങ്കര അസോസിയേഷൻ യോഗം കൂടിയത്. തുടർന്ന് ആറ് അസോസിയേഷൻ യോഗങ്ങൾ (1974, 1977, 1980, 1982, 1985, 1987) ഇതനുസരിച്ചു നടന്നു.

ഈ നടപടിച്ചട്ടങ്ങളിൽ വർക്കിംഗ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾ 1989 ഏപ്രിൽ 14-നു കൂടിയ മാനേജിംഗ് കമ്മിറ്റി അംഗീകരിച്ചു. റൂൾ കമ്മിറ്റി തന്നെയാണ് ഇതിനുള്ള ആദ്യ നടപടികൾ സ്വീകരിച്ചതെന്ന് കരുതുന്നു. ഒട്ടേറെ ഭേദഗതികൾ നിർദേശിക്കപ്പെട്ടെങ്കിലും അത്യാവശ്യമുള്ള വളരെ ചെറിയ ഭേദഗതികൾ മാത്രമാണ് അന്നു വരുത്തിയത്. ഇതനുസരിച്ച് ഭേദഗതി ചെയ്ത നടപടിച്ചട്ടങ്ങൾ 1989 ജൂൺ ഒന്നിന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ നടപ്പിൽ വരുത്തി. മൂന്ന് അസോസിയേഷൻ യോഗങ്ങൾ (1989, 1992, 1994) ഇതനുസരിച്ച് നടന്നു. 1995-ലെ സുപ്രീംകോടതി വിധിക്കു ശേഷം അനുബന്ധം 1, 2 എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി 1997-ൽ അച്ചടിച്ചു. അതിനു ശേഷം ഏഴ് അസോസിയേഷൻ യോഗങ്ങൾ (2002, 2004, 2006, 2007, 2008, 2010, 2012) നടന്നു.

ഈ ചട്ടങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമായതിനാൽ നക്കൽ തയ്യാറാക്കുന്നതിന് പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ലീഗൽ കമ്മീഷനെ പ. കാതോലിക്കാ ബാവാ ചുമതലപ്പെടുത്തി. ലീഗൽ കമ്മീഷൻ തയ്യാറാക്കിയ നക്കൽ എപ്പിസ്കോപ്പൽ സുന്നഹദോസ് (2016 ഫെബ്രുവരി 26, ഓഗസ്റ്റ് 11), വർക്കിംഗ് കമ്മിറ്റി (2016 സെപ്റ്റംബർ 10) എന്നീ സമിതികളിൽ അവതരിപ്പിച്ച് മാനേജിംഗ് കമ്മിറ്റിയിൽ (2016 സെപ്റ്റംബർ 13) വിതരണം ചെയ്ത് അംഗങ്ങളുടെ നിർദേശങ്ങൾ സ്വീകരിച്ച് അന്തിമരൂപം നൽകി. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ 2016 സെപ്റ്റംബർ 30-ലെ 236/2016-ാം നമ്പർ കല്പന മുഖാന്തരം നടപ്പിൽ വരുത്തി. അച്ചടി സംബന്ധമായ സാങ്കേതികപ്രശ്നങ്ങൾ നിമിത്തം ഈ നടപടിച്ചട്ടങ്ങളോടൊപ്പം കൊടുത്തിരുന്ന അനുബന്ധങ്ങളിൽ ചേർത്തിട്ടുള്ള ഫാറങ്ങളുടെ മാതൃക പൂർണ്ണമായിരുന്നില്ല. ആയത് പൂർത്തീകരിച്ച് ആവശ്യമായ ഭേദഗതികളോടെ പുനഃപ്രസിദ്ധീകരിച്ച് 2016 ഒക്ടോബർ 25-ലെ 257/2016-ാം നമ്പർ കല്പന മുഖാന്തരം നടപ്പിൽ വരുത്തി.

മെത്രാപ്പോലീത്താമാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ് (ചെയർമാൻ), അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. സഖ

റിയാ മാർ അപ്രേം (കൺവീനർ), നാമനിർദേശം ചെയ്യപ്പെട്ട ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് (വൈദിക ട്രസ്റ്റി), അഡ്വക്കേറ്റുമാരായ കെ. കെ. തോമസ്, കുളങ്ങര മാത്യൂസ് കോശി, ബിജു ഉമ്മൻ എന്നിവരാണ് ലീഗൽ കമ്മീഷൻ അംഗങ്ങൾ. നടപടിച്ചട്ട രൂപീകരണത്തിന് ഈ ലേഖകൻ പ്രത്യേക ക്ഷണിതാവായി പങ്കെടുത്തു.

സങ്കീർണമായ തെരഞ്ഞെടുപ്പുപ്രക്രിയകൾ ലളിതമാക്കിയത് ഉൾപ്പെടെ കാലികമായ ഒട്ടേറെ പരിഷ്കാരങ്ങൾ വരുത്തിയിട്ടുള്ളതാണ് പുതിയ നടപടിച്ചട്ടങ്ങൾ. പ്രധാന പരിഷ്കാരങ്ങൾ താഴെ ചേർക്കുന്നു.

(1) പൗരസ്ത്യ കാതോലിക്കാ/മലങ്കരമെത്രാപ്പോലീത്താ/പിൻഗാമി (നിയുക്ത കാതോലിക്കാ) സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ നിലവിലുള്ള വോട്ടിംഗ്-കൗണ്ടിംഗ് സമ്പ്രദായത്തിന് (STV/preferential vote) മാറ്റമില്ലെങ്കിലും വിജയിയെ നിർണയിക്കുന്നത് polled vote-നു പകരം valid vote-നെ അടിസ്ഥാനമാക്കിയായിരിക്കും (ഭാഗം 2, വകുപ്പ് 6, ഉപവകുപ്പ് 4, പേജ് 10).

(2) കൂട്ടുട്രസ്റ്റികളുടെ തെരഞ്ഞെടുപ്പിലെ preferential vote സമ്പ്രദായം നിർത്തലാക്കി. ഏറ്റവും കൂടുതൽ വോട്ടുകൾ കിട്ടുന്ന വ്യക്തികളെ വിജയികളായി പ്രഖ്യാപിക്കും. നേരത്തെ പകുതിയിലധികം വോട്ടുകൾ നേടണമായിരുന്നു (ഭാഗം 3, വകുപ്പ് 7, ഉപവകുപ്പ് 6, പേജ് 11).

(3) ഒരു സ്ഥാനാർത്ഥിയ്ക്കു വേണ്ടി സമർപ്പിക്കാവുന്ന നാമനിർദേശ പത്രികകളുടെ പരമാവധി എണ്ണം മൂന്ന് ആയിരിക്കും. നേരത്തെ ഇതിനു പരിധിയില്ലായിരുന്നു (ഭാഗം 6, വകുപ്പ് 10, ഉപവകുപ്പ് 4, പേജ് 16). പത്രികയിൽ സ്ഥാനാർത്ഥിയുടെ സമ്മതം രേഖപ്പെടുത്തണം.

(4) അസോസിയേഷനിൽ നിന്ന് മാനേജിംഗ് കമ്മിറ്റിയിലേക്ക് നേരിട്ടു മത്സരിക്കാൻ അവസരം നൽകുന്ന വകുപ്പ് കൂടുതൽ വ്യക്തമാക്കി. നാമനിർദേശപത്രികയിൽ ഒപ്പിടേണ്ട അംഗങ്ങളുടെ കുറഞ്ഞ എണ്ണം 30-ൽ നിന്ന് 100 ആയി ഉയർത്തി (ഭാഗം 5, വകുപ്പ് 9, ഉപവകുപ്പ് 4, പേജ് 13).

(5) ട്രിബ്യൂണലിന്റെ കാലാവധി, ഒഴിവുനികത്തൽ എന്നിവയ്ക്കുള്ള വകുപ്പ് (ഭാഗം 1, വകുപ്പ് 4, ഉപവകുപ്പ് 2, പേജ് 5) പുതിയതായി ചേർത്തു.

(6) ട്രിബ്യൂണൽ തീരുമാനപ്രകാരമോ യഥാസമയം തെരഞ്ഞെടുപ്പു നടക്കാതിരുന്നതു മൂലമോ പ്രതിനിധികൾ ഇല്ലാതെ വരുന്ന ഇടവകകൾക്ക് നടപടിക്രമങ്ങൾ പാലിച്ച് ഒഴിവു നികത്താവുന്ന വകുപ്പുകൾ (ഭാഗം 1, വകുപ്പ് 4, ഉപവകുപ്പ് 6, 8; പേജ് 6, 7) പുതിയതായി ചേർത്തു.

(7) നടപടിച്ചട്ടങ്ങളുടെ ഭേദഗതിയും സ്ഥാനികളുടെയും അംഗങ്ങളുടെയും പ്രായം, യോഗ്യത, പെരുമാറ്റച്ചട്ടം എന്നിവയും നിശ്ചയിക്കാവുന്ന

| | A | % | B | % |
|---|---|---|---|---|
| ലഭിച്ച വൈദികരുടെ വോട്ട് | 600/1000 | 60 | 800/1000 | 80 |
| ലഭിച്ച അവൈദികരുടെ വോട്ട് | 2400/3000 | 80 | 1800/3000 | 60 |

ശതമാനങ്ങൾ തമ്മിൽ കൂട്ടുമ്പോൾ A യ്ക്കും B യ്ക്കും 140 വീതം കിട്ടും. അങ്ങനെ കൂട്ടുന്നത് ശരിയല്ല. ഇവിടെ അവലംബിക്കേണ്ട ശരിയായ രീതി ശരാശരി വോട്ടിന്റെ ശതമാനം കാണുക. അല്ലാത്തപക്ഷം രണ്ടു വിഭാഗത്തിലും കിട്ടിയ വോട്ടുകൾ കൂട്ടി ആർക്കാണ് കൂടുതൽ കിട്ടിയത് എന്ന് തീരുമാനിക്കുക.

Percentage of combined average ആണ് കാണേണ്ടത്.

$$A = \frac{600+2400}{1000+3000} = \frac{3000}{4000} = 75\%$$

$$B = \frac{800+1800}{1000+3000} = \frac{2600}{4000} = 65\%$$

1. ഇവിടെ വൈദികരുടെയും അവൈദികരുടെയും വോട്ടിന്റെ മൂല്യം (weightage) തുല്യമാണ്.

2. വൈദികരുടെ വോട്ടിന് അല്മായക്കാരുടെ വോട്ടിനേക്കാൾ മൂല്യം കൂടുതലുണ്ടെങ്കിൽ അത് എത്ര ഇരട്ടി എന്ന് വ്യക്തമായി പറയണം.

3. അപ്പോൾ മെത്രാപ്പോലീത്താമാരുടെ വോട്ടിന്റെ മൂല്യവും പട്ടക്കാരുടെ വോട്ടിന്റെ മൂല്യവും തുല്യമാണോ എന്നും വ്യക്തമാക്കണം.

4. അങ്ങനെ മൂല്യം കൂട്ടിയാൽ എല്ലാ സ്ഥാനാർത്ഥികൾക്കും വൈദികരുടെ വോട്ട് 50% കൂടുതൽ ലഭിക്കുവാൻ സാദ്ധ്യത ഉണ്ട്.

ഈ സാഹചര്യങ്ങൾ വളരെ ചുരുക്കമായേ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളു. എങ്കിലും നടപടിചട്ടങ്ങൾ രൂപംകൊടുക്കുമ്പോൾ അപൂർവ്വ സാഹചര്യങ്ങളും കണക്കിലെടുത്ത് പ്രതിവിധി കൂടി ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കും എന്നുള്ളതാണ് എന്റെ എളിയ അഭിപ്രായം.

എന്ന് അവിടുത്തെ ആത്മീയ പുത്രൻ

22-10-2016

*(2016 സെപ്റ്റംബർ 13നു കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിൽ അംഗങ്ങൾക്ക് വിതരണം ചെയ്ത 'എപ്പിസ്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമവും' സംബന്ധിച്ച് കോട്ടയം മെത്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മിറ്റിയംഗം (2012-2017) ജോസഫ് അലക്സാണ്ടർ പ. കാതോലിക്കാ ബാവായ്ക്കു സമർപ്പിച്ച അഭിപ്രായം - എഡിറ്റർ)*

“**പി**റ്റേദിവസം മോശ ജനത്തിനു ന്യായം നടത്തുവാൻ ഇരിക്കുകയും പ്രഭാതം മുതൽ പ്രദോഷംവരെ ജനം മോശയുടെ അടുക്കൽ നിൽക്കുകയും ചെയ്തു. മോശ ജനത്തിനു ചെയ്യുന്നതെല്ലാം അവന്റെ അമ്മായിയപ്പൻ കണ്ടിട്ട് അവനോടു പറഞ്ഞത്: നീ ജനത്തിനു ചെയ്യുന്ന ഈ കാര്യം എന്ത്? നീ മാത്രം ഇരിക്കുകയും രാവിലെ മുതൽ സന്ധ്യ വരെ ജനമെല്ലാം നിന്റെ അടുക്കൽ നിൽക്കുന്നതും എന്തിന്? മോശ തന്റെ അമ്മായിയപ്പനോടു പറഞ്ഞത്: ദൈവത്തിന്റെ അരുളപ്പാടു ചോദിപ്പാൻ ജനം എന്റെ അടുക്കൽ വരുന്നു. അവർക്ക് എന്തെങ്കിലും കാര്യം ഉള്ളപ്പോൾ അവർ എന്റെ അടുക്കൽ വരികയും ഞാൻ അവർക്കു തമ്മിൽ ന്യായത്തീർപ്പു നടത്തുകയും ദൈവത്തിന്റെ കല്പനകളും ചട്ടങ്ങളും അവരെ അറിയിക്കുകയും ചെയ്യുന്നു. മോശയുടെ അമ്മായിയപ്പൻ അവനോടു പറഞ്ഞു: നീ ഈ ചെയ്യുന്ന കാര്യം നന്നല്ല. തീർച്ചയായും നീയും നിന്നോടു കൂടെയുള്ള ജനവും തളർന്നു പോകും. എന്തെന്നാൽ ഈ കാര്യം നിനക്കു കഠിനമാണ്; തനിച്ച് അതു ചെയ്യുവാൻ നിനക്കു കഴിയുകയില്ല. ഇപ്പോൾ എന്റെ വാക്കു കേൾക്കുക; ഞാൻ നിനക്കു ആലോചന തരാം; ദൈവം നിന്നോടുകൂടെ ഇരിക്കട്ടെ. നീ ജനത്തിന് ദൈവത്തിൽ നിന്നുള്ള ഉപദേശകൻ ആയിരിക്കുക. അവരുടെ കാര്യം ദൈവമുമ്പിൽ കൊണ്ടുചെല്ലുക. കല്പനകളും ചട്ടങ്ങളും പാലിക്കുവാൻ നീ അവരെ സൂക്ഷ്മതപ്പെടുത്തുകയും അവർ പോകേണ്ട വഴിയും ചെയ്യേണ്ട പ്രവർത്തികളും അവർക്കു കാണിച്ചുകൊടുക്കുകയും ചെയ്യുക.

ദൈവത്തെ ഭയപ്പെടുന്ന ഭക്തന്മാരും സത്യസന്ധരും കൈക്കൂലിയും വഞ്ചനയും വെറുക്കുന്നവരുമായ പുരുഷന്മാരെ നീ കണ്ടുപിടിച്ച് അവരെ ആയിരങ്ങൾക്ക് അധിപതിമാരും, നൂറുപേർക്ക് അധിപതിമാരും, അമ്പതു പേർക്ക് അധിപതിമാരും ആയി നിയമിക്കുക. അവർ എപ്പോഴും അവർക്ക് ന്യായാധിപന്മാരായിരിക്കട്ടെ. വലിയ കാര്യങ്ങൾ ഉണ്ടാകുമ്പോൾ അവർ നിന്റെ അടുക്കൽ വരട്ടെ. ചെറിയ കാര്യങ്ങൾക്ക് അവർ തീർപ്പു കല്പിക്കട്ടെ. അവർ നിന്നോടു കൂടെ ഭാരം വഹിച്ചു നിന്റെ ഭാരം കുറയ്ക്കുമല്ലോ. നീ ഈ കാര്യം ചെയ്യുകയും, ദൈവം അങ്ങനെ കല്പിക്കുകയും ചെയ്യുമെങ്കിൽ, നിനക്കു സഹിച്ചു നിൽക്കുവാൻ കഴിയും; ഈ ജനത്തിനു സമാധാനത്തോടെ തങ്ങളുടെ വീടുകളിൽ പോകുകയും ചെയ്യാം. മോശ തന്റെ അമ്മായിയപ്പന്റെ വാക്കു കേട്ട് അവൻ പറഞ്ഞതുപോലെയെല്ലാം ചെയ്തു.

ഇസ്രായേലിൽ നിന്നെല്ലാം മോശ ഭക്തന്മാരായ ആളുകളെ തെരഞ്ഞെടുത്ത് അവരെ ആയിരംപേർക്ക് അധിപതിമാരായും നൂറുപേർക്ക് അധിപതിമാരായും അമ്പതുപേർക്ക് അധിപതിമാരായും ജനത്തിന്മേൽ നിയമിച്ചു. അവർ എല്ലായ്പ്പോഴും ജനത്തിനു ന്യായപാലനം നടത്തി. ഗൗരവകാര്യങ്ങൾ അവർ മോശയുടെ അടുത്തു കൊണ്ടുവരികയും ചെറിയ കാര്യങ്ങളിൽ അവർ തീർപ്പു കല്പ്പിക്കുകയും ചെയ്തുവന്നു....”

**(പുറപ്പാട് 18:13-24, പ്ശീത്താ)**